# യേശുവിന്റെ മഹത്തായ നാമം



ആശിഷ് റായ്ച്ചൂർ

**സൗജന്യ വിതരണത്തിന് മാത്രം**
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ, ഇന്ത്യ.
നിലവിലെ പതിപ്പ്: 2025

**ബന്ധപ്പെടുവാനുള്ള വിവരങ്ങൾ**
All Peoples Church & World Outreach,
#319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ:+91-80-25452617
ഇമെയിൽ: **bookrequest@apcwo.org**
വെബ്സൈറ്റ്: **apcwo.org**

സൂചന നൽകിയിരിക്കുന്നവയൊഴിച്ച് മറ്റെല്ലാ തിരുവെഴുത്ത് ഉദ്ധരണികളും വിശുദ്ധ ബൈബിളിൽ നിന്നും—ബി.എസ്.ഐ-മലയാളം-ഒ.വി. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ (BSI) പ്രസിദ്ധീകരണം-എടുത്തിട്ടുള്ളതാകുന്നു. അനുമതി പ്രകാരം ഉപയോഗിച്ചിരിക്കുന്നു. എല്ലാ അവകാശങ്ങളും നിക്ഷിപ്തം.

**സാമ്പത്തിക പങ്കാളിത്തം**
ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണം നിങ്ങൾക്ക് ഗുണപ്രദമായെങ്കിൽ, ഓൾ പീപ്പിൾസ് ചർച്ചിൽ നിന്നുള്ള സൗജന്യ പ്രസിദ്ധീകരണങ്ങളുടെ അച്ചടിയെയും വിതരണത്തെയും സാമ്പത്തികമായി സഹായിക്കുന്നതിന് ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങളുടെ സംഭാവന നൽകുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്കായി ദയവായി **apcwo.org/give** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ഈ പുസ്തകത്തിന്റെ പിൻഭാഗത്തുള്ള "പാർട്ണർ വിത്ത് ഓൾ പീപ്പിൾസ് ചർച്ച്" എന്ന പേജ് കാണുകയോ ചെയ്യുക. നന്ദി!

**സൗജന്യ വിവരശേഖരങ്ങളും അനുബന്ധ വെബ്സൈറ്റുകളും**
**പ്രഭാഷണങ്ങൾ:** apcwo.org/sermons | **പുസ്തകങ്ങൾ:** apcwo.org/books
**ചർച്ച് ആപ്പ്:** apcwo.org/app | **ബൈബിൾ കോളേജ്:** apcbiblecollege.org
**ഇ-ലേണിംഗ്:** apcbiblecollege.org/elearn | **കൗൺസെലിംഗ്:** chrysalislife.org
**സംഗീതം:** apcmusic.org | **ശുശ്രൂഷകരുടെ കൂട്ടായ്മ:** pamfi.org |
**എപിസി വേൾഡ് മിഷനുകൾ:** apcworldmissions.org

(Malayalam—The Mighty Name of Jesus)

# യേശുവിന്റെ മഹത്തായ നാമം

*വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞുംകൊണ്ടിരിപ്പിൻ.*

*കൊലൊസ്സ്യർ 3:17*

# ഉള്ളടക്കം

ആമുഖം
1. എല്ലാ നാമത്തിനും മേലായ നാമം 1
2. നാമത്തിനു പിന്നിലുള്ള വ്യക്തി 7
3. പഴയനിയമം വെളിപ്പെടുത്തിയ ദൈവത്തിന്റെ വിവിധ നാമങ്ങൾ 17
4. എന്റെ പിതാവിന്റെ നാമത്തിൽ 32
5. യേശുവിന്റെ നാമം ഉപയോഗിക്കാൻ ഉള്ള അവകാശം 40
6. യേശുവിന്റെ നാമത്തിൽ പരിശുദ്ധാത്മാവാകുന്ന ദൈവം ഇവിടെ ഉണ്ട് 46
7. നാം യേശുവിന്റെ നാമം ഉപയോഗിക്കുമ്പോൾ എന്ത് സംഭവിക്കുന്നു 49
8. യേശുവിന്റെ നാമത്തിൽ വിശ്വസിക്കുക 55
9. യേശുവിന്റെ നാമത്തിൽ 59
10. യേശുവിന്റെ നാമത്തിലുള്ള ക്ഷമ 63
11. യേശുവിന്റെ നാമത്തിലുള്ള രക്ഷ 65
12. യേശുവിന്റെ നാമത്തിൽ നിത്യജീവൻ 67
13. യേശുവിന്റെ നാമത്തിൽ കഴുകപ്പെട്ടും വിശുദ്ധീകരിക്കപ്പെട്ടും നീതീകരിക്കപ്പെട്ടുമിരിക്കുന്നു 69
14. യേശുവിന്റെ നാമത്തിൽ സ്നാനമേറ്റു 71
15. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക 74
16. യേശുവിന്റെ നാമത്തിൽ നന്ദി അർപ്പിക്കുകയും ആരാധിക്കുകയും ചെയ്യുക 76

17. എന്തു ചെയ്താലും സകലവും
യേശുവിന്റെ നാമത്തിൽ ചെയ്യുക 78
18. യേശുവിന്റെ നാമത്തിൽ നാം കൂടിവരുന്നു 81
19. യേശുവിന്റെ നാമത്തിൽ മറ്റുള്ളവരെ കൈക്കൊള്ളുക,
ബഹുമാനിക്കുക, അനുഗ്രഹിക്കുക 83
20. യേശുവിന്റെ നാമത്തിൽ പ്രസംഗിക്കുക,
പഠിപ്പിക്കുക, ശുശ്രൂഷിക്കുക 86
21. യേശുവിന്റെ നാമത്തിലുള്ള സൗഖ്യം 89
22. യേശുവിന്റെ നാമത്തിൽ
അത്ഭുതങ്ങൾ പ്രവർത്തിക്കുക 91
23. യേശുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുക 93
24. യേശുവിന്റെ നാമത്തിൽ
മഹത്തായ പ്രവൃത്തികൾ ചെയ്യുക 96
25. യേശുവിന്റെ നാമത്തിന്റെ
അനധികൃതമായ ഉപയോഗം 99
26. യേശുവിന്റെ നാമത്തിനുവേണ്ടി ഉപദ്രവമേറ്റു 101
27. യേശുവിന്റെ നാമം നിമിത്തമുള്ള ത്യാഗം 103
28. നാം യേശുവിന്റെ നാമം വഹിക്കുന്നു 105
29. യേശുവിന്റെ നാമത്തിൽ ഉത്ബോധിപ്പിക്കുക 107
30. യേശുവിന്റെ നാമം എന്നേക്കും നിലനിൽക്കുന്നു 110

# ആമുഖം

യേശുവിന്റെ മഹത്തായ നാമം വിളിച്ചപേക്ഷിക്കാനും സംസാരിക്കാനും ഉപയോഗിക്കാനും ഉള്ള അത്ഭുതകരമായ പദവി ഓരോ വിശ്വാസിക്കും ലഭിച്ചിട്ടുണ്ട്. യേശുവിന്റെ ശിഷ്യന്മാരും ആദ്യകാല സഭയിലെ വിശ്വാസികളും യേശുവിന്റെ നാമത്തിന്റെ ഉപയോഗത്തിലൂടെ തങ്ങൾക്കുള്ള അധികാരം മനസ്സിലാക്കുകയും അവർ അതിൽ നടക്കുകയും ചെയ്തു.

യേശുവിന്റെ നാമത്തിന്റെ ശക്തി വീണ്ടും കണ്ടെത്താൻ വിശ്വാസിയെ സഹായിക്കാനും ദൈനംദിന ജീവിതത്തിൽ ആ നാമത്തിന്റെ ശക്തിയിൽ എങ്ങനെ നടക്കാമെന്ന് പഠിപ്പിക്കാനും ഈ പുസ്തകം ശ്രമിക്കുന്നു. യേശുവിന്റെ നാമത്തിന്റെ ശക്തിയിൽ നടക്കാൻ പഠിക്കുമ്പോൾ നമുക്ക് അധികാരത്തിലും ആധിപത്യത്തിലും പൂർണ്ണ സമാധാനത്തിലും ദൈവത്തിന്റെ എല്ലാ കരുതലുകളിലും നടക്കാം.

*യേശു! നമ്മുടെ ഭയത്തെ അകറ്റുന്ന നാമം,*
*നമ്മുടെ ദുഃഖങ്ങൾ പുറത്താക്കുന്ന നാമം;*
*'പാപിയുടെ ചെവിയിൽ സംഗീതമായ ആ നാമം,*
*'ജീവിതവും ആരോഗ്യവും സമാധാനവുമാണ് ആ നാമം.*

(1739-ൽ ചാൾസ് വെസ്ലി എഴുതിയ *"ഓ ഫോർ എ തൗസൻഡ് ടങ്സ് റ്റു സിങ്"* എന്ന ഗാനത്തിൽ നിന്ന്)

വിശ്വാസികളെന്ന നിലയിൽ നാം ജീവിതത്തിൽ വ്യക്തിപരമായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നു. ജീവിത സാഹചര്യങ്ങൾ, സ്വയം അവതരിപ്പിക്കുന്ന ആവശ്യങ്ങൾ, ഉയർന്നുവരുന്ന കൊടുങ്കാറ്റുകൾ, നമ്മുടെ വഴിയിലെ പർവതങ്ങൾ, നമ്മിലേക്ക് വരുന്ന രോഗങ്ങളും വ്യാധികളും, അല്ലെങ്കിൽ ശത്രു നമുക്കെതിരെ ശ്രമിക്കുന്ന കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടതാണെങ്കിലും, നമ്മിൽ നിക്ഷിപ്തമായ അധികാരത്തിലൂടെ നമുക്ക് എഴുന്നേറ്റ് ഇവയിൽ ആധിപത്യം സ്ഥാപിക്കാൻ കഴിയുമെന്ന് നാം അറിഞ്ഞിരിക്കണം. യേശുവിന്റെ നാമം ഉപയോഗിക്കുന്നതിലൂടെ ഈ അധികാരം നമ്മുടേതാണെന്ന് നാം അറിഞ്ഞിരിക്കണം.

നമ്മുടെ ചുറ്റുമുള്ളവരെ ശുശ്രൂഷിക്കുമ്പോൾ, യേശുവിന്റെ നാമത്തിൽ നാം അത് ധൈര്യത്തോടെ ചെയ്യണം. അവന്റെ പ്രവൃത്തികൾ ചെയ്യാനും അവനെ പൂർണ്ണമായി പ്രതിനിധീകരിക്കാനും തന്റെ നാമം ഉപയോഗിക്കാൻ കർത്താവായ യേശു നമുക്ക് അധികാരം നൽകിയിട്ടുണ്ട്.

ഈ സുപ്രധാന സത്യത്തിന്റെ "ഉപരിതലത്തിലുള്ള ചൊറിച്ചിൽ" മാത്രമാണ് സഭ നടത്തുന്നതെന്ന് തോന്നുന്നു. യേശുവിന്റെ നാമത്തിൽ നമ്മുടെ പദവികളും അധികാരവും കണ്ടെത്തുകയും ദൈനംദിന ജീവിതത്തിൽ മുമ്പെങ്ങുമില്ലാത്തവിധം അതിന്റെ പ്രകടനത്തിൽ നടക്കുകയും ചെയ്യുന്ന വിശ്വാസികളുടെ ഒരു തലമുറയായിരിക്കട്ടെ നാം.നമുക്ക് മുമ്പുള്ള തലമുറകളേക്കാൾ യേശുവിന്റെ ശക്തിയേറിയ നാമത്തിൽ നമുക്ക് ലഭ്യമായതെല്ലാം പ്രദർശിപ്പിക്കുന്നതിൽ നമുക്ക് കൂടുതൽ മുന്നോട്ട് പോകാം.

**യേശുവിന്റെ മഹത്തായ നാമത്തെക്കുറിച്ചുള്ള ഈ പഠനം നിങ്ങളുടെ ജീവിതത്തെ സമ്പന്നമാക്കട്ടെ, അങ്ങനെ നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽ ആ നാമത്തിന്റെ ശക്തിയിൽ നിങ്ങൾ നടക്കട്ടെ! യേശുക്രിസ്തുവുമായുള്ള ഒരു കൂടിക്കാഴ്ചയിലൂടെ അനേകരെ അനുഗ്രഹിക്കാൻ ഇത് നിങ്ങളെ പ്രേരിപ്പിക്കട്ടെ!**

ദൈവം അനുഗ്രഹിക്കട്ടെ!
ആശിഷ് റായ്ച്ചൂർ

## 1

# എല്ലാ നാമത്തിനും മേലായ നാമം

ഒരു രാജകീയ കുടുംബത്തിൽ ഒരു ശിശു ജനിച്ചു എന്ന് വിചാരിക്കുക. അപ്പോൾ ശിശുവിന് ഒരു പേര് നൽകപ്പെടും. അതേ പേരുള്ള മറ്റുള്ള പലരും ഉണ്ടായേക്കാമെങ്കിലും, ആ പേരിലൂടെയാണ് ഈ കുഞ്ഞിനെ വ്യത്യസ്തമായി തിരിച്ചറിയുന്നത്. അതുകൂടാതെ രാജകുടുംബത്തിൽ ജനിക്കുന്ന ഈ ശിശു രാജകീയതയും, രാജസിംഹാസനവും രാജകുടുംബവും പ്രതിനിധീകരിക്കുന്ന എല്ലാറ്റിനും അവകാശി ആയി തീരുന്നു. രാജകീയത അവകാശമായി കിട്ടിയ ശിശുവിന് ഒരു രാജകീയ പദവി നൽകപ്പെടും.ആ രാജ്യത്തിലെ എല്ലാ വിഭവങ്ങളും, സ്വാധീനവും, ശക്തിയും ആ നാമത്തിനു ആധാരം ആയിരിക്കും.കാലം കഴിയും തോറും ശിശു വളർന്നു മുതിർന്നവൻ ആകും. നമുക്ക് പറയാം ഈ വ്യക്തി വളർന്ന് ശ്രദ്ധേയമായ മികച്ച ജീവിതം നയിച്ചിട്ട്, വലിയ കാര്യങ്ങൾ നേടുന്നു, മഹത്തായ ബഹുമതി നേടുന്നു, ആ നേട്ടങ്ങൾക്കുള്ള കീർത്തിയും പ്രസിദ്ധിയും നേടുന്നു. ഇപ്പോൾ മഹത്വത്തിന്റെ മറ്റൊരു മാനം ഈ പേരിനു നൽകപ്പെടുന്നു. ആളുകൾ ഇപ്പോൾ ഈ പേര് തിരിച്ചറിയുകയും ബഹുമാനിക്കുകയും ചെയ്യുന്നത് അത് ആരെ അദ്വിതീയമായി തിരിച്ചറിയുന്നു എന്നതുകൊണ്ടോ അല്ലെങ്കിൽ ആ പേരുമായി ബന്ധപ്പെട്ട രാജ്യവും രാജഭരണവും കൊണ്ടോ മാത്രമല്ല, ഒരുപക്ഷേ ആ പേരിന് പിന്നിലുള്ള വ്യക്തിയുടെ വലിപ്പം, മഹത്വം, നേട്ടങ്ങൾ എന്നിവ കാരണം ആണ്.

യേശുവിന്റെ നാമത്തെ സംബന്ധിച്ച ഈ മൂന്ന് വശങ്ങളും തിരുവെഴുത്തുകളിൽ കാണാം.

### ജനന സമയത്തു അവനു പിതാവ് നൽകിയ നാമം

**മത്തായി 1:21**

**അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു.**

"യേശു" എന്ന നാമം ദൈവം തിരഞ്ഞെടുത്തതും, അവിടുത്തെ അവതാര പുത്രനെ തിരിച്ചറിയാനായി നല്കിയതുമാണ്. നിത്യതയിലുള്ള വചനം മനുഷ്യരൂപം കൈക്കൊണ്ട് വചനമായി അവതരിച്ചു.

പിതാവ് അവന് ഒരു പേര് നൽകി—‘‘യേശു’’എന്ന പേര്. അത് ജനനസമയത്ത് പിതാവ് നൽകിയ പേരാണ്. ഇത് യോസേഫിനെ അറിയിക്കാൻ ദൈവം ഒരു ദൂതനെ അയച്ചു. അവന്റെ ജനനത്തിങ്കൽ പിതാവ് അവനു നൽകപ്പെട്ട നാമം ആയിരുന്നു അത്.

എബ്രായ വാക്കായ *'യെഹോവശുവാ'* എന്നതിന്റെ ഗ്രീക്ക് രൂപം ആണ് യേശു. അതിന്റെ അർഥം "രക്ഷകൻ" അല്ലെങ്കിൽ "രക്ഷയായ ദൈവം". അത് കൊണ്ട് നാം "യേശു" എന്ന നാമം പരാമർശിക്കുമ്പോൾ, രക്ഷ നൽകുന്ന നാമം നമ്മൾ പ്രഖ്യാപിക്കുന്നു.

മത്തായി 1:21 ൽ ഉള്ള "രക്ഷ" എന്ന വാക്ക് ഗ്രീക്ക് ക്രിയ ആയ *'സോസോ'* (അതിന്റെ കൂടെ നാമമായ *സോറ്റീരിയ,* "രക്ഷ"), ശാശ്വതമായ രക്ഷ, പാപമോചനം, പാപത്തിന്മേലുള്ള വിജയം, രോഗത്തിൽ നിന്നുള്ള സൗഖ്യം, സംഘട്ടനത്തിലെ വിജയം, ശത്രുവിന്റെ എല്ലാ പ്രവൃത്തികളിൽ നിന്നും മോചനം, ഉപദ്രവത്തിൽ നിന്നുള്ള മോചനം, അപകടത്തിൽ നിന്നുള്ള സംരക്ഷണം, സമ്പൂർണ്ണത എന്നിവ ഉൾപ്പെടുന്ന സമഗ്രമായ പദമാകുന്നു. അതിന്റെ അർത്ഥം "രക്ഷിക്കപ്പെടുക, സുഖപ്പെടുക, വിടുവിക്കപ്പെടുക, വിജയിക്കുക, രക്ഷിക്കപ്പെടുക, സംരക്ഷിക്കപ്പെടുക, പൂർണ്ണമാക്കുക."

പുതിയ നിയമത്തിൽ *'സോസോ'* പല വ്യത്യസ്ത രീതികളിൽ ഉപയോഗിച്ചിട്ടുണ്ട്.

ചില പരാമർശങ്ങൾ ഇവിടെയുണ്ട്.

- പാപത്തിൽ നിന്നുള്ള **രക്ഷ** (മത്തായി 1:21; എബ്രായർ 7:25)
- **നിത്യമായ രക്ഷ** (യോഹന്നാൻ 3:16-18; മർക്കോസ് 16:16; അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 4:12; റോമർ 10:9,10; എഫെസ്യർ 2:8)
- **സൗഖ്യം** (മത്തായി 9:22; മർക്കോസ് 6:56; മർക്കോസ് 10:52; യാക്കോബ് 5:15)
- പൈശാചിക ശക്തികളിൽ നിന്നുള്ള **വിടുതൽ** (ലൂക്കോസ് 8:36; യൂദാ 1:5, "വിടുതൽ" എന്ന വാക്ക് *'സോസോ'* ആകുന്നു)
- ആപത്തിൽ നിന്നുള്ള **രക്ഷ / സംരക്ഷണം** (മത്തായി 8:25; മത്തായി 14:30; മത്തായി 27:42; 2 തിമൊഥെയൊസ് 4:18, "രക്ഷ" എന്ന വാക്ക് *'സോസോ'* ആകുന്നു)
- ആത്മീയ സങ്കർഷത്തിൽ നിന്നും / അപകടത്തിൽ നിന്നുമുള്ള

**സുരക്ഷ** (യോഹന്നാൻ 12:27; 1 തിമൊഥെയൊസ് 4:16)
- അടിമത്തത്തിൽ നിന്നുള്ള **സ്വാതന്ത്ര്യം** (യൂദാ 1:5)

നമ്മൾ "യേശു" എന്ന നാമം പരാമർശിക്കുകയും അവനെ രക്ഷകൻ ആയി പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾ, നാം മനസിലാക്കണം അവൻ നമ്മളെ പാപത്തിൽ നിന്ന് രക്ഷിക്കുക മാത്രമല്ല ആ നാമത്തിൽ രക്ഷ, കരുതൽ, സംരക്ഷണം, രോഗശാന്തി, വിടുതൽ, വിജയം, സ്വാതന്ത്ര്യം, കൂടാതെ പൂർണ്ണത എന്നിവ ഉണ്ട്. ആ നാമത്തിൽ സമ്പൂർണ രക്ഷ ഉണ്ട്. യേശുവിന്റെ നാമം വിടുവിക്കുന്ന, കരുതുന്ന, സംരക്ഷിക്കുന്ന, സൗഖ്യം ആക്കുന്ന, വിടുവിക്കുന്ന, വിജയം കൊണ്ടുവരുന്ന, സ്വാതന്ത്ര്യം നൽകുന്ന, പൂർണമാക്കുന്ന!

## അവനു ആ നാമം അവകാശമായി ലഭിച്ചു

**എബ്രായർ 1:1-4**

**[1]ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട്**
**[2]ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിനും അവകാശിയാക്കി വച്ചു; അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി.**
**[3]അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്ത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരിക്കയും**
**[4]അവൻ ദൈവദൂതന്മാരെക്കാൾ വിശിഷ്ടമായ നാമത്തിന് അവകാശിയായതിന് ഒത്തവണ്ണം അവരെക്കാൾ ശ്രേഷ്ഠനായിത്തീരുകയും ചെയ്തു.**

ദൈവം എന്ന നിത്യമായ വചനം, അവൻ മുഖാന്തരം ലോകത്തെ ഉളവാക്കി, അവൻ സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും, വചനമായി അവതരിക്കാൻ തിരഞ്ഞെടുക്കുകയും ദൈവപുത്രനായി ജീവിക്കുകയും ചെയ്തു. ദൈവ പുത്രൻ എന്ന നിലയിൽ, ദൈവം നമ്മോട് സംസാരിക്കുക ആയിരുന്നു. അവൻ പിതാവിന്റെ മഹത്വത്തിന്റെ പ്രദർശനവും കൃത്യമായി പിതാവിനെ പ്രതിനിതീകരിക്കുന്നവനും ആയിരുന്നു. ദൈവ പുത്രൻ എന്ന നിലയിൽ അവൻ നമ്മുടെ പാപങ്ങളുടെയെല്ലാം മോചനം നൽകി, അവൻ ഉയർത്തു എഴുന്നേൽക്കപെട്ടും, പിതാവിന്റെ വലതു ഭാഗത്തു ഇരുന്ന്, എല്ലാ ദൂതന്മാരേക്കാളും വാഴ്ത്തപ്പെട്ടും ഇരിക്കുന്നു. ദൈവത്തിന്റെ പുത്രൻ സകലത്തിന്റെയും അവകാശി ആയി നിയമിക്കപ്പെട്ടു എന്നിട്ട് അവൻ, അവകാശത്തിലൂടെ, കൂടുതൽ വലിയതും, കൂടുതൽ അത്ഭുതകരവും, അനന്തമായ ശ്രേഷ്ഠവും, വളരെ ഉയർന്നതും

മറ്റേതിനെക്കാളും വലിയതുമായ നാമം ലഭിച്ചു. ദൂത ഗണങ്ങൾക്ക് അത്ഭുതകരമായ നാമം ആണ് ഉള്ളത് (ന്യായാധിപന്മാർ 13:18). പക്ഷെ ഈ നാമം, യേശുവിന്റെ നാമം അതിനെ എല്ലാം കവിയുന്നത് ആണ്.

നമ്മൾ നേരത്തെ സൂചിപ്പിച്ചതുപോലെ, ഒരു രാജ്യത്തിൻറെ അവകാശി രാജകീയത അവകാശം ആകുന്നു. ദൈവത്തിന്റെ രാജ്യത്തിലെ സകലവും യേശു എന്ന നാമത്തിനു അധിഷ്ഠിതമായാണ് നിൽക്കുന്നത്. ദൈവത്തിന്റെ സകലവും, അവന്റെ മഹിമ, മഹത്വം, ആധിപത്യം, കൂടാതെ ശക്തി യേശുവിന്റെ നാമത്തിനോട് ചേർന്നാണ് ഉള്ളത്. ഈ നാമം സ്വർഗ്ഗീയമായ രാജകീയത ആകുന്നു. ഈ നാമം ഏറ്റവും ഉയർന്ന രാജകീയതയെ പ്രതിനിതീകരിക്കുന്നു. അവിടെ ഒരു ഉന്നതനായ ശക്തിയോ, ഭരണാധികാരിയോ, രാജാവോ ഇല്ല. ഈ നാമം സകലത്തിന്റെയും അവകാശി ആയ ഒരുവന്റെ ആകുന്നു, ആ നാമം ഉള്ള ഒരുവൻ *"ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും"* (1 തിമൊഥെയൊസ് 6:15) ആകുന്നു. ഈ നാമം ഉള്ളവൻ *"മഹത്ത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു"* (എബ്രായർ 2:9). ഉയർന്ന സിംഹാസനവും സകലത്തെയും ഭരിക്കുന്ന രാജ്യത്വവും ഈ നാമത്തിനു പിന്നിൽ ആകുന്നു. *"യഹോവ തന്റെ സിംഹാസനത്തെ സ്വർഗത്തിൽ സ്ഥാപിച്ചിരിക്കുന്നു;അവന്റെ രാജത്വം സകലത്തെയും ഭരിക്കുന്നു"* (സങ്കീർത്തനങ്ങൾ 103:19).

## അവന്റെ പ്രവർത്തികളാൽ നലകപ്പെട്ട നാമം

**ഫിലിപ്പിയർ 2:5-11**

**5ക്രിസ്തുയേശുവിലുള്ള ഭാവംതന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.**

**6അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം**

**7എന്ന് വിചാരിക്കാതെ ദാസരൂപം എടുത്തു**

**8മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു.**

**9അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി;**

**10അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും മടങ്ങുകയും**

**11എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും.**

ഇത് വളരെ അഗാധം ആണ്, *"അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി"* (വാക്യം.9). യേശു അവന്റെ അവതാരം കൊണ്ടും, ഭൂമിയിലെ ജീവിതം കൊണ്ടും, മരണം കൊണ്ടും, പുനരുത്ഥാനം കൊണ്ടും *"ഏറ്റവും ഉയർത്തപ്പെട്ടു"*. അവൻ ലോകത്തിന്റെ മുഴുവൻ പാപങ്ങൾക്കു വേണ്ടി വില കൊടുത്തു. അവൻ വീഴ്ചയെ വിപരീതം ആക്കി, സാത്താനെയും അവന്റെ സകല പൈശാചിക ശക്തിയെയും നിരായുധീകരിക്കുകയും, തകർത്തും, നശിപ്പിച്ചും കൊണ്ട് വിജയകരമായി കല്ലറയിൽ നിന്ന് ഉയിർത്തെഴുനെൽകപെട്ടു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ (അധികാരം, ആധിപത്യം) അവന്റെ കൈവശം ഉണ്ട് (വെളിപ്പാട് 1:18).

*"ഏറ്റവും ഉയർത്തപ്പെട്ടു"* (ഗ്രീക്ക് ഹുപേരുപസ്സോ) എന്ന വാക്ക് "മറ്റുള്ളവരേക്കാൾ ഉയർത്തപ്പെടാൻ, ഏറ്റവും ഉയർന്ന സ്ഥാനത്തേക്ക് ഉയർത്തപ്പെടാൻ, ഏറ്റവും ഉയർന്ന പദവിയിലേക്കും അധികാരത്തിലേക്കും ഉയർത്തപ്പെടാൻ, പരമോന്നതമായ മഹത്വത്തിലേക്ക് ഉയർത്തപ്പെടാൻ" എന്നാണ അർഥം ആക്കുന്നത്. സ്വർഗ്ഗസ്ഥനായ പിതാവു *"അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കയും, സ്വർഗത്തിൽ തന്റെ വലത്തുഭാഗത്ത് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും, സർവവും അവന്റെ കാല്ക്കീഴാക്കി വച്ച് അവനെ സർവത്തിനും മീതെ തലയാക്കി"* (എഫെസ്യർ 1:20-22). സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും യേശുവിനു നല്കപ്പെട്ടിരിക്കുന്നു (മത്തായി 28:18). യേശു എന്ന നാമം അങ്ങനെ ഒന്നാണ്. അവൻ സകലത്തിലും മേലായതു കാരണമായതിനാലാണ് ഈ നാമം എല്ലാ നാമത്തിനും മേലെ ആയതു.

## എല്ലാ നാമങ്ങൾക്കും മേലായ നാമം

**ഫിലിപ്പിയർ 2:9-11**

**9അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി,**

**10അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും മടങ്ങുകയും**

**11എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും.**

പിതാവായ ദൈവം നിശ്ചയിച്ചതും, വിധിച്ചതും, പ്രഖ്യാപിച്ചതും എന്തെന്നാൽ യേശു എന്ന നാമം പരാമർശിക്കുമ്പോൾ, മൂന്നു മണ്ഡലങ്ങളിലെയും എല്ലാ മുഴങ്കാലുകളും മടങ്ങണം. സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും അവനു കീഴടങ്ങും, അവനെ ബഹുമാനിക്കും, എല്ലാ നാവും അവന്റെ കർതൃത്വം അംഗീകരിച്ചു അവനെ രാജാവായി തിരിച്ചറികയും ചെയ്യും.

യേശുവിന്റെ നാമം സകല നാമത്തിലും മേലായ നാമം ആകുന്നു. അവന്റെ നാമം *"സകല നാമത്തിനും മേലായ നാമം"* (വാക്യം. 9, റ്റി പി റ്റി).

**പ്രതിഫലനം**

1) അവതാരമായ വചനം, ദൈവപുത്രന് "യേശു" എന്ന നാമം നൽകപ്പെട്ടത് ...
   എ) ജനനത്തിൽ
   ബി) അവനു അവകാശമായി ലഭിച്ചു.
   സി) അവന്റെ പ്രവർത്തിയാൽ ആ നാമം ലഭിച്ചത്.

ഈ മൂന്ന് വശങ്ങളുടെയും പ്രാധാന്യം ചർച്ച ചെയ്ത് ഈ നാമം എങ്ങനെ എല്ലാ നാമത്തെക്കാളും ശ്രേഷ്ഠം ആയി എന്ന് മനസിലാക്കുക.

## 2
# നാമത്തിന്ന പിന്നിലുള്ള വ്യക്തി

ഒരു നാമത്തിന്റെ വലിപ്പം നാം തിരിച്ചറിയുന്നത് ആ നാമത്തിന്ന പിന്നിൽ ഉള്ള വ്യക്തിയുടെ മഹത്വത്തിൽ ആയിരിക്കും. ഒരു പേരിന് മഹത്വം നൽകുന്നത് പേരിന്ന ആധാരമായ വ്യക്തിയാണ്. നാം എപ്പോൾ ആ നാമത്തിന്റെ പുറകിലുള്ള വ്യക്തിയുടെ മഹത്വം തിരിച്ചറിയുന്നുവോ, അപ്പോൾ നാം ആ നാമത്തിന്റെ മഹനീയത തിരിച്ചറിയും. നിങ്ങൾ എപ്പോൾ യേശു ക്രിസ്തു എന്ന വ്യക്തിയെ അറിയുന്നോ, അപ്പോൾ നിങ്ങൾക്ക് അവന്റെ നാമത്തിൽ ഉറപ്പ് ഉണ്ടാകും.

ഈ അധ്യായത്തിൽ, നാം യേശുക്രിസ്തുവിന്റെ, പേരിന്ന പിന്നിലെ വ്യക്തിയുടെ, മഹത്വത്തെക്കുറിച്ച് ചിന്തിക്കുന്നു. ഇത് യേശു ആരാണെന്ന് ഉള്ള പൂർണമായ രചന അല്ല മറിച്ച നമ്മൾ പഠിക്കുന്ന വ്യക്തിയുടെ നാമത്തെ കുറിച്ചുള്ള ഹ്രസ്വമായ സംഗ്രഹത്തിന്റെ ഓർമപ്പെടുത്തൽ ആകുന്നു. "യേശു" എന്ന നാമത്തിന്ന പിന്നിലുള്ള വ്യക്തിയുടെ മഹത്വത്തെ കുറിച്ച് അധികമായി ചിന്തിക്കുവാൻ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

യേശു എന്ന നാമം മഹത്തായത് അത് പ്രതിനിധീകരിക്കുന്ന വ്യക്തിയായ യേശു കാരണമാണ്—അവൻ ആരാകുന്നു, അവൻ എന്ത് നിവർത്തിച്ചു, അവൻ ഇനി വരുവാൻ ഉള്ള സമയങ്ങളിൽ എന്ത് നിവർത്തിക്കാൻ പോകുന്നു എന്നുള്ളത് ആകുന്നു.

**യഹോവ**—പിതാവും പുത്രനും പരിശുദ്ധാത്മാവും അടങ്ങുന്ന ഏകദൈവം-"യേശു" എന്ന നാമം ആ ഏകദൈവത്തിലുള്ള ഒരാളുടെ നാമമാണ്. അവനെ "ശക്തനായ ദൈവം *(എൽ ഗിബ്ബോർ),*" "നിത്യ പിതാവ് " (യെശയ്യാവ് 9:6) എന്നും വിളിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവിലും പരിശുദ്ധാത്മാവിലും അവൻ ഒരുവനും സമനും ആകുന്നു (1 യോഹന്നാൻ 5:7). അവൻ പൂർണമായി ദൈവത്വത്തെ പ്രതിനിതീകരിക്കുന്നു (കൊലൊസ്സ്യർ 1:19; കൊലൊസ്സ്യർ 2:9).

അവൻ സ്വർഗ്ഗസ്ഥനായ പിതാവും പരിശുദ്ധാത്മാവും ആകുന്നത് പോലെ യഹോവ ആകുന്നു (യോഹന്നാൻ 1:1-3; യോഹന്നാൻ 20:28; റോമർ 9:5; 1 തിമൊഥെയൊസ് 3:16; തീത്തൊസിന് 1:3,4; എബ്രായർ 1:8). അവൻ വലിയവനായ ഞാൻ ആകുന്നു (യോഹന്നാൻ 8:58); അവൻ ദൈവം നമ്മോടു കൂടെ എന്നുള്ള ഇമ്മാനുവേൽ ആകുന്നു. (യെശയ്യാവ് 7:14; മത്തായി 1:23) യേശു എന്ന നാമത്തെ വിളിക്കുന്നത് യഹോവയായ ദൈവത്തെ വിളിക്കുന്നത് ആകുന്നു, ശാശ്വതമായ, സ്വയം നിലനിൽക്കുന്ന, ഉടമ്പടി പാലിക്കുന്ന മാറ്റമില്ലാത്ത ദൈവം.

---

യേശു എന്ന
നാമത്തെ വിളിക്കുന്നത്
യഹോവ എന്ന നാമത്തെ വിളിക്കുന്നത് ആകുന്നു,
നിത്യമായ,
സ്വയം നിലനിൽക്കുന്ന,
ഉടമ്പടി പാലിക്കുന്ന
മാറ്റമില്ലാത്ത ദൈവം.

---

**നിത്യമായ വചനം**—"യേശു" എന്ന നാമം തന്നെയാണ് ദൈവവത്തോടു കൂടെ ഇരുന്ന ദൈവം ആകുന്ന നാമമായ വചനം (യോഹന്നാൻ 1:1,2). അവൻ എന്നേക്കും ദൈവ വചനം ആകുന്നു (വെളിപ്പാട് 19:13). ഈ ലോകത്തിൽ ഉള്ള ദൃശ്യമായതും അദൃശ്യമായതുമായ സകലവും അവനാൽ, അവനിലൂടെ, അവനുവേണ്ടി സൃഷ്ടിക്കപ്പെട്ടു (യോഹന്നാൻ 1:3; എഫെസ്യർ 3:9; കൊലൊസ്സ്യർ 1:16). എല്ലാറ്റിന്റെയും തുടക്കം, ഉത്ഭവം, ഉറവിടം അവനിൽ നിന്നും, അവൻ വഴിയും, അവനാലും ഉണ്ടായതാണ് (വെളിപ്പാട് 3:14). അവൻ സകലത്തിനും മുമ്പേ ഉണ്ടായിരുന്നവനും, താങ്ങുന്നവനും, സംരക്ഷകനും, നിയന്ത്രിക്കുന്നവനും, പൂർത്തീകരിക്കുന്നവനും ആകുന്നു (കൊലൊസ്സ്യർ 1:17; എബ്രായർ 1:3). യേശു എന്ന നാമത്തിൽ ദൃശ്യമായതും അദൃശ്യമായതും (സ്വാഭാവികം, ആത്മീയം) ആയ സകലവും സൃഷിക്കുവാനും, ഉയർത്തുവാനും, നിലനിർത്തുവാനും, ക്രമപ്പെടുത്തുവാനും, നിയന്ത്രിക്കുവാനും, കല്പിക്കുവാനും ഉള്ള ശക്തി ഉണ്ട്.

**ദൈവത്തിന്റെ പുത്രൻ**—"യേശു" എന്ന നാമം ദൈവം മനുഷ്യൻ ആയി ഭൂമിയിൽ ദൈവ പുത്രനായി നടന്നവന്റെ നാമം ആകുന്നു. ഇത് പോലെ ഉള്ള ഒരു വ്യക്തി ഇത് വരെ ഉണ്ടായിട്ടും ഇല്ല, ഇനി

ഉണ്ടാകുകയും ഇല്ല. അവൻ നമുക്കായി വെളിപ്പെടുത്തിയ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപമാണ് (2 കൊരിന്ത്യർ 4:4; കൊലൊസ്സ്യർ 1:15; എബ്രായർ 1:3). നമുക്ക് കാണുവാൻ വേണ്ടി അവൻ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മഹത്വത്തിന്റെ പ്രതീകം ആകുന്നു (യോഹന്നാൻ 1:14; എബ്രായർ 1:3). അവൻ സ്വർഗ്ഗസ്ഥനായ പിതാവിൽ ഒരുവൻ ആകുന്നു എന്തുകൊണ്ടെന്നാൽ നമ്മൾ അവനെ കാണുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനെയും കാണും (യോഹന്നാൻ 10:30; യോഹന്നാൻ 14:7,9). അവൻ സ്വർഗ്ഗസ്ഥനായ പിതാവിന്റെ വചനം സംസാരിച്ചു, പ്രവർത്തിച്ചു, ഇഷ്ടം നിവർത്തിച്ചു (എബ്രായർ 10:7). അവൻ ദൈവ രാജ്യം ഭൂമിയിൽ കൊണ്ട് വന്നു (മത്തായി 4:17). അവൻ സകലത്തിലും അവകാശിയും സകലവും അവകാശമായി ലഭിച്ചവനും ആകുന്നു (എബ്രായർ 1:2,8). പരിശുദ്ധാത്മവിന്റെ ശക്തിയാലും മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റും കൊണ്ടും അവൻ ദൈവപുത്രൻ എന്ന് കാണിച്ചു തന്നു (റോമർ 1:4). അവനിൽ ഉള്ള പൂർണ്ണതയിൽ നിന്ന്, അവൻ നമ്മിൽ അളവറ്റ കൃപ ചൊരിഞ്ഞു (യോഹന്നാൻ 1:16; റോമർ 5:17). യേശുവിന്റെ നാമം പരാമർശിക്കപ്പെടുമ്പോൾ അത് മുഖാന്തരം സ്വർഗ്ഗസ്ഥനായ പിതാവിന്റെ മഹത്വം വെളിപ്പെടും, ഹിതം വെളിപ്പെടും, ഭൂമിയിലേക്ക് നമുക്ക് വേണ്ടി സ്വർഗ്ഗം അയക്കപെടും.

**ദൈവത്തിന്റെ കുഞ്ഞാട്**—"യേശു" എന്ന നാമം പാപമില്ലാത്ത, കളങ്കമില്ലാത്ത, പൂർണ്ണമായ, ലോകത്തിന്റെ പാപത്തെ നീക്കിയ ദൈവത്തിന്റെ കുഞ്ഞാട് ആകുന്നു (യോഹന്നാൻ 1:29; വെളിപ്പാട് 5:6). അവൻ ലോക സ്ഥാപനം മുൻപേ അറുക്കപെട്ട ദൈവത്തിന്റെ കുഞ്ഞാടാകുന്നു (1 പത്രൊസ് 1:18-20; വെളിപ്പാട് 13:8). അവൻ നമ്മെ പോലെ എല്ലാ വിധത്തിലും പരീക്ഷിക്കപെട്ടു, എന്നിട്ടും അവൻ പാപം ഇല്ലാത്തവൻ ആയിരുന്നു (എബ്രായർ 4:15). അവന്റെ രക്തം വിശുദ്ധവും, പാപം ഇല്ലാത്തതും, ശുദ്ധവും ആകുന്നു. അവന്റെ രക്തം നമ്മുടെ വീണ്ടെടുപ്പിനു വേണ്ടി അതിവിശുദ്ധമായ സ്വർഗത്തിൽ ദൈവ മുൻപാകെ അർപ്പിക്കപ്പെട്ടതാകുന്നു (എബ്രായർ 9:11,12). അവൻ നമ്മെ സ്വന്ത രക്തത്താൽ വില കൊടുത്തു വാങ്ങുകയും വീണ്ടെടുക്കുകയും ചെയ്തിട്ട് നമ്മെ ദൈവത്തിന് രാജാക്കന്മാരും പുരോഹിതന്മാരും ആക്കുകയും ചെയ്തു (എഫെസ്യർ 1:7; കൊലൊസ്സ്യർ 1:13,14; 1 പത്രൊസ് 1:18; 1 കൊരിന്ത്യർ 6:20; വെളിപ്പാട് 1:5,6). തന്റെ രക്തം കൊണ്ട് നമ്മെ മൂടുകയും സംരക്ഷിക്കുകയും നമ്മെ പീഡകന്റെ കയ്യിൽ നിന്ന് വിടുവിക്കുകയും ചെയ്യുന്ന പെസഹാ കുഞ്ഞാട് അവൻ ആകുന്നു

(1 കൊരിന്ത്യർ 5:7). ദൈവത്തിന്റെ കുഞ്ഞാടിന്റെ രക്തം നമുക്ക് വേണ്ടി ചെയ്തത് പ്രഖ്യാപിക്കുമ്പോളാണ് നാം സാത്താനെയും എല്ലാ പൈശാചിക ശക്തികളെയും മറികടക്കുന്നത് (വെളിപ്പാട് 12:11). അവൻ എന്നേക്കും സിംഹാസനസ്ഥനായ ദൈവത്തിന്റെ കുഞ്ഞാടായിരിക്കും (വെളിപ്പാട് 22:3). യേശുവിന്റെ നാമത്തിൽ നമ്മുടെ പാപങ്ങൾ മോചിക്കപെട്ടു. നാം യേശുവിന്റെ നാമത്തിൽ കഴുകപെട്ട്, വിശുദ്ധീകരിക്കപ്പെട്ട്, നീതീകരിക്കപ്പെട്ടിരിക്കുന്നു. യേശുവിന്റെ നാമത്തിൽ, നമ്മൾ പൂർണ്ണമായി വീണ്ടെടുക്കപ്പെട്ടിരിക്കുന്നു, സാത്താന് നമ്മിൽ യാതൊരു അവകാശമോ സ്ഥാനമോ ഇല്ല.

**മിശിഹാ, അഭിഷിക്തൻ ആയവൻ**—"യേശു" എന്ന നാമം മിശിഹായുടെ, ക്രിസ്തുവിന്റെ, പരിശുദ്ധ അഭിഷിക്തൻ ആയവന്റെ നാമം ആകുന്നു (ദാനീയേൽ 9:25; സങ്കീർത്തനങ്ങൾ 2:2,7; മത്തായി 16:16,17; യോഹന്നാൻ 4:25,26). യെശയ്യാവ് പ്രവചിച്ച ദാസൻ അവൻ ആകുന്നു (യെശയ്യാവ് 42:1; യെശയ്യാവ് 49:6; യെശയ്യാവ് 52:13; യെശയ്യാവ് 53:11; മത്തായി 12:18). അഭിഷിക്തൻ ആയവനും അവന്റെ അഭിഷേകവും പൈശാചിക അടിച്ചമർത്തലുകൾ മൂലമുള്ള എല്ലാ ഭാരവും നീക്കുകയും സാത്താന്റെ എല്ലാ നുകങ്ങളെയും തകർക്കുകയും ചെയ്യും (യെശയ്യാവ് 10:27). യേശുവിന്റെ നാമത്തിൽ, എല്ലാ പൈശാചിക ശക്തികളെയും നീക്കുകയും സാത്താന്റെ എല്ലാ നുകങ്ങളെയും നശിപ്പിക്കുകയും ചെയ്യും.

**ലോകത്തിന്റെ വെളിച്ചം**—"യേശു" എന്ന നാമം സത്യവെളിച്ചം ആയവന്റെ നാമം ആകുന്നു (യോഹന്നാൻ 1:9). അവൻ ഉദയകിരണം, പ്രഭാത വെളിച്ചവും ആകുന്നു (ലൂക്കോസ് 1:78), ശോഭയുള്ള പ്രഭാത നക്ഷത്രം (2 പത്രൊസ് 1:19; വെളിപ്പാട് 2:28; വെളിപ്പാട് 22:16). അവൻ ലോകത്തിന്റെ വെളിച്ചം ആകുന്നു (യോഹന്നാൻ 8:12). അവന്റെ വെളിച്ചം ഇരുട്ടിലൂടെ കീറിമുറിച്ചു അന്ധകാരത്തെ അകറ്റുന്നു, പ്രതീക്ഷയില്ലായ്മ, നിരാശ, ഇരുട്ട് ഇതൊന്നും ഒരു വിധത്തിലും അവന്റെ വെളിച്ചം കുറയ്ക്കുവാനോ വെളിച്ചത്തിന്റെ മുൻപിൽ നിൽക്കുവാനോ കഴിയില്ല. യേശുവിന്റെ നാമത്തിൽ, അന്ധകാരത്തിന്റെ എല്ലാ പ്രവർത്തികളും, ഇരുട്ടിനാൽ രൂപപെടുത്തിയതോ രൂപപെട്ടതോ ആയ എല്ലാറ്റിനെയും നശിപ്പിക്കുകയും ചിതറിക്കുകയും ചെയ്യും. ആ ശക്തമായ നാമത്തിനു മുൻപിൽ ഇരുട്ട് അകന്നുപോകുന്നു.

**നല്ല ഇടയൻ**—"യേശു" എന്ന നാമം നല്ല ഇടയന്റെ നാമം ആകുന്നു (യോഹന്നാൻ 10:11), ആടുകളുടെ നല്ല വലിയ ഇടയൻ ആകുന്നു

(എബ്രായർ 13:20), നമ്മുടെ ആത്മാവിന്റെ ഇടയനും മേൽവിചാരകനും (1 പത്രൊസ് 2:25), മുഖ്യ ഇടയനും ആകുന്നു (1 പത്രൊസ് 5:4). അവൻ ആർദ്രമായി തന്റെ ആടുകളെ നയിക്കുന്നു, വഴികാട്ടുന്നു, പോഷിപ്പിക്കുന്നു, ആശ്വസിപ്പിക്കുന്നു, സുഖപ്പെടുത്തുന്നു, പുനഃസ്ഥാപിക്കുന്നു, സംരക്ഷിക്കുന്നു, കാവൽ ചെയ്യുന്നു. യേശുവിന്റെ നാമത്തിൽ, നാം—അവന്റെ ആടുകൾ—മുടപ്പെട്ടിരിക്കുന്നു, സംരക്ഷിക്കപ്പെടുന്നു, പരിപാലിക്കപെടുന്നു, ആർക്കും അവന്റെ കൈയിൽ നിന്ന് നമ്മെ പിടിച്ചെടുക്കാൻ കഴിയില്ല.

**വഴിയും, സത്യവും, ജീവനും**—"യേശു" എന്ന നാമം സ്വർഗ്ഗസ്ഥനായ പിതാവിങ്കലേക്കുള്ള വഴിയുടെ (യോഹന്നാൻ 14:6) നാമമാണ്. അവൻ വാതിൽ ആകുന്നു (യോഹന്നാൻ 10:7)—സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശത്തിനുള്ള ഒരേ ഒരു മാർഗ്ഗം അവനാണ്. അവൻ സത്യം ആകുന്നു. നുണകൾ, വഞ്ചനകൾ, വാദങ്ങൾ, യുക്തികൾ ശക്തിയില്ലാതെ അവന്റെ മുൻപിൽ വീണു പോകും. അവൻ സത്യമാണ് (യോഹന്നാൻ 8:31,32,36) അവൻ ജനങ്ങളെ യഥാർത്ഥത്തിൽ സ്വതന്ത്രരാക്കുന്നു. അവൻ ജീവൻ ആകുന്നു-ജീവന്റെ അപ്പം, നിത്യ ജീവന്റെ ഉറവിടം ആകുന്നു (യോഹന്നാൻ 6:33,35,48-51). അവൻ ജീവജലം ആകുന്നു (യോഹന്നാൻ 4:10,14; യോഹന്നാൻ 7:37,38; വെളിപ്പാട് 21:6; വെളിപ്പാട് 22:17). അവൻ ജീവനും സമൃദ്ധമായ ജീവിതവും കൊടുക്കുന്നു (യോഹന്നാൻ 10:10). അവനിൽ, നമ്മുടെ ദാഹം ശമിച്ചും നമ്മുടെ അഗാധമായ ആഗ്രഹങ്ങൾ തൃപ്തിപ്പെടുകയും ചെയ്യും. യേശുവിന്റെ നാമത്തിൽ, വഴി തെറ്റിയവൻ വഴി കണ്ടെത്തുന്നു, സത്യം മുന്നേറുന്നു, മോചിപ്പിക്കുകയും വാഴുകയും ചെയ്യുന്നു, പാപത്തിൽ മരിച്ചവർ നിത്യ ജീവൻ അനുഭവിക്കുന്നു, ദൈവ-സമാനമായ ജീവിതം ലഭിക്കുന്നു.

**രക്ഷകൻ**—"യേശു" എന്ന നാമം ലോക രക്ഷകന്റെ നാമം ആകുന്നു (മത്തായി 1:21; ലൂക്കോസ് 2:11; 1 തിമൊഥെയൊസ് 1:15; 1 യോഹന്നാൻ 4:14). അവൻ ലോകത്തിന്റെ മുഴുവൻ പാപങ്ങളും വഹിച്ചു (യെശയ്യാവ് 53:4; 1 യോഹന്നാൻ 2:2), നാം കൊടുക്കേണ്ടുന്ന വില അവൻ നൽകി, നാം സ്വതന്ത്രമായി ക്ഷമിക്കപ്പെടേണ്ടതിനു നമുക്ക് പകരമായി അവൻ നരകത്തിൽ പോയി. യേശുവിന്റെ നാമത്തിൽ, നമ്മുടെ പാപങ്ങൾ ക്ഷമിക്കപെട്ടും നാം രക്ഷിക്കപ്പെട്ടും ഇരിക്കുന്നു. അവന്റെ നാമത്തിൽ രക്ഷ ഉണ്ട്!

**സൗഖ്യദായകൻ**—"യേശു" എന്ന നാമം ശ്രേഷ്ഠവൈദ്യന്റെ നാമം ആകുന്നു, നമ്മുടെ സകല ദീനങ്ങളിൽ നിന്നും വ്യാധികളിൽ നിന്നും

വിടുവിക്കുന്നവൻ (മത്തായി 4:23-25). അവൻ മുഖാന്തരം മുടന്തൻ നടന്നു, കുരുടർക്ക് കാഴ്ച ലഭിച്ചു, ഊമർ സംസാരിച്ചു, മുടന്തരും വൈകല്യം ഉള്ളവരും പൂർണ്ണരായി, എല്ലാ ദീനങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും ആളുകൾ വിടുവിക്കപ്പെട്ടു (മത്തായി 15:29-31). നമുക്ക് സൗഖ്യം വരേണ്ടതിനു അവൻ നമ്മുടെ സകല ദീനങ്ങളും, രോഗങ്ങളും, വേദനകളും ക്രൂശിൽ അവന്റെ മുറിവുകളാൽ വഹിച്ചു (യെശയ്യാവ് 53:4,5; 1 പത്രൊസ് 2:24). തന്റെ ചിറകുകളാൽ സൗഖ്യം കൊണ്ട് മറയ്ക്കുന്ന നീതിസൂര്യൻ ആകുന്നു അവൻ (മലാഖി 4:2). യേശുവിന്റെ നാമത്തിൽ ദീനങ്ങളും രോഗങ്ങളും നീങ്ങിപ്പോകും. രോഗികൾ സൗഖ്യം ആകേണ്ടതിന്നു അസുഖങ്ങൾ, വൈകല്യങ്ങൾ, അസാധാരണത്വങ്ങൾ, വിട്ടുമാറാത്ത രോഗങ്ങൾ, ഭേദമാക്കാനാവാത്ത രോഗങ്ങൾ അവന്റെ മഹത്വം ഉള്ള നാമത്തിനു മുൻപിൽ തലകുനിച്ചു.

***ശാലോമിലെ രാജകുമാരൻ***—"യേശു" എന്ന നാമം *ശാലോമിലെ* രാജകുമാരൻ ആയവന്റെ നാമം ആകുന്നു, സമാധാനപ്രഭു (യെശയ്യാവ് 9:6). തന്റെ അടുക്കൽ വരുന്ന ഏവർക്കും പൂർണ്ണത നൽകുന്ന രാജാവ് അവൻ ആകുന്നു, അവൻ ക്രൂശിൽ നമുക്ക് *ശാലോം*-സമാധാനത്തിനും, ക്ഷേമത്തിനും, സമ്പൂർണ്ണതയ്ക്കും, ശിക്ഷ അവന്റെമേൽ ആയി (യെശയ്യാവ് 53:5). ലോകം തരുന്നതുപോലെ അല്ല, അവൻ തികഞ്ഞ സമാധാനം നൽകുന്നു (യോഹന്നാൻ 14:27; യോഹന്നാൻ 16:33). യേശുവിന്റെ നാമം ഉച്ചരിക്കുമ്പോൾ തന്നെ തികഞ്ഞ *ശാലോം*—സമാധാനം, മുഴുവൻ ക്ഷേമം, പൂർണ്ണമായ സമ്പൂർണ്ണത എന്നിവ ലഭിക്കും. അവന്റെ നാമം നമ്മുടെ ഭയത്തെ ശമിപ്പിക്കുന്നു, ആശയക്കുഴപ്പങ്ങൾ നീക്കുന്നു, പീഡനങ്ങളെ അകറ്റുന്നു, പൂർണ്ണത നൽകുന്നു.

**അത്ഭുതം പ്രവർത്തിക്കുന്നവൻ**—എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടം. "യേശു" എന്ന നാമം വലിയ അത്ഭുതം പ്രവർത്തിക്കുന്നവന്റെ നാമം ആകുന്നു. അവൻ മരിച്ചവരെ ഉയർപ്പിച്ചു, വെള്ളം വീഞ്ഞാക്കി മാറ്റി, ഭക്ഷണം ഇരട്ടിപ്പിച്ചു, കാറ്റിനെയും തിരമാലകളെയും ശാന്തമാക്കി, വലിയ മീൻകൂട്ടത്തെ പിടിക്കുന്നതിന് കാരണമായി, മറ്റു പല അത്ഭുതങ്ങളും ചെയ്ത് ബൈബിൾ കാലത്തെ പോലെ ഇന്നും ചെയ്തു കൊണ്ടിരിക്കുന്നു (എബ്രായർ 13:8). അവൻ ക്രൂശിൽ നമുക്ക് വേണ്ടി ശാപമായി തീർന്നത് കാരണം നമ്മുടെ അനുസരണക്കേടിന്റെ എല്ലാ ശാപങ്ങളും അവൻ നീക്കി (ഗലാത്യർ 3:13,14). അവൻ മുഖാന്തിരം അബ്രഹാമിന്റെ

അനുഗ്രഹം നമ്മുടെ മേൽ പകർന്നു. ക്രിസ്തുവിൽ, ദൈവത്തിൽ നിന്നുള്ള എല്ലാ അനുഗ്രഹങ്ങളാലും നാം അനുഗ്രഹീതരാണ് (എഫെസ്യർ 1:3). യേശുവിന്റെ നാമത്തിൽ, അത്ഭുതങ്ങൾ സംഭവിക്കുന്നു, സാഹചര്യങ്ങൾ മാറി മറിയുന്നു, അസാധ്യങ്ങൾ സാധ്യമാകുന്നു, എല്ലാ ശാപങ്ങളും നീങ്ങി ദൈവത്തിന്റെ അനുഗ്രഹങ്ങൾ സ്വതന്ത്രമായി പകർന്നുനൽകപ്പെടുന്നു.

**ചാർച്ചക്കാരൻ ആയ വീണ്ടെടുപ്പുകാരൻ, ഉദ്ധാരകൻ**—"യേശു" എന്ന നാമം നമ്മുടെ വീണ്ടെടുപ്പുകാരന്റെയും വിടുവിപ്പിക്കുന്നവന്റെയും നാമമാണ് (യെശയ്യാവ് 59:20; റോമർ 11:26). അവൻ നമ്മിൽ ഒരുവനെപ്പോലെ ആയി (എബ്രായർ 2:11,14,15; എബ്രായർ 10:5), നമ്മുടെ രക്തസഹോദരൻ, നമ്മുടെ കുടുംബാംഗം, അങ്ങനെ അവന് നമ്മുടെ സാഹചര്യത്തിലേക്ക് കടന്നുവന്ന് നമ്മെ പുറത്തിറക്കാൻ കഴിയുന്നവൻ. യേശു അവസാനത്തെ ആദാമും, രണ്ടാം മനുഷ്യനുമാണ് (1 കൊരിന്ത്യർ 15:45-47). അവൻ മനുഷ്യനായ ക്രിസ്തു യേശു ആകുന്നു (1 തിമൊഥെയൊസ് 2:5). ഈ മനുഷ്യൻ നമ്മെ വീഴ്ചയിൽ നിന്ന് വീണ്ടെടുത്തു. ആദാം നമ്മെ താഴെ ഇട്ടതിൽ നിന്ന് അവൻ നമ്മെ പുറത്തു കൊണ്ടു വന്നു. അവൻ തന്നെത്തന്നെ മറുവിലയായി കൊടുത്തു, എല്ലാവർക്കും വേണ്ടി ഉള്ള വീണ്ടെടുപ്പിന്റെ വില (1 തിമൊഥെയൊസ് 2:6). അവൻ നമ്മെ ധനികരാക്കുവാൻ വേണ്ടി ദരിദ്രനായിത്തീർന്നു (2 കൊരിന്ത്യർ 8:9). നാം ഇപ്പോൾ കർത്താവിൻറെ വീണ്ടെടുക്കപ്പെട്ടവരാണ്—പാപത്തിൻറെ അടിമത്തത്തിൽ നിന്ന് വീണ്ടെടുക്കപ്പെട്ടവരാണ് (റോമർ 6:14; തീത്തൊസിന് 2:14), എല്ലാ ശാപത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ടവർ (ഗലാത്യർ 3:13), സാത്താനിൽ നിന്നും വീണ്ടെടുക്കപ്പെട്ടവർ (കൊലൊസ്സ്യർ 1:13,14), ഇപ്പോഴത്തെ ദുഷ്ടകാലത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ടവർ (ഗലാത്യർ 1:4). അവൻ ഇരിക്കുന്ന ഇടത്തേക്ക് നമ്മെ ഉയർത്തി അവന്റെ പുത്രന്മാരും പുത്രിമാരും, ദൈവത്തിന്റെ അവകാശികളും കൂട്ടവകാശികളും ആകേണ്ടതിനു അവൻ നമ്മെ പോലെ ആയി തീർന്നു. അവൻ കാരണം, നാം നീതീകരിക്കപ്പെട്ടു, ദൈവത്തിന്റെ അളവറ്റ കൃപയാൽ സമൃദ്ധമാക്കപ്പെട്ടു, നാം ജീവനിൽ വാഴുകയും ചെയ്യുന്നു (റോമർ 5:15-19). എന്റെ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു! (ഇയ്യോബ് 19:25,26) യേശുവിന്റെ ശക്തമായ നാമം വീണ്ടെടുക്കുന്നു, വിടുവിക്കുന്നു, ബന്ധനകളെ തകർക്കുന്നു, അടിച്ചമർത്തപ്പെട്ടവരെ മോചിപ്പിക്കുന്നു, തടവുകാരെ സ്വതന്ത്രമാക്കുന്നു, നമ്മെ വാഴുവാനും ജീവിതത്തിൽ ആധിപത്യം സ്ഥാപിക്കുവാനും ഇടയാക്കുന്നു!

**സാത്താനെ നശിപ്പിക്കുന്നവൻ—**"യേശു" എന്ന നാമം സ്ത്രീയുടെ സന്തതിയായി വന്ന് സർപ്പത്തിന്റെ തല ചതയ്ക്കുന്നവന്റെ നാമമാണ് (ഉൽപത്തി 3:15). സാത്താനെ ഭൂമിയിൽ അവന്റെ അധികാരസ്ഥാനത്തു നിന്ന് നീക്കിയവൻ ആകുന്നു (യോഹന്നാൻ 12:31). ഈ യേശുവിങ്കലേക്ക് സാത്താൻ വന്നു, അവനിൽ സ്ഥാനമോ പ്രവേശനമോ കാലടികളോ ശക്തിയോ ഒന്നും കണ്ടില്ല (യോഹന്നാൻ 14:30). ഈ യേശു, ക്രൂശിൽ, പിശാചിനെ വിധിക്കുകയും ശിക്ഷിക്കുകയും ചെയ്തു (യോഹന്നാൻ 16:11). ഈ യേശു, ക്രൂശിന്മേൽ, സാത്താനെയും അവന്റെ എല്ലാ പിശാചുക്കളെയും നിരായുധരാക്കുകയും അവരുടെ മേലുള്ള അവന്റെ ജയം പരസ്യമായി കാണിക്കുകയും ചെയ്തു (കൊലൊസ്സ്യർ 2:15). അവൻ ശക്തി ഉള്ള ഒരുവന്റെ വീട്ടിൽ കയറി, അവനെ നിരായുധനാക്കി, അവന്റെ സാധനങ്ങൾ കൊള്ളയടിച്ച സർവ്വശക്തൻ ആകുന്നു (ലൂക്കോസ് 11:21,22). ഈ യേശു അവന്റെ മരണത്തിലൂടെ, സാത്താനെ തകർത്തു (എബ്രായർ 2:14). ഇതെല്ലാം അവൻ നമുക്ക് വേണ്ടി മാത്രം, നമ്മെ പ്രതിനിധീകരിച്ചും നമ്മുടെ പക്ഷത്തുനിന്നും ചെയ്തു. ഇന്നു, യേശുവിന്റെ അതിശക്തമായ നാമത്തിൽ, വിശ്വാസിയുടെ മുൻപിൽ സാത്താനും അവന്റെ പിശാചുക്കളും വിറച്ചു ഓടി പോകുകയും, പിശാചുക്കൾ പുറത്താക്കപ്പെടുകയും, സാത്താന്റെ പ്രവർത്തികൾ തകർക്കപ്പെടുകയും, ആളുകൾ വിടുവിക്കപ്പെടുകയും ചെയ്യുന്നു.

**വിജയിയായ ജേതാവ്, എന്നേക്കും രാജാവ്—**"യേശു" എന്ന നാമം പാതാളത്തെയും കല്ലറയെയും കീഴടക്കി, മരണത്തിൽ നിന്ന് ജയിച്ച ഉയിർത്തെഴുന്നേറ്റു വന്ന, ആദ്യജാതനായ, മരിച്ചവരിൽ നിന്ന് ആദ്യം ജനിച്ചവന്റെ നാമം ആകുന്നു (വെളിപ്പാട് 1:5,18; കൊലൊസ്സ്യർ 1:18). അവൻ സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വ അധികാരമുള്ളവൻ ആകുന്നു (മത്തായി 28:18). അവൻ സകലത്തിലും തലയായും സകലവും അവന്റെ കാൽകീഴിൽ ആക്കിയും ഇരിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ വലതു ഭാഗത്തു, എല്ലാ മണ്ഡലങ്ങൾക്കും അധികാരത്തിനും ശക്തിക്കും ആധിപത്യത്തിനും, എല്ലാ നാമത്തിനും, ഈ കാലഘട്ടത്തിൽ മാത്രമല്ല വരുവാനുള്ളതിനും ഉയരെ അവൻ ഇരിക്കുന്നു (എഫെസ്യർ 1:20-22). ഇന്ന്, അവൻ പുതിയ ഉടമ്പടിയുടെ മധ്യസ്ഥൻ (1 തിമൊഥെയൊസ് 2:4,5; എബ്രായർ 7:25; എബ്രായർ 8:6; എബ്രായർ 9:16,17), വിശ്വാസത്തിന്റെ അപ്പോസ്സ്തോലൻ (എബ്രായർ 3:1), മുൻഗാമി (എബ്രായർ 6:20), വിശുദ്ധസ്ഥലത്തിന്റെ മന്ത്രി (എബ്രായർ 8:2), നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതൻ (എബ്രായർ 3:1;

എബ്രായർ 4:14), മധ്യസ്ഥൻ (എബ്രായർ 7:25), കാര്യസ്ഥൻ (1 യോഹന്നാൻ 2:1) ആകുന്നു. അവൻ ആദ്യനും അന്ത്യനും, ആൽഫയും ഒമേഗയും, എല്ലാം ഒന്നായി വെച്ചിരിക്കുന്നവനും, ആരംഭവും അവസാനവും, എന്നിട്ടും അവൻ തുടക്കവും ഒടുക്കവും ഇല്ലാത്തവൻ, തുടക്കം മുതൽ അവസാനം വരെ പരമാധികാരവും ആധിപത്യവും ഉള്ളവൻ ആകുന്നു (വെളിപ്പാട് 1:8; വെളിപ്പാട് 2:8; വെളിപ്പാട് 21:6; വെളിപ്പാട് 22:13). അവൻ ആമേൻ ആകുന്നു (വെളിപ്പാട് 3:14), അങ്ങനെയാവട്ടെ എന്ന് പറഞ്ഞവൻ ആകുന്നു, ദൈവത്തിന്റെ എല്ലാ ഉദ്ദേശ്യങ്ങളുടെയും പൂർത്തീകരണം ആയവൻ ആകുന്നു (എഫെസ്യർ 1:10; എഫെസ്യർ 3:10,11). അവൻ യിശ്ശായിൽ നിന്നുള്ള വടി (യെശയ്യാവ് 11:1), ശാഖ (യെശയ്യാവ് 11:1; സെഖര്യാവ് 3:8; സെഖര്യാവ് 6:12), അവൻ ദാവീദിൻറെ വാഗ്ദത്തം ചെയ്ത സന്തതി (2 തിമൊഥെയൊസ് 2:8), ദാവീദിന്റെ വേരും സന്തതിയും (വെളിപ്പാട് 5:5; വെളിപ്പാട് 22:16), യെഹൂദാ ഗോത്രത്തിന്റെ സിംഹം (വെളിപ്പാട് 5:5) അവൻ സകലവും കീഴടക്കിയവനും ആകുന്നു. അവൻ ഭൂമിയിലെ രാജാക്കന്മാരുടെ ഭരണാധികാരി ആകുന്നു (വെളിപ്പാട് 1:5). അവൻ നമ്മുടെ കർത്താവായ ക്രിസ്തുയേശു ആകുന്നു (1 തിമൊഥെയൊസ് 1:12), മഹത്വത്തിന്റെ കർത്താവ് (1 കൊരിന്ത്യർ 2:8) സകലത്തിന്റെയും കർത്താവും ആകുന്നു (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 10:36). അവനാണ് ഏറ്റവും ഉയർന്ന പദവി വഹിക്കുന്നത്, സകലത്തിലും ഒന്നാമൻ, അങ്ങനെ അവൻ എന്നേക്കും ഏറ്റവും ഉന്നതനായിരിക്കും (കൊലൊസ്സ്യർ 1:18). അവൻ അനുഗ്രഹീതനും ഏകനായ രാജാധിപതിയും, രാജാക്കന്മാരുടെ രാജാവും, കർത്താക്കന്മാരുടെ കർത്താവും, അനശ്വരനും അജയ്യനുമായവനാണ്, എല്ലാ ബഹുമാനവും ശാശ്വതമായ ശക്തിയും അവനുള്ളതാണ്, എന്നേക്കും ഭരിക്കുവാനും വാഴുവാനും മടങ്ങി വരുന്നവനും ആകുന്നു. ആമേൻ (1 തിമൊഥെയൊസ് 6:15,16; വെളിപ്പാട് 19:15,16). അവന്റെ നാമം നമുക്ക് ആവശ്യമുള്ളതെല്ലാം നൽകുന്നു. അവന്റെ നാമം എല്ലാ മണ്ഡലങ്ങളോടും ആജ്ഞാപിക്കുന്നു, യേശുവിന്റെ നാമത്തിൽ സ്വർഗ്ഗത്തിലും, ഭൂമിയിലും അധോലോകത്തിലും, ഉള്ള എല്ലാ മുഴങ്കാലുകളും മടങ്ങും, എല്ലാ നാവും അവൻ മാത്രം കർത്താവെന്ന് ഏറ്റു പറയും.

വിശ്വാസത്തോടെ വിളിക്കുമ്പോൾ, യേശു ഭൗതീകമായി ഇവിടെ ഉണ്ടായിരുന്നെങ്കിൽ ചെയ്യുന്നതെല്ലാം അവിടുത്തെ നാമം മുഖാന്തരം സംഭവിക്കും.അവന്റെ നാമം പരാമർശിക്കുമ്പോൾ

അത്രയ്ക്കടുത്താണ് അവൻ നമ്മോട് കൂടെയുള്ളത്. അവൻ ആരാണെന്നും അവൻ ആ നാമത്തിൽ എന്തെല്ലാം പൂർത്തീകരിച്ചതും, അതെല്ലാം ഉൾകൊള്ളുന്നതും പ്രകടിപ്പിക്കുന്നതും അവന്റെ പ്രൗഢമായ നാമത്തിലൂടെയാണ്. അവന്റെ നാമം യേശു എന്നാകുന്നു.

---

അവൻ ആരാണെന്നും
അവൻ ആ നാമത്തിൽ എന്തെല്ലാം പൂർത്തീകരിച്ചതും,
അതെല്ലാം ഉൾകൊള്ളുന്നതും പ്രകടിപ്പിക്കുന്നതും
അവന്റെ പ്രൗഢമായ നാമത്തിലൂടെയാണ്.
അവന്റെ നാമം യേശു എന്നാകുന്നു.

---

## പ്രതിഫലനം

1) യേശു ആരാണെന്നും അവൻ എന്താണ് നേടിയതെന്നും വരും കാലങ്ങളിൽ അവൻ എന്താണ് ചെയ്യാൻ പോകുന്നതെന്നും ചിന്തിക്കുക. ഇവിടെ പരാമർശിക്കാത്ത മൂന്ന് വശങ്ങളെ കുറിച്ച് അവൻ ആരാകുന്നു എന്ന് യേശുവിനെ പ്രതിപാദിക്കുന്നതിനെ പറ്റി ചിന്തിക്കുക.

## 3

# പഴയനിയമം വെളിപ്പെടുത്തിയ ദൈവത്തിന്റെ വിവിധ നാമങ്ങൾ

യേശു തന്റെ നാമം ഉപയോഗിക്കാൻ ഉള്ള അവകാശം വിശ്വാസികൾക്കായി ഒരുക്കിയിരിക്കുന്നത് നാം ആഴത്തിൽ മനസ്സിലാക്കുന്നതിനായി തയാറെടുക്കുമ്പോൾ, രണ്ട് സുപ്രധാന വശങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്.

ആദ്യമായി, നാം മനസ്സിലാക്കണം യേശു 12 അപ്പൊസ്തലന്മാരോട് സംസാരിക്കുമ്പോഴും, പിന്നീട് 70 ശിഷ്യന്മാരോട് തന്റെ നാമം ഉപയോഗിക്കുന്നതിനെ പറ്റി പറയുമ്പോഴും, അവർ യെഹൂദാ ജനങ്ങൾ ആയിരുന്നു. അവരുടെ ആത്മീയ പൈതൃകത്തിന്റെ ഭാഗമായി, അവരുടെ ജീവിതത്തിന്റെ ദൈനംദിന കാര്യങ്ങളിൽ കർത്താവായ ദൈവത്തിന്റെ നാമം ഉപയോഗിക്കുന്നതിനെ പറ്റി അവർക്കു ആഴത്തിലുള്ള ധാരണ ഉണ്ടായിരുന്നു. പുതിയ നിയമ വിശ്വാസികളായ നാം, പഴയ നിയമത്തിലേക്ക് നോക്കുമ്പോൾ നമുക്ക് ഇതിനെ കുറിച്ച് കൂടുതൽ വ്യക്തത ലഭിക്കും. ഈ അധ്യായത്തിൽ പഴയ നിയമം മനസ്സിലാക്കുവാനും കർത്താവായ ദൈവത്തിന്റെ നാമം എങ്ങനെ ഉപയോഗിക്കാം എന്നുള്ളതിനെ കുറിച്ച് നമുക്ക് വേഗത്തിൽ ഒന്ന് പരിശോധിക്കാം.

രണ്ടാമതായി, നിയോഗിക്കപ്പെട്ട ആത്മീയ അധികാരത്തിൽ നടക്കുന്നതിന്റെ അർത്ഥത്തിന്റെ പരിപൂർണ്ണ മാതൃകയും ആൾരൂപവുമാണ് കർത്താവായ യേശു. കർത്താവായ യേശു ക്രിസ്തു സ്വർഗ്ഗസ്ഥനായ പിതാവിന്റെ നാമത്തിൽ വന്നു അവന്റെ പ്രവർത്തികൾ സ്വർഗ്ഗസ്ഥനായ പിതാവിന്റെ നാമത്തിൽ ചെയ്തു. പിതാവിനെ പ്രതിനിധീകരിച്ച് പിതാവിന്റെ നാമത്തിൽ വന്നതുപോലെ തന്നെ പ്രതിനിധീകരിക്കാൻ അവൻ തന്റെ നാമത്തിൽ നമ്മെ അയച്ചു. അടുത്ത അധ്യായത്തിൽ, യേശു എങ്ങനെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ നാമത്തിൽ വന്നു എന്നുള്ളതിനെ കുറിച്ച് നമുക്ക് നോക്കാം. യേശുവിന്റെ നാമത്തിൽ ലോകത്തിലേക്ക് പോകുമ്പോൾ ഇതുപോലെ തന്നെ നാം ചെയ്യേണ്ടതാകുന്നു.

ഈ രണ്ട് പ്രധാന വശങ്ങളും നാം ഉൾപ്പെടുത്തിക്കഴിഞ്ഞാൽ, യേശുവിന്റെ നാമം ഉപയോഗിക്കാനുള്ള നമ്മുടെ പദവിയും അവകാശവും പരിശോധിക്കുകയും പുതിയനിയമം നമുക്ക് നൽകുന്ന കാര്യങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യും.

പഴയ നിയമത്തിൽ ഉള്ള ദൈവത്തിന്റെ നാമങ്ങളും പദവികളും ആണ് നമ്മൾ ആദ്യം അവതരിപ്പിക്കുന്നത്. അതിനു ശേഷം, ഇസ്രായേൽ ജനത എങ്ങനെ ദൈവത്തിന്റെ നാമത്തെ ആദരിച്ചു എന്ന ഉള്ളത് പരിശോധിക്കാം.

### *എലോഹിം (ദൈവം)*

**ഉൽപത്തി 1:1**

**ആദിയിൽ ദൈവം** *(എലോഹിം)* **ആകാശവും ഭൂമിയും സൃഷ്ടിച്ചു.**

സർവശക്തനായ, പ്രബലനായ, ശക്തിയുള്ള, അത്യുന്നതനായ ദൈവത്തെ എബ്രായ വാക്കായ *'എലോഹിം'* ആണ് സാധാരണയായി "ദൈവം" എന്ന വാക്കിനെ വിവർത്തനം ചെയ്യാൻ പഴയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. രസകരമെന്ന പോലെ, *'എലോഹിം'* ഒരു എബ്രായ ബഹുവചനം ആകുന്നു, "ദൈവങ്ങൾ" അല്ലെങ്കിൽ "ശക്തർ ആയവർ" അല്ലെങ്കിൽ "ബലവാന്മാർ" (ഒന്നിലധികം) എന്നിവ പരാമർശിക്കാൻ ഉപയോഗിക്കുന്നു. പ്രധാനമായും, എപ്പോൾ *'എലോഹിം'* ദൈവത്തിനു ഉപയോഗിക്കുമ്പോൾ അന്നേരം ഏകവചന ക്രിയയുടെ കൂടെ ഉപയോഗിക്കപ്പെടുന്നു. അതുകൊണ്ടു, *'എലോഹിം'* ഒരു ബഹുവചന നാമം ആയിരുന്നിട്ടും, ദൈവത്തെ പരാമർശിക്കുമ്പോൾ ഏകവചനം ആയി ഉപയോഗിക്കുന്നു, അങ്ങനെ ഏതെങ്കിലും വിഭജനം ഇല്ലാതെ ഐക്യവും ഉടമ്പടിയും സൂചിപ്പിക്കുന്നു—*"യിസ്രായേലേ, കേൾക്ക: യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻതന്നെ!"* (ആവർത്തനപുസ്തകം 6:4). *'എലോഹിം'* പലപ്പോഴും ബഹുവചന നാമം, സമാനമായ ഒരു കൂട്ടായ നാമം ഒക്കെ ആയിട്ടാണ് സൂചിപ്പിക്കുന്നത്. ത്രിയേക ദൈവം, മൂന്നു പേരിൽ ഉൾപ്പെട്ടിട്ടുള്ള ഒരു ദൈവം എന്നതിനെ ചൂണ്ടികാണിക്കുന്നു. *"സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട്: ആത്മാവ്, ജലം, രക്തം; ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നെ"* (1 യോഹന്നാൻ 5:7). ബൈബിളിന്റെ ദൈവമായ *'എലോഹിം'*, എല്ലാറ്റിനെയും സൃഷ്ടിച്ച ദൈവം മൂന്ന് വ്യക്തികളിൽ ഒരു ദൈവമാണ്.

### *എൽ (ദൈവം)*

എബ്രായ വാക്കായ *'എൽ'* വിവർത്തനം ചെയ്യുമ്പോൾ ശക്തനായ, അത്യുന്നതനായ, പ്രബലനായ 'ദൈവത്തെ' സൂചിപ്പിക്കുന്നു. ദൈവത്തെ അത്യുന്നതനായ ഒരുവനായിട്ട് അത് കാണിക്കുന്നു. ഈ പദം ആദ്യമായി ഉപയോഗിക്കുന്നത് ഉൽപത്തി 14:18-ൽ ആണ്. *എൽ* ദൈവത്തിന്റെ പല ഗുണവിശേഷങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു (ചില തിരുവെഴുത്തിലെ പരാമർശങ്ങൾ ആയി പട്ടികപ്പെടുത്തിയിരിക്കുന്നു). നൽകിയിരിക്കുന്ന തിരുവെഴുത്ത് പരാമർശങ്ങൾ പരിശോധിക്കുന്നതിനും ധ്യാനിക്കുന്നതിനും ദൈവത്തിന്റെ ഈ പേരുകളിലും ഗുണങ്ങളിലും വസിക്കുന്നതിനും നിങ്ങളുടെ സമയം പ്രയോജനപ്പെടും.

ദൈവത്തിന്റെ ഈ പറയുന്ന ഗുണവിശേഷങ്ങൾ നമ്മൾ ധ്യാനിക്കുമ്പോൾ ദൈവത്തോട് ഉള്ള ആരാധന നമ്മുടെ ഹൃദയങ്ങളിൽ ഉയരുമാറാകട്ടെ.

- ***എൽ എല്യോൻ:*** അത്യുന്നതനായ ദൈവം, ഉന്നതനായ ദൈവം (ഉൽപത്തി 14:18-22)
- ***എൽ ശദ്ദായ്:*** സർവ്വശക്തനായ ദൈവം, സകലത്തിനും മതിയായ ദൈവം, ആവശ്യത്തിൽ അധികം തരുന്ന ദൈവം, മാറുള്ളവൻ (ഉൽപത്തി 17:1)
- ***എൽ ഒലാം:*** നിത്യനായ ദൈവം, നിത്യതയുടെ ദൈവം, എന്നേക്കും ദൈവം ആകുന്നവൻ (ഉൽപത്തി 21:33)
- ***എൽ കന്നാ:*** അസ്സൂയ ഉള്ള ദൈവം (പുറപ്പാട് 20:5)
- ***എൽ റാഖൂം:*** ദയാലുവായ ദൈവം, കരുണാമയനായ ദൈവം (ആവർത്തനപുസ്തകം 4:31)
- ***എൽ അമാൻ:*** വിശ്വസ്തനായ ദൈവം (ആവർത്തനപുസ്തകം 7:9)
- ***എൽ ഗദോൽ:*** ശക്തനായ ദൈവം, ശ്രേഷ്ഠനായ ദൈവം (ആവർത്തനപുസ്തകം 7:21; ആവർത്തനപുസ്തകം 10:17)
- ***എൽ ഗിബ്ബർ:*** പ്രബലനായ ദൈവം, യോദ്ധാവായ ദൈവം (ആവർത്തനപുസ്തകം 10:17)
- ***എൽ യാരെ:*** ഉഗ്രനായ ദൈവം, ഭയങ്കരനായ ദൈവം (ആവർത്തനപുസ്തകം 10:17)
- അനീതി ഇല്ലാത്ത സത്യമുള്ള ദൈവം *(El)*; നീതിമാനും നേരുള്ളവനും (ആവർത്തനപുസ്തകം 32:4)
- ***എൽ ഖയീ:*** ജീവിക്കുന്ന ദൈവം (യോശുവ 3:10)

ദൈവത്തിന്റെ നാമങ്ങളും
പദവികളും ദൈവത്തിന്റെ
സ്വഭാവ ഗുണങ്ങളെ
വെളിപ്പെടുത്തുന്നു.

## ഞാൻ ആകുന്നവൻ ഞാൻ ആകുന്നു

**പുറപ്പാട് 3:13-15**

**[13]മോശെ ദൈവത്തോട്: ഞാൻ യിസ്രായേൽമക്കളുടെ അടുക്കൽ ചെന്ന്: നിങ്ങളുടെ പിതാക്കന്മാരുടെ ദൈവം എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നു പറയുമ്പോൾ: അവന്റെ നാമം എന്തെന്ന് അവർ എന്നോടു ചോദിച്ചാൽ ഞാൻ അവരോട് എന്തു പറയേണം എന്നു ചോദിച്ചു.**

**[14]അതിനു ദൈവം മോശെയോട്: "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു"; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽമക്കളോടു പറയേണം എന്നു കല്പിച്ചു.**

**[15]ദൈവം പിന്നെയും മോശെയോട് അരുളിച്ചെയ്തതെന്തെന്നാൽ: നീ യിസ്രായേൽമക്കളോട് ഇപ്രകാരം പറയേണം: അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു; ഇത് എന്നേക്കും എന്റെ നാമവും തലമുറതലമുറയായി എന്റെ ജ്ഞാപകവും ആകുന്നു.**

പുറപ്പാട് 3-ൽ രേഖപ്പെടുത്തിയിരിക്കുന്നതു പോലെ മോശ ദൈവത്തോട് അവന്റെ നാമത്തെ പറ്റി ചോദിക്കുമ്പോൾ *'എലോഹിം'* എന്നാകുന്നു മോശയോട് പറഞ്ഞത് "ഞാൻ ആകുന്നവൻ" (എപ്പോഴും നിലനിൽക്കുന്ന, എപ്പോഴും ആയിരിക്കുക) "ഞാൻ ആകുന്നു" (എപ്പോഴും നിലനിൽക്കുന്ന, എപ്പോഴും ആയിരിക്കുക), അല്ലെങ്കിൽ ചുരുക്കി എഴുതിയാൽ "ഞാൻ ആകുന്നു" സദാ നിലനിൽക്കുന്ന, എന്നും ഉള്ള ദൈവത്തെ ആണ് സൂചിപ്പിക്കുന്നു. ബൈബിളിലെ ദൈവം സമയത്തിന്റെ സ്വാധീനത്തിൽ നിന്ന് സ്വതന്ത്രനായ ദൈവമാണ്. അവൻ നിത്യമായി ഇപ്പോൾ ജീവിക്കുന്നു. അവൻ ആകുന്നു. അവൻ സമയത്തിന് പുറത്തുള്ള മണ്ഡലത്തിൽ ജീവിക്കുന്നു. നമ്മൾ മനസ്സിലാക്കുന്ന രീതിയിലുള്ള സമയം ദൈവത്തെ ബാധിക്കുന്നില്ല. അവൻ നിത്യമായ, സ്വയം നിലനിൽക്കുന്ന ദൈവം ആകുന്നു. ഈ വലിയവനായ ഞാൻ ആകുന്നവൻ *"അബ്രഹാമിന്റെ, യിസ്സഹാക്കിന്റെ, യാക്കോബിന്റെ ദൈവം ആകുന്നു."* ഈ പിതാക്കന്മാർ നടന്നു ഈ വലിയവൻ ആയ ഞാൻ ആകുന്നവനെ സേവിച്ചു.

അതിശയം എന്ന് പറയട്ടെ, നമുക്ക് അറിയാവുന്നതു പോലെ പുതിയ നിയമത്തിൽ, യേശു ക്രിസ്തു തനിക്ക് വേണ്ടി ഈ പദവി തന്നെ

ഉപയോഗിച്ചു. *"യേശു അവരോട്: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹാം ജനിച്ചതിനു മുമ്പേ ഞാൻ ഉണ്ട് എന്നു പറഞ്ഞു"* (യോഹന്നാൻ 8:58).

## യഹോവ (കർത്താവ്)

ഒരുപക്ഷേ ഇസ്രായേൽ ജനതയുടെ ഏറ്റവും പ്രധാനപ്പെട്ട പേര്, ഒപ്പം പഴയ നിയമത്തിൽ ഉടനീളം ഉപയോഗിക്കുന്ന ഒരു പേര് ഹീബ്രു ഉടമ്പടി നാമമായ "യഹോവ" (*യഹോവ* അല്ലെങ്കിൽ *യാഹ്വെ*) ആകുന്നു. ഈ നാമം ഇംഗ്ലീഷ് ബൈബിളിന്റെ വിവിധ പതിപ്പുകളിൽ കർത്താവ്, യഹോവ, യാഹ്വെ എന്നിങ്ങനെ ആണ് വിവർത്തനം ചെയ്തിരിക്കുന്നത്. കെ ജെ വി, എൻ കെ ജെ വി ബൈബിളിൽ "യഹോവ", കർത്താവ് എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്, അത് കാരണം എളുപ്പത്തിൽ തിരിച്ചറിയാനാകും.

**പുറപ്പാട് 6:2-4**
**2ദൈവം പിന്നെയും മോശെയോട് അരുളിച്ചെയ്തതെന്തെന്നാൽ: ഞാൻ യഹോവ ആകുന്നു.**
**3ഞാൻ അബ്രാഹാമിനും യിസ്ഹാക്കിനും യാക്കോബിനും സർവശക്തിയുള്ള ദൈവമായിട്ടു പ്രത്യക്ഷനായി; എന്നാൽ യഹോവ എന്ന നാമത്തിൽ ഞാൻ അവർക്കു വെളിപ്പെട്ടില്ല.**
**4അവർ പരദേശികളായി പാർത്ത കനാൻദേശം അവർക്കു കൊടുക്കുമെന്നു ഞാൻ അവരോട് ഒരു നിയമം ചെയ്തിരിക്കുന്നു.**

"യഹോവ" എന്ന നാമം ശാശ്വതമായ, സ്വയം നിലനിൽക്കുന്ന, ഉടമ്പടി പാലിക്കുന്ന മാറ്റമില്ലാത്ത ദൈവത്തെ സൂചിപ്പിക്കുന്നു. മോശയെ തന്റെ കർത്തവ്യത്തിനായി അയക്കാൻ ദൈവം സംസാരിച്ചപ്പോൾ, അവൻ ഉടമ്പടി പാലിക്കുന്ന ദൈവമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ദൈവം അവന്റെ "യഹോവ" എന്ന നാമത്തിന് ഊന്നൽ നൽകി. "യഹോവ" എന്ന നാമം അവന്റെ ശ്രേഷ്ഠരായ ജനത്തിന് വേണ്ടിയുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ നാമം ആകുന്നു. ഈ നാമത്തിലൂടെ, അവൻ തന്റെ ജനത്തിനോട് ഉടമ്പടിയിൽ ഏർപ്പെട്ടു, അവൻ ആരായിരുന്നോ അത് തന്റെ ജനത്തിന് ലഭ്യമാക്കി കൊടുത്തു. അവന്റെ ജനം തന്റെ നാമം ആദരവോടെ സൂക്ഷിക്കുമെന്നും അവനെ മാത്രം സ്തുതിക്കുമെന്നും അവൻ പ്രതീക്ഷിച്ചു. *"ഞാൻ യഹോവ (ജെഹോവ), അതു തന്നെ എന്റെ നാമം; ഞാൻ എന്റെ മഹത്ത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല"* (യെശയ്യാവ് 42:8).

പഴയ നിയമ തിരുവെഴുത്തിൽ തന്റെ ജനത്തിന് വേണ്ടി യഹോവയായ ദൈവം ആരാണെന്നും, അവൻ എന്താകുന്നു എന്നും, തന്റെ ജനത്തിനായി അവൻ എന്ത് ചെയ്യുമെന്നുള്ളതായ യഹോവയുടെ പദവികൾ വെളിപ്പെടുത്തുന്ന വിവിധ വശങ്ങൾ നമുക്ക് കാണാൻ സാധിക്കും.

- ***യഹോവ-എലോഹിം:*** നിത്യനായ സൃഷ്ടാവ് (ഉൽപത്തി 2:4-25)
- ***അഡോണായി-യഹോവ:*** പരമാധികാരി ആയ യഹോവ; യജമാനൻ ആയ യഹോവ (ഉൽപത്തി 15:2,8)
- ***യഹോവ-യിരെ:*** കർത്താവു കാണുന്ന അല്ലെങ്കിൽ കരുതും (ഉൽപത്തി 22:8-14)
- ***യഹോവ-റാഫാ:*** സൗഖ്യദായകനായ നമ്മുടെ കർത്താവ് (പുറപ്പാട് 15:26)
- ***യഹോവ-നിസ്സി:*** നമ്മുടെ ജയക്കൊടി ആയ കർത്താവ് (പുറപ്പാട് 17:15)
- ***യഹോവ-എലോഹീക:*** നിന്റെ ദൈവമായ കർത്താവ് (പുറപ്പാട് 20:2,5,7)
- ***യഹോവ-മേഖദ്ദിഷ്കേം:*** നമ്മുടെ വിശുദ്ധീകരിക്കുന്ന കർത്താവ് (പുറപ്പാട് 31:13; ലേവ്യാപുസ്തകം 20:8; ലേവ്യാപുസ്തകം 21:8; ലേവ്യാപുസ്തകം 22:9,16,32; യെഹെസ്കേൽ 20:12)
- ***യഹോവ-ശാലോം:*** നമ്മുടെ സമാധാനത്തിന്റെ കർത്താവ് (ന്യായാധിപന്മാർ 6:24)
- ***യഹോവ-സാബോത്:*** സൈന്യങ്ങളുടെ കർത്താവ് (1 ശമുവേൽ 1:3; മുതൽ 284 തവണ)
- ***യഹോവ-ഇലിയോൺ:*** അത്യുന്നതനായ കർത്താവ് (സങ്കീർത്തനങ്ങൾ 7:17; സങ്കീർത്തനങ്ങൾ 47:2; സങ്കീർത്തനങ്ങൾ 97:9)
- ***യഹോവ-റോഹി:*** കർത്താവ് എന്റെ ഇടയൻ (സങ്കീർത്തനങ്ങൾ 23:1)
- ***യഹോവ-ഹോസിനു:*** നമ്മുടെ സൃഷ്ടാവായ കർത്താവ് (സങ്കീർത്തനങ്ങൾ 95:6)
- ***യഹോവ-എലോഹീനു:*** നമ്മുടെ കർത്താവായ ദൈവം (സങ്കീർത്തനങ്ങൾ 99:5,8,9)
- ***യഹോവ-സിഡാകീനു:*** നമ്മുടെ നീതിയാകുന്ന ദൈവം (യിരെമ്യാവ് 23:6; യിരെമ്യാവ് 33:16)
- ***യഹോവ-ശമ്മ:*** കർത്താവു സന്നിഹിതൻ ആകുന്ന (യെഹെസ്കേൽ 48:35)
- ***യഹോവ-എലോഹി:*** എന്റെ കർത്താവായ ദൈവം (സെഖര്യാവ് 14:5)

**ദൈനംദിന ജീവിതത്തിൽ കർത്താവിന്റെ നാമം**

കർത്താവിന്റെ നാമം പഴയ നിയമത്തിലുള്ള ജനങ്ങൾ എങ്ങനെയാണു മനസിലാക്കിയത് എന്നതിനെക്കുറിച്ചുള്ള ഒരു അവലോകനം നമുക്ക് ഇവിടെ അവതരിപ്പിക്കാം. നമ്മൾ ഒരു കാര്യം മനസ്സിലാക്കേണ്ടത് ഈ വെളിപ്പാടോ ആത്മീയ അറിവോ പുരോഗമനപരം ആയിരുന്നു. എന്നുവെച്ചാൽ, ദൈവത്തിന്റെ ജനത്തിനു കാലക്രമേണയും തലമുറയായും ഈ അറിവ് കിട്ടിയതാണ്.

**കർത്താവിന്റെ നാമത്തെ വിളിച്ചായിരുന്നു ജനങ്ങൾ ദൈവത്തെ ആരാധിച്ചിരുന്നത്.** അബ്രഹാം ഇതിനൊരു വലിയ ഉദാഹരണം ആകുന്നു. തന്റെ യാത്രകളിൽ ഉടനീളം പല സ്ഥലങ്ങളിലും യാഗപീഠങ്ങൾ പണിതും ദൈവത്തിന്റെ നാമത്തെ വിളിച്ചും പോന്നു (ഉൽപത്തി 12:8; ഉൽപത്തി 13:4; ഉൽപത്തി 21:33; ഉൽപത്തി 22:14; ഉൽപത്തി 26:25). ചില സമയങ്ങളിൽ പ്രത്യേകമായ കൂടിക്കാഴ്ചകൾ ഉണ്ടാകുമ്പോൾ, ദൈവത്തിന്റെ പുതിയ നാമം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ സ്വഭാവം വെളിപ്പെട്ടു വരും. **ഉദാഹരണം:** *യഹോവ-യിരെ* അർത്ഥമാക്കുന്നത് "കർത്താവു കരുതും" (ഉൽപത്തി 22:14).

**ആളുകൾ പലപ്പോഴും ദൈവത്തെ ആഘോഷിക്കുന്നത് അവൻ ചെയ്തതിനെ അടിസ്ഥാനമാക്കിയാണ്.** ചെങ്കടൽ കടന്നതിനു ശേഷം അവർ പ്രഖ്യാപിച്ചത്, *"യഹോവ യുദ്ധവീരൻ; യഹോവ എന്ന് അവന്റെ നാമം"* (പുറപ്പാട് 15:3). അമാലേക്യരോട് വിജയിച്ചതിനു ശേഷം, *"പിന്നെ മോശെ ഒരു യാഗപീഠം പണിതു, അതിനു യഹോവ നിസ്സി (യഹോവ എന്റെ കൊടി) എന്നു പേരിട്ടു"* (പുറപ്പാട് 17:15).

**അവർ ദൈവമായ കർത്താവിന്റെ നാമം വ്യർത്ഥമായി എടുക്കാൻ പാടില്ല.** പത്തു കല്പനകളിൽ മൂന്നാമത്തേത് ഇങ്ങനെ ആയിരുന്നു, *"നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്; തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല"* (പുറപ്പാട് 20:7). *"എന്റെ നാമത്തെക്കൊണ്ടു കള്ളസ്സത്യം ചെയ്തു നിന്റെ ദൈവത്തിന്റെ നാമത്തെ അശുദ്ധമാക്കരുത്; ഞാൻ യഹോവ ആകുന്നു"* (ലേവ്യാപുസ്തകം 19:12).

**പ്രഖ്യാപിക്കപ്പെട്ട നാമം മഹത്വം വെളിപ്പെടാൻ കാരണമായി.** പഴയ നിയമത്തിൽ കാണാൻ കഴിയുന്ന ഒരു പ്രധാനപ്പെട്ട വെളിപ്പാടാണിത്. മോശ ദൈവത്തിന്റെ മഹത്വം കാണണമെന്ന് ചോദിച്ചപ്പോൾ, ദൈവം

ഇങ്ങനെ പ്രതികരിച്ചു, *"യഹോവയുടെ നാമത്തെ നിന്റെ മുമ്പാകെ ഘോഷിക്കും"* (പുറപ്പാട് 33:19). കർത്താവിന്റെ നാമത്തിന്റെ പ്രഖ്യാപനം ദൈവത്തിന്റെ മഹത്വത്തിലേക്ക് നയിക്കുന്നു. അത് രാജാവിന്റെ വരവ് അറിയിക്കുന്ന എഴുന്നെള്ളിപ്പിനെ കാണിക്കുന്നു. *"അപ്പോൾ അവൻ: നിന്റെ തേജസ്സ് എനിക്കു കാണിച്ചു തരേണമേ എന്നപേക്ഷിച്ചു. അതിന് അവൻ: ഞാൻ എന്റെ മഹിമയൊക്കെയും നിന്റെ മുമ്പാകെ കടക്കുമാറാക്കി യഹോവയുടെ നാമത്തെ നിന്റെ മുമ്പാകെ പ്രഖ്യാപിക്കും; കൃപ ചെയ്‌വാൻ എനിക്കു മനസ്സുള്ളവനോടു ഞാൻ കൃപ ചെയ്യും; കരുണ കാണിപ്പാൻ എനിക്കു മനസ്സുള്ളവന് ഞാൻ കരുണ കാണിക്കും എന്നരുളിച്ചെയ്തു"* (പുറപ്പാട് 33:18,19, പുറപ്പാട് 34:5-8 കൂടെ നോക്കുക).

---

കർത്താവിന്റെ
നാമത്തിന്റെ പ്രഖ്യാപനം
ദൈവത്തിന്റെ മഹത്വത്തിലേക്ക് നയിക്കുന്നു.

---

**അവന്റെ നാമത്തിൽ പ്രതിജ്ഞയെടുക്കുക (ദൃഢപ്രതിജ്ഞ എടുക്കുക).** അതിശയം എന്ന് പറയട്ടെ, കർത്താവിന്റെ നാമത്തിൽ ജനങ്ങളോട് ഗൗരവമായ വാഗ്ദാനങ്ങൾ, പ്രതിജ്ഞകൾ, ദൃഢപ്രതിജ്ഞകൾ എടുക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരുന്നു. ഇത് ഫലത്തിൽ ദൈവത്തെ ഒരു പ്രതിജ്ഞയുടെ സാക്ഷിയായി കൊണ്ടുവരികയും, അതുമൂലം കെട്ടുറപ്പുള്ള ഒരു വാഗ്ദാനമായി സൂക്ഷിക്കുകയും ചെയ്യേണ്ടി വന്നു. *"നിന്റെ ദൈവമായ യഹോവയെ ഭയപ്പെട്ട് അവനെ സേവിക്കേണം; അവന്റെ നാമത്തിൽ സത്യം ചെയ്യേണം"* (ആവർത്തനപുസ്തകം 6:13). യോനാഥാനും ദാവീദും കർത്താവിന്റെ നാമത്തിൽ സത്യം ചെയ്തു (1 ശമുവേൽ 20:42). കർത്താവായ യേശു നമ്മെ പഠിപ്പിച്ചത് നാം ഓർക്കുക, *"'അശേഷം സത്യം ചെയ്യരുത്"* പകരം *"നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ"* (മത്തായി 5:34,37).

**പുരോഹിതന്മാർ ജനത്തെ യഹോവയുടെ നാമത്തിൽ അനുഗ്രഹിച്ചു.** യഹോവ പുരോഹിതന്മാരെ നിയമിച്ചത് അദ്ദേഹത്തിന്റെ ശുശ്രൂഷ ചെയ്യുവാനും ജനത്തെ കർത്താവിന്റെ നാമത്തിൽ അനുഗ്രഹിക്കാനും വേണ്ടി ആയിരുന്നു. *"അക്കാലത്ത് യഹോവ ലേവിഗോത്രത്തെ യഹോവയുടെ നിയമപെട്ടകം ചുമപ്പാനും ഇന്നുവരെ നടന്നുവരുന്നതുപോലെ യഹോവയുടെ സന്നിധിയിൽ നിന്നു ശുശ്രൂഷചെയ്‌വാനും അദ്ദേഹത്തിന്റെ നാമത്തിൽ അനുഗ്രഹിപ്പാനും വേർതിരിച്ചു"*

(ആവർത്തനപുസ്തകം 10:8, ആവർത്തനപുസ്തകം 21:5 കൂടെ നോക്കുക). ദാവീദ് രാജാവ്, പെട്ടകം യെരുശലേം പട്ടണത്തിൽ കൊണ്ട് വന്നതിനു ശേഷം, *"ജനത്തെ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ അനുഗ്രഹിച്ചു"* (2 ശമുവേൽ 6:18).

**പുരോഹിതന്മാരും ലേവ്യരും യഹോവയുടെ നാമത്തിൽ ശുശ്രൂഷ ചെയ്തു.** *"യഹോവയുടെ നാമത്തിൽ ശുശ്രൂഷിപ്പാൻ എപ്പോഴും നില്‌ക്കേണ്ടതിന് നിന്റെ ദൈവമായ യഹോവ നിന്റെ സകല ഗോത്രങ്ങളിൽനിന്ന് അവനെയും പുത്രന്മാരെയും അല്ലോ തിരഞ്ഞെടുത്തിരിക്കുന്നത്"* (ആവർത്തനപുസ്തകം 18:5). അതുകൊണ്ട് പുരോഹിതന്മാർ, ജനത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ പ്രതിനിധികളും ദൈവത്തിനു വേണ്ടി ഉള്ള ജനത്തിന്റെ പ്രതിനിധികളും ആയിരുന്നു.

**പ്രവാചകന്മാർ അദ്ദേഹത്തിന്റെ നാമത്തിൽ സംസാരിച്ചു.** പഴയ നിയമത്തിൽ ഉടനീളം, പുരോഹിതന്മാർ ദൈവത്തിന്റെ നാമത്തിൽ സംസാരിക്കുന്ന മനുഷ്യർ ആയിരുന്നു (യാക്കോബ് 5:10). രാജാക്കന്മാരും ജനങ്ങളും പുരോഹിതന്മാർ ദൈവത്തിന്റെ നാമത്തിൽ സംസാരിക്കുന്നത് വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. ഉദാഹരണത്തിന് 1 ദിനവൃത്താന്തം 21:19-ൽ രേഖപെടുത്തിയിരിക്കുന്നത്, *"യഹോവയുടെ നാമത്തിൽ ഗാദ് പറഞ്ഞ വചനപ്രകാരം ദാവീദ് ചെന്നു".*

**ദൈവത്തിന്റെ നാമം എവിടെ ഉണ്ടോ, അവിടെ ദൈവം വസിക്കുന്നു.** മറ്റൊരു അതിശയകരമായ സത്യം എന്തെന്നുവെച്ചാൽ ദൈവം തന്റെ വചനം സ്ഥാപിച്ച സ്ഥലങ്ങളിലൂടെ ജനം സഞ്ചരിച്ചു, അദ്ദേഹം അവിടെ വസിച്ചു, അവർക്ക് അദ്ദേഹത്തെ അവിടെ ആരാധിക്കാനും കഴിഞ്ഞു. *"നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിക്കേണ്ടതിന് നിങ്ങളുടെ സകല ഗോത്രങ്ങളിലുംവച്ചു തിരഞ്ഞെടുക്കുന്ന സ്ഥലത്ത് നിങ്ങൾ തിരുനിവാസദർശനത്തിനായി ചെല്ലേണം"* (ആവർത്തനപുസ്തകം 12:5). പുതിയ നിയമത്തിൽ, വിശ്വാസി പരിശുദ്ധാത്മാവിനാൽ ദൈവത്തിന്റെ വാസസ്ഥലം ആകുന്നു. പഴയ നിയമത്തിൽ നിന്ന് വ്യത്യസ്തമായി പുതിയ നിയമത്തിൽ, വിശ്വാസികൾ ദൈവത്തിന്റെ നാമത്തിൽ എവിടെ കൂടുന്നുവോ അവിടെ കർത്താവിന്റെ സാന്നിധ്യം ഉള്ള സ്ഥലം ആകുന്നു.

**യഹോവയുടെ നാമത്തിൽ വിളിക്കപ്പെട്ട ജനം.** യാഹ്‌വെ എന്ന ദൈവത്തിൻറെ നാമം വഹിച്ച ഒരു ജനതയായിരുന്നു ഇസ്രായേല്യർ.

*"യഹോവയുടെ നാമം നിന്റെമേൽ വിളിച്ചിരിക്കുന്നു എന്ന് ഭൂമിയിലുള്ള സകല ജാതികളും കണ്ടു നിന്നെ ഭയപ്പെടും"* (ആവർത്തനപുസ്തകം 28:10). അവർ അവന്റെ നാമം വഹിച്ചതുകൊണ്ടും അവന്റെ സ്വന്തം നാമത്തിന്റെ മഹത്വത്തിനുമായി ദൈവം തന്റെ ജനത്തെ ഉപേക്ഷിക്കയില്ല. *"യഹോവ തന്റെ മഹത്തായ നാമം നിമിത്തം തന്റെ ജനത്തെ കൈവിടുകയില്ല; നിങ്ങളെ തന്റെ ജനമാക്കിക്കൊൾവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നിയിരിക്കുന്നു"* (1 ശമുവേൽ 12:22). ഇത് കണക്കിലെടുത്ത്, അവർ ക്ഷമ ചോദിക്കുകയും പുനരുജ്ജീവിപ്പിക്കാൻ ആവശ്യപ്പെടുകയും കർത്താവിന്റെ നാമത്തിൽ ദേശത്തിൽ ദൈവിക ഇടപെടൽ ആവശ്യപ്പെടുകയും ചെയ്തു. *"യഹോവേ, എന്റെ അകൃത്യം വലിയത്; നിന്റെ നാമംനിമിത്തം അതു ക്ഷമിക്കേണമേ"* (സങ്കീർത്തനങ്ങൾ 25:11). അവർ ദൈവത്തിന്റെ നാമത്തിൽ പുനരുജ്ജീവിപ്പിക്കാൻ വേണ്ടി പ്രാർത്ഥിച്ചു. *"യഹോവേ, നിന്റെ നാമം നിമിത്തം എന്നെ ജീവിപ്പിക്കേണമേ"* (സങ്കീർത്തനങ്ങൾ 143:11). *"കർത്താവേ, കേൾക്കേണമേ; കർത്താവേ, ക്ഷമിക്കേണമേ; കർത്താവേ, ചെവിക്കൊണ്ടു പ്രവർത്തിക്കേണമേ; എന്റെ ദൈവമേ, നിന്നെത്തന്നെ ഓർത്തു താമസിക്കരുതേ; നിന്റെ നാമം വിളിച്ചിരിക്കുന്നുവല്ലോ"* (ദാനീയേൽ 9:19).

**അവർ യഹോവയായ കർത്താവിന്റെ നാമത്തിൽ ശത്രുക്കളെ നേരിട്ടു.** യാഹ്‌വെ എന്ന നാമത്തിൽ അവർ യുദ്ധത്തിനായി പുറപ്പെട്ടു. *"ദാവീദ് ഫെലിസ്ത്യനോടു പറഞ്ഞത്: നീ വാളും കുന്തവും വേലുമായി എന്റെ നേരേ വരുന്നു; ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽനിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരേ വരുന്നു"* (1 ശമുവേൽ 17:45). *"ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കും; ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ കൊടി ഉയർത്തും; യഹോവ നിന്റെ അപേക്ഷകളൊക്കെയും നിവർത്തിക്കുമാറാകട്ടെ"* (സങ്കീർത്തനങ്ങൾ 20:5). *"ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയിക്കുന്നു; ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ കീർത്തിക്കും"* (സങ്കീർത്തനങ്ങൾ 20:7).

**അവർ യഹോവയായ കർത്താവിന്റെ നാമത്തിൽ പാടുകയും സ്തുതിക്കുകയും ചെയ്തു.** ദൈവത്തിന്റെ നാമത്തിനു സ്തുതി പാടുന്നത് അവനെ പാടി സ്തുതിക്കുന്നത് തന്നെ ആകുന്നു. *"അതുകൊണ്ട് യഹോവേ, ഞാൻ ജാതികളുടെ മധ്യേ നിനക്കു സ്തോത്രം ചെയ്യും; നിന്റെ നാമത്തെ ഞാൻ കീർത്തിക്കും"* (സങ്കീർത്തനങ്ങൾ 18:49). അവന്റെ നാമം സ്തുതിക്ക്

യോഗ്യമായ, മികച്ചതും, അതിശയകരവും, ഗംഭീരവും ആയ നാമം ആകുന്നു. *"ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു! നീ ആകാശത്തിൽ നിന്റെ തേജസ്സ വച്ചിരിക്കുന്നു"* (സങ്കീർത്തനങ്ങൾ 8:1). അവർ അവന്റെ നാമത്തിനു മഹത്വം കൊടുക്കും (സങ്കീർത്തനങ്ങൾ 29:2; സങ്കീർത്തനങ്ങൾ 115:1); അവന്റെ നാമത്തിനു നന്ദി അർപ്പിക്കും (സങ്കീർത്തനങ്ങൾ 30:4); അവന്റെ നാമം ഉയർത്തും (സങ്കീർത്തനങ്ങൾ 34:3); അവന്റെ നാമത്തെ വാഴ്ത്തും (സങ്കീർത്തനങ്ങൾ 54:6); അവന്റെ നാമത്തെ അനുഗ്രഹിക്കും (സങ്കീർത്തനങ്ങൾ 96:2); അവന്റെ നാമത്തെ ഭയപ്പെടും (സങ്കീർത്തനങ്ങൾ 86:11). *"സൂര്യന്റെ ഉദയംമുതൽ അസ്തമയംവരെ യഹോവയുടെ നാമം സ്തുതിക്കപ്പെടുമാറാകട്ടെ"* (സങ്കീർത്തനങ്ങൾ 113:3). ദൈവം തന്റെ നാമവും വചനവും സകലത്തിലും മുകളിലായി ഉയർത്തി—*"ഞാൻ നിന്റെ വിശുദ്ധമന്ദിരത്തെ നോക്കി നമസ്കരിച്ചു, നിന്റെ ദയയും വിശ്വസ്തതയും നിമിത്തം തിരുനാമത്തിനു സ്തോത്രം ചെയ്യും. നിന്റെ നാമത്തിനു മീതെയൊക്കെയും നീ നിന്റെ വാഗ്ദാനം മഹിമപ്പെടുത്തിയിരിക്കുന്നു"* (സങ്കീർത്തനങ്ങൾ 138:2).

**യഹോവയായ കർത്താവിന്റെ നാമത്തിൽ അവർക്ക് സഹായവും, സുരക്ഷിതത്വവും, സംരക്ഷണവും ഉണ്ടായിരുന്നു.** *"...യാക്കോബിൻ ദൈവത്തിന്റെ നാമം നിന്നെ ഉയർത്തുമാറാകട്ടെ"* (സങ്കീർത്തനങ്ങൾ 20:1). *"യഹോവയുടെ നാമം ബലമുള്ള ഗോപുരം; നീതിമാൻ അതിലേക്ക് ഓടിച്ചെന്ന് അഭയം പ്രാപിക്കുന്നു"* (സദൃശവാക്യങ്ങൾ 18:10). *"നമ്മുടെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയുടെ നാമത്തിൽ ഇരിക്കുന്നു"* (സങ്കീർത്തനങ്ങൾ 124:8).

**അവർ കർത്താവിന്റെ നാമത്തിൽ വന്നവരെ സ്വീകരിച്ചു.** *"യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ; ഞങ്ങൾ യഹോവയുടെ ആലയത്തിൽ നിന്നു നിങ്ങളെ അനുഗ്രഹിക്കുന്നു"* (സങ്കീർത്തനങ്ങൾ 118:26). ഇത് കർത്താവായ യേശുവിനെക്കുറിച്ചും പ്രാവചനികമായി സംസാരിക്കുകയായിരുന്നു.

**കർത്താവിന്റെ നാമത്തിൽ പ്രത്യാശവെക്കുന്നത് യഹോവയിൽ തന്നെ ആശ്രയിക്കുക എന്നാണ്.** *"നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും അവന്റെ ദാസന്റെ വാക്കു കേട്ടനുസരിക്കയും ചെയ്യുന്നവൻ ആർ? തനിക്കു പ്രകാശം ഇല്ലാതെ അന്ധകാരത്തിൽ നടന്നാലും അവൻ യഹോവയുടെ നാമത്തിൽ ആശ്രയിച്ച് തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടെ"* (യെശയ്യാവ് 50:10).

*"ഞാൻ നിന്റെ നടുവിൽ താഴ്മയും ദാരിദ്ര്യവും ഉള്ളൊരു ജനത്തെ ശേഷിപ്പിക്കും; അവർ യഹോവയുടെ നാമത്തിൽ ശരണം പ്രാപിക്കും"* (സെഫന്യാവ് 3:12).

**രാഷ്ട്രങ്ങൾ കർത്താവിന്റെ നാമത്തിലേക്ക് തിരിയും.** യഹോവയുടെ നാമം വിളിക്കപ്പെടുന്ന ഒരു കാലഘട്ടത്തെക്കുറിച്ച് പ്രവാചകന്മാർ സംസാരിച്ചു. യഹോവ ഒരേയൊരു കർത്താവായി ആരാധിക്കപ്പെടും. *"ആ കാലത്തു യെരൂശലേമിനു യഹോവയുടെ സിംഹാസനം എന്നു പേരാകും; സകല ജാതികളും അവിടേക്ക്, യെരൂശലേമിലേക്കു തന്നെ, യഹോവയുടെ നാമം നിമിത്തം വന്നുചേരും; തങ്ങളുടെ ദുഷ്ടഹൃദയത്തിന്റെ ശാഠ്യപ്രകാരം ഇനി നടക്കയുമില്ല"* (യിരെമ്യാവ് 3:17). *"എന്നാൽ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും; യഹോവ അരുളിച്ചെയ്തതുപോലെ സീയോൻ പർവതത്തിലും യെരൂശലേമിലും ഒരു രക്ഷിതഗണവും ശേഷിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ യഹോവ വിളിപ്പാനുള്ളവരും ഉണ്ടാകും"* (യോവേൽ 2:32). *"യഹോവ സർവഭൂമിക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവുമായിരിക്കും"* (സെഖര്യാവ് 14:9). *"സൂര്യന്റെ ഉദയംമുതൽ അസ്തമയംവരെ എന്റെ നാമം ജാതികളുടെ ഇടയിൽ വലുതാകുന്നു; എല്ലാടത്തും എന്റെ നാമത്തിന് ധൂപവും നിർമ്മലമായ വഴിപാടും അർപ്പിച്ചുവരുന്നു; എന്റെ നാമം ജാതികളുടെ ഇടയിൽ വലുതാകുന്നുവല്ലോ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു"* (മലാഖി 1:11).

**നാം അവന്റെ നാമം ധ്യാനിക്കുമ്പോൾ ദൈവം ശ്രദ്ധവെക്കുന്നു.** *"യഹോവാഭക്തന്മാർ അന്നു തമ്മിൽ തമ്മിൽ സംസാരിച്ചു; യഹോവ ശ്രദ്ധവച്ചു കേട്ടു; യഹോവാഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കുംവേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണപുസ്തകം എഴുതിവച്ചിരിക്കുന്നു"* (മലാഖി 3:16).

**യേശു: ദൈവത്തിന്റെ സകലവും ഒരു നാമത്തിൽ**

പഴയ നിയമത്തിന്റെ പെട്ടന്നുള്ള വിലയിരുത്തലിൽ, നമുക്ക് വ്യക്തമാകുന്നത് കർത്താവിന്റെ നാമം ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്നത് യെഹൂദാ ജനത്തിന്റെ അഭിവാജ്യ ഘടകം ആയിരുന്നു. അവന്റെ ജനം തന്റെ നാമത്തെ പരാമർശിക്കുമ്പോൾ കർത്താവ് അവരോട് അടുത്തിരുന്നു. കർത്താവിന്റെ നാമത്തിന്റെ പ്രാധാന്യം അവർക്കു മനസ്സിലായിരുന്നു.

കർത്താവായ യേശു ഇങ്ങനെ ഒരു സാഹചര്യത്തിൽ വന്നു എന്ന്

ചിന്തിക്കുക. വചനമായി അവതരിച്ചവൻ, ദൈവ പുത്രൻ, നാസറെത്തിൽ നിന്ന് വന്ന ലാളിത്യവും താഴ്മയും ഉള്ള ഒരു തച്ചൻ. അവൻ തന്റെ ശുശ്രൂഷ തുടങ്ങി, യെഹൂദാരായ 12 പുരുഷന്മാരെ കൂട്ടി, അവരെ അവന്റെ നാമത്തിൽ ശുശ്രൂഷക്കായി പറഞ്ഞയച്ചു! യേശു തന്റെ 12 അപ്പോസ്തോലന്മാരോട് ഇങ്ങനെ പറയുന്നത് ഒന്ന് ചിന്തിച്ചു നോക്കുക, *"പോയി എന്റെ നാമം ഉപയോഗിക്കുക, യേശു ക്രിസ്തു!"*

ആദ്യം 12, പിന്നെ 70, ശിഷ്യന്മാർ പോയി രോഗികളെ സൗഖ്യമാക്കുകയും, ഭൂതങ്ങളെ പുറത്താക്കുകയും, യേശുവിന്റെ നാമത്തിൽ അധികാരം ഉപയോഗിക്കുകയും ചെയ്തത് എന്തുകൊണ്ട്? "യഹോവ" എന്ന നാമവും യെഹൂദ വിശ്വാസ പ്രകാരം അവർക്ക് നന്നായി അറിയുന്ന ദൈവത്തിന്റെ മറ്റ് ഉടമ്പടി നാമങ്ങളും എന്തുകൊണ്ട് ഉപയോഗിച്ചില്ല?

നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്ന രണ്ട് പ്രധാന ഉൾക്കാഴ്ചകൾ ഇവിടെയുണ്ട്.

ഒന്ന്, 12 അപോസ്തോലന്മാർക്കും ഒരു വെളിപ്പാട് ഉണ്ടായി—അവർ യേശുവിനെ മിശിഹാ എന്നും, ദൈവപുത്രൻ എന്നും മനസിലാക്കി വിശ്വസിച്ചു. അത് കാരണം ആയിരുന്നു അവർ അവനെ അനുഗമിച്ചത്. യോഹന്നാൻ സ്നാപകൻ യേശുവിനെ ചൂണ്ടികാണിച്ചു, അവൻ മിശിഹാ ആണെന്നും, അവന്റെ മുൻപാകെ വന്നവൻ ആണെന്നും, പരിശുദ്ധത്മാവിനാൽ സ്നാനം ഏല്പിക്കുന്നവൻ ആണെന്നും, ദൈവത്തിന്റെ കുഞ്ഞാടും, ദൈവപുത്രൻ ആണെന്നും പ്രഖ്യാപിച്ചു (യോഹന്നാൻ 1:29-34). യോഹന്നാൻ സ്നാപകനിൽ നിന്ന് കേട്ടത് കൊണ്ടാണ് അന്ത്രയോസ് യേശുവിനെ അനുഗമിച്ചത്. അന്ത്രയോസ് അവന്റെ സഹോദരൻ ശിമോൻ പത്രോസിനെ കൊണ്ട് വന്നു, *"ഞങ്ങൾ മശീഹായെ എന്നുവച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു"* (യോഹന്നാൻ 1:41). ഫിലിപ്പോസ് കണ്ടെത്തിയ നഥനയേൽ യേശുവിനെ കണ്ടുമുട്ടിയപ്പോൾ പറഞ്ഞത്, *"റബ്ബീ, നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവ് എന്ന് ഉത്തരം പറഞ്ഞു!"* (യോഹന്നാൻ 1:49). നമുക്ക് മത്തായി 16:16 ൽ ശിമോൻ പത്രോസിന്റെ പ്രഖ്യാപനം അറിയാവുന്നതാണ്, *"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് ഉത്തരം പറഞ്ഞു."* അതുകൊണ്ട് ഇത് വളരെ വ്യക്തമാണ്, യേശു അപ്പോസ്തലന്മാർ ആയി നിയമിച്ച ആ യെഹൂദ പുരുഷന്മാർ, അവനെ ദൈവപുത്രനായ മിശിഹാ എന്ന് വിശ്വസിച്ചു.

രണ്ടു, 12 അപ്പോസ്തോലന്മാരും യേശു ചെയ്ത അതിശയപ്രവർത്തികൾ

അവരുടെ കണ്ണിനു മുൻപേ കണ്ടു. അവർ രോഗശാന്തി, വിടുതൽ, ഒപ്പം അത്ഭുതങ്ങൾ കണ്ടു. അതുകൊണ്ട്, യേശു അവരെ "നസ്രായനായ യേശു ക്രിസ്തു" എന്ന നാമത്തിൽ അധികാരം കൊടുത്തു പറഞ്ഞയച്ചപ്പോൾ, അവർ വളരെ മനസ്സോടെ അത് ചെയ്തു. തീർച്ചയായും, അവർ ഫലങ്ങൾ കണ്ടു. ഇത് അവർക്ക് അവർ ചെയ്യാൻ നിയോഗിക്കപ്പെട്ടത് ചെയ്യുവാനുള്ള ആത്മവിശ്വാസം കൊടുത്തു. യേശുവും അവന്റെ 12 അപോസ്തോലന്മാരും മുഖാന്തിരം ഇത് സംഭവിക്കുന്നത് കണ്ട മറ്റുള്ളവരും യേശുവിന്റെ നാമം ഉപയോഗിച്ചപ്പോഴും യേശു അവരെ തടഞ്ഞില്ല (മർക്കോസ് 9:30-38; ലൂക്കോസ് 9:49,50). യേശു അവന്റെ നാമത്തിൽ പ്രസംഗിക്കാനും വീര്യപ്രവർത്തികൾ ചെയ്യാനും വേറെ 70 യെഹൂദാ അനുയായികളെ നിയമിച്ചു (ലൂക്കോസ് 10:1,9,17).

ഈ യഹൂദ വിശ്വാസികൾ ആയിരുന്നു യേശുവിന്റെ നാമത്തിൽ ഉള്ള ശക്തിയെ കുറിച്ച് ആദ്യം അനുഭവിച്ചറിഞ്ഞത്. *യഹോവ* എന്ന പദവിയിലൂടെ ദൈവം തന്നെത്താൻ വെളിപ്പെടുത്തിയത് ഒരു നാമത്തിൽ മാത്രം സംഗ്രഹിക്കപ്പെട്ടിരിക്കുന്നു—യേശു എന്ന നാമത്തിൽ.

ഇന്ന് നമുക്ക് വേണ്ടി ഉള്ള രണ്ടു പ്രധാനപ്പെട്ട പാഠങ്ങൾ. ഒന്ന്, യേശു ആരാണെന്ന് നമ്മൾ മനസിലാക്കണം. യേശു എന്ന വ്യക്തിയുടെ വലിപ്പത്തെ കുറിച്ച് നമുക്ക് വ്യക്തിപരമായ വെളിപ്പാട് ഉണ്ടായിരിക്കണം. രണ്ട്, നാം മനസിലാക്കേണ്ടത് യേശു തന്റെ നാമം ഉപയോഗിക്കാൻ നമ്മെ അധികാരപ്പെടുത്തിയത് കൊണ്ട് നാം യേശു എന്ന നാമം ധൈര്യമായി ഉപയോഗിക്കുക.

---

ദൈവം ആരാണെന്ന്,
ഈ ഒരു നാമത്തിൽ അടങ്ങിയിരിക്കുന്നു,
യേശുവിന്റെ നാമം!

---

## പ്രതിഫലനം

1) പഴയ നിയമത്തിൽ ജനങ്ങൾ എങ്ങനെ കർത്താവിന്റെ നാമം അവരുടെ ദൈനം ദിന ജീവിതത്തിൽ ഉപയോഗിക്കുന്ന എന്നതിനെ കുറിച്ച അവലോകനം ചെയ്യുക. ഇതിൽ പുതിയ നിയമത്തിൽ വിശ്വാസികൾക്ക് സമാന്തരം വഹിക്കുന്ന കുറഞ്ഞത് അഞ്ചെണ്ണം തിരഞ്ഞെടുക്കുക. സമാനമായ (സമാനം ആകണമെന്നില്ല) വഴിയിലൂടെ നാം യേശുവിന്റെ നാമം എങ്ങനെ ഉപയോഗിക്കുന്നു എന്ന് ചർച്ച ചെയ്യുക.

2) നിങ്ങൾ ദൈവവമായ യഹോവയെ കുറിച്ച ശക്തമായ ധാരണ ഉള്ള യെഹൂദനായി വളർത്തപ്പെട്ട 12 അപ്പോസ്തോലന്മാരോ 70 ശിഷ്യന്മാരോ ആയിരുന്നെങ്കിൽ...
   എ) നസ്രേത്തിൽ നിന്നുള്ള ഒരു ചെറുപ്പക്കാരനായ തച്ചൻ അവന്റെ നാമത്തിൽ നിങ്ങൾക്ക് ശക്തമായ കാര്യങ്ങൾ ചെയ്യാൻ പറ്റുമെന്ന് പറഞ്ഞാൽ നിങ്ങൾ എങ്ങനെ പ്രതികരിക്കും?
   ബി) ഏത് തരത്തിലുള്ള ചോദ്യങ്ങൾ നിങ്ങളെ ബുദ്ധിമുട്ടിക്കുമായിരുന്നു?
   സി) അവന്റെ നാമം ഉപയോഗിക്കാൻ നിങ്ങളെ ബോധ്യമുള്ളവർ ആക്കുന്ന പ്രധാന ഘടകങ്ങൾ എന്തായിരിക്കും?

## 4

# എന്റെ പിതാവിന്റെ നാമത്തിൽ

**യോഹന്നാൻ 5:43**
**ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു; എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല; മറ്റൊരുത്തൻ സ്വന്തനാമത്തിൽ വന്നാൽ അവനെ നിങ്ങൾ കൈക്കൊള്ളും.**

**യോഹന്നാൻ 10:25**
**യേശു അവരോട് ഉത്തരം പറഞ്ഞത്: "ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ട്; എങ്കിലും നിങ്ങൾ വിശ്വസിക്കുന്നില്ല; എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു സാക്ഷ്യം ആകുന്നു.**

നമ്മൾ നേരത്തെ സൂചിപ്പിച്ചതുപോലെ, കർത്താവായ യേശു നമുക്ക് നിയോഗിക്കപ്പെട്ട ആത്മീയ അധികാരത്തിൽ എങ്ങനെ നടക്കണം എന്നതിനുള്ള തികഞ്ഞ ഉദാഹരണവും സാക്ഷാത്കാരവും ആകുന്നു. കർത്താവായ യേശു പിതാവിന്റെ നാമത്തിൽ വന്ന് പിതാവിന്റെ നാമത്തിൽ പ്രവർത്തികൾ ചെയ്തു.

*"ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നു"* എന്ന് യേശു പറഞ്ഞപ്പോൾ, അവൻ ഉദ്ദേശിച്ചത് അവൻ പൂർണമായി പിതാവിനെ പ്രതിനിതീകരിക്കാൻ അവനിൽ ഏല്പിച്ച അധികാരത്തോടെ വന്നു എന്നാകുന്നു. ഇതിനർത്ഥം പിതാവിന്റെ വചനം സംസാരിക്കുവാനും, പിതാവിന്റെ വേല ചെയ്യുവാനും, പിതാവിന്റെ ഇഷ്ടം ചെയ്യുവാനും, പിതാവ് അവനിൽ ഏല്പിച്ച ചുമതല പൂർത്തീകരിക്കാനും ഒരു അധികാരം വഹിച്ചു എന്നാകുന്നു.

---

"ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നു"
എന്ന് യേശു പറഞ്ഞപ്പോൾ,
അവൻ ഉദ്ദേശിച്ചത് അവൻ പൂർണമായി
പിതാവിനെ പ്രതിനിതീകരിക്കാൻ അവനിൽ
ഏല്പിച്ച അധികാരത്തോടെ വന്നു എന്നാകുന്നു.

---

പിതാവിന്റെ നാമത്തിൽ വേല ചെയ്യുവാൻ വന്നു എന്ന ഉദ്ദേശിക്കുന്നത് യേശു പിതാവ് എന്ത് ചെയ്യുവാൻ ആഗ്രഹിക്കുന്നുവോ അത് ചെയ്യാൻ വന്നു എന്നാകുന്നു, മുഴുവനായും പിതാവിനെ പ്രതിനിതീകരിച്ചു, അദ്ദേഹത്തിന്റെ

പേരിൽ പ്രവർത്തിച്ചു, പിതാവ് അവനിൽ സ്ഥാപിതമാക്കിയ അധികാരം ഉപയോഗിച്ച് അദ്ദേഹത്തിന്റെ സ്ഥാനത്തു നിന്നു.

ഈ അധ്യായത്തിൽ, നാം ആലോചിക്കുന്നത് യേശു എങ്ങനെ പിതാവിന്റെ കൂടെ നടന്ന് അദ്ദേഹത്തിനു വേണ്ടി പ്രവർത്തിച്ചു അദ്ദേഹത്തിനു വേണ്ടി സംസാരിച്ചു അദ്ദേഹം ചെയ്യാൻ ആഗ്രഹിക്കുന്നതു ചെയ്തും എന്നുള്ളതിന് കുറിച്ചാകുന്നു. യേശു എങ്ങനെ പിതാവിന്റെ കൂടെ നടന്നു അദ്ദേഹത്തിന്റെ നാമത്തിൽ അദ്ദേഹത്തെ മുഴുവനായി പ്രതിനിധീകരിച്ചു അദ്ദേഹത്തിന്റെ കൽപ്പന നിറവേറ്റി എന്നതിനെ പറ്റി പഠിക്കുന്നത് നല്ലതായിരിക്കും. കർത്താവായ യേശു പിതാവിനെ പ്രതിനിധീകരിച്ചു വന്നെങ്കിൽ പോലും അവൻ നമ്മെ അവന്റെ നാമത്തെ പ്രതിനിധീകരിച്ചു പറഞ്ഞയച്ചു. നാം യേശുവിന്റെ നാമത്തിൽ അയക്കപെട്ടതിനാൽ, നാമും യേശു കാണിച്ചു തന്ന മാതൃക പിന്തുടരണം.

**പിതാവിന്റെ നാമത്തിൽ ജീവിച്ച ഒരു ജീവിതം**

"എന്റെ പിതാവിന്റെ നാമത്തിൽ" എന്നുള്ളത് "അയക്കുന്ന ആളുടെ" ഒരു അവകാശവാദം മാത്രമല്ല. യേശുവിന്റെ ഭൂമിയിലുള്ള ജീവിതത്തെ കുറിച്ചെല്ലാം അവൻ പിതാവിന്റെ നാമത്തിൽ ഇവിടെ ഉണ്ടായിരുന്നു എന്നുള്ള വസ്തുതയിൽ സ്പർശിച്ചായിരുന്നു.

അങ്ങനെയാണ് യേശു പിതാവിന്റെ നാമത്തിൽ വന്ന ഒരുവനായി അവന്റെ ജീവിതം ജീവിച്ചത്.

**യേശു പിതാവിന്റെ മടിയിൽ ജീവിച്ചു, പിതാവിന്റെ കൂടെ അഗാധമായ കൂട്ടായ്മയിൽ നടന്നു, പിതാവിനെ വെളിപ്പെടുത്തി (യോഹന്നാൻ 1:18).** *"പിതാവ് എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ!"* (യോഹന്നാൻ 10:15).

**യേശു പിതാവുമായി തികഞ്ഞ ഐക്യത്തിൽ നടന്നു** അത് കൊണ്ട് അവനു പറയാൻ കഴിഞ്ഞു, *"ഞാനും പിതാവും ഒന്നാകുന്നു"* (യോഹന്നാൻ 10:30). *"നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു..."* (യോഹന്നാൻ 14:7). *"...എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു"* (യോഹന്നാൻ 14:9).

**അവനു പിതാവിന്റെ സ്നേഹം അറിയുകയും അതിൽ വിശ്രമിക്കുകയും ചെയ്തു.** *"പിതാവ് പുത്രനെ സ്നേഹിക്കുന്നു"* (യോഹന്നാൻ 3:35). *"പിതാവ് പുത്രനെ സ്നേഹിക്കയും താൻ ചെയ്യുന്നതൊക്കെയും അവനു കാണിച്ചുകൊടുക്കയും*

*ചെയ്യുന്നു; നിങ്ങൾ ആശ്ചര്യപ്പെടുമാറ് ഇവയിൽ വലിയ പ്രവൃത്തികളും അവനു കാണിച്ചുകൊടുക്കും"* (യോഹന്നാൻ 5:20). യോഹന്നാൻ 10:17 കൂടെ നോക്കുക.

**പിതാവുമായുള്ള അവന്റെ ബന്ധം അംഗീകരിക്കാൻ അവനു ഭയമില്ലായിരുന്നു.** ഇതിനർത്ഥം ഇത് കാരണം അവൻ കൊല്ലപ്പെട്ടാലും അവനു ഭയമില്ലായിരുന്നു (യോഹന്നാൻ 5:18).

**ജനങ്ങൾ അവനെ അപമാനിച്ചാലോ നിരസിച്ചാലോ, അവർ അവനെ അയച്ച പിതാവിനെ അത്രേ അപമാനിക്കുകയും നിരസിക്കുകയും ചെയ്യുന്നത് എന്ന് അവൻ മനസിലാക്കി (യോഹന്നാൻ 5:23).** *"എന്നെ പകയ്ക്കുന്നവൻ എന്റെ പിതാവിനെയും പകയ്ക്കുന്നു"* (യോഹന്നാൻ 15:23).

**പിതാവിന്റെ ഇഷ്ടവും പ്രവർത്തികളും ചെയ്തു അവൻ ഊർജ്ജം ലഭിക്കുകയും, ഉത്തേജനം ലഭിക്കുകയും നിലനിൽക്കുകയും ചെയ്തു.** *"യേശു അവരോടു പറഞ്ഞത്: എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതുതന്നെ എന്റെ ആഹാരം"* (യോഹന്നാൻ 4:34). *"എനിക്കു സ്വതേ ഒന്നും ചെയ്‌വാൻ കഴിയുന്നതല്ല ... ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ ഇച്ഛിക്കുന്നതു"* (യോഹന്നാൻ 5:30). *"ജീവനുള്ള പിതാവ് എന്നെ അയച്ചിട്ടു ഞാൻ പിതാവിനാലം ജീവിക്കുന്നതുപോലെ,..."* (യോഹന്നാൻ 6:57). *"ഞാൻ ഭൂമിയിൽ നിന്നെ മഹത്ത്വപ്പെടുത്തി, നീ എനിക്കു ചെയ്‌വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു"* (യോഹന്നാൻ 17:4).

**അവൻ പിതാവിന്റെ പ്രവർത്തികൾ ചെയ്തു.** അവൻ പിതാവ് ചെയ്യുന്നത് കാണാനും ചെയ്യാനും പ്രതിബദ്ധതയുള്ളവൻ ആയിരുന്നു (യോഹന്നാൻ 5:17,19).

**അവൻ തന്റെ പിതാവിനാൽ അയക്കപെട്ടതാണെന്നും അദ്ദേഹത്തിന്റെ പ്രവർത്തികൾ ചെയ്തതിന്റെ സാക്ഷിയും, മുദ്രയും, അയക്കപെട്ടെന്ന വസ്തുതയുടെ സാക്ഷിയും ആകുന്നു എന്ന് യേശുവിനു മനസ്സിലായിരുന്നു (യോഹന്നാൻ 5:36). അവന്റെ ജീവിതത്തിൽ പിതാവിന്റെ അംഗീകാരത്തിന്റെ മുദ്ര ഉണ്ടെന്ന് അവനു ആത്മവിശ്വാസം ഉണ്ടായിരുന്നു (യോഹന്നാൻ 6:27).**

**അവൻ ചെയ്ത പ്രവൃത്തികൾ പിതാവിന്റെ കൂടെ ഉള്ള അവന്റെ ഐക്യത്തിന്റെ പ്രകടനം ആയിരുന്നു.** *"...ചെയ്യുന്നു എങ്കിലോ എന്നെ വിശ്വസിക്കാതിരുന്നാലും പിതാവ് എന്നിലും ഞാൻ പിതാവിലും എന്നു നിങ്ങൾ ഗ്രഹിച്ച് അറിയേണ്ടതിന് പ്രവൃത്തിയെ വിശ്വസിപ്പിൻ"*

(യോഹന്നാൻ 10:38). *"...പിതാവ് എന്നിൽ വസിച്ചുകൊണ്ടു തന്റെ പ്രവൃത്തി ചെയ്യുന്നു"* (യോഹന്നാൻ 14:10). *"ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിപ്പിൻ; അല്ലെങ്കിൽ പ്രവൃത്തി നിമിത്തം എന്നെ വിശ്വസിപ്പിൻ"* (യോഹന്നാൻ 14:11).

**പിതാവ് അവനെ പഠിപ്പിച്ചതാണ് അവൻ സംസാരിച്ചത്.** *"...പിതാവ് എനിക്ക് ഉപദേശിച്ചു തന്നതുപോലെ ഇത് സംസാരിക്കുന്നു എന്നും അറിയും"* (യോഹന്നാൻ 8:28). *"പിതാവിന്റെ അടുക്കൽ കണ്ടിട്ടുള്ളത് ഞാൻ സംസാരിക്കുന്നു"* (യോഹന്നാൻ 8:38). *"ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവുതന്നെ ഞാൻ ഇന്നതു പറയേണം എന്നും ഇന്നതു സംസാരിക്കേണം എന്നും കല്പന തന്നിരിക്കുന്നു...ആകയാൽ ഞാൻ സംസാരിക്കുന്നത് പിതാവ് എന്നോട് അരുളിച്ചെയ്തതുപോലെതന്നെ സംസാരിക്കുന്നു"* (യോഹന്നാൻ 12:49,50). *"ഞാൻ നിങ്ങളോടു പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത്..."* (യോഹന്നാൻ 14:10). *"...നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല എന്നെ അയച്ച പിതാവിന്റേതത്രേ എന്ന് ഉത്തരം പറഞ്ഞു"* (യോഹന്നാൻ 14:24).

**പ്രാർത്ഥിക്കുമ്പോൾ പിതാവ് തന്റെ പ്രാർത്ഥന കേട്ടുവെന്ന പൂർണവിശ്വാസം അവനുണ്ടായിരുന്നു.** ലാസറിന്റെ കല്ലറയുടെ മുൻപിൽ നിൽക്കുമ്പോൾ യേശു പറഞ്ഞു, *"പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു"* (യോഹന്നാൻ 11:41).

**അവൻ തന്നെ ആരാണെന്ന് അവന് അറിയാമായിരുന്നു *"...പിതാവ് വിശുദ്ധീകരിച്ച ലോകത്തിലേക്ക് അയച്ചവൻ എന്ന്..."* (യോഹന്നാൻ 10:36).**

***"പിതാവ് തരുന്നതെല്ലാം എന്നിലേക്ക് വരും"* (യോഹന്നാൻ 6:37) എന്നുള്ള ഉറപ്പിലാണ് യേശു നടന്നത്.** അവന്റെ അടുത്തേക്ക് വരാൻ നിയമിക്കപ്പെട്ടവർ അവന്റെ അടുത്തേക്ക് തന്നെ വരും. പിതാവിന്റെ കയ്യിൽ അവർ സുരക്ഷിതർ ആണെന്ന് അവന് അറിയാമായിരുന്നു. *"അവയെ തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും വലിയവൻ; പിതാവിന്റെ കൈയിൽനിന്നു പിടിച്ചുപറിപ്പാൻ ആർക്കും കഴികയില്ല"* (യോഹന്നാൻ 10:29).

**പിതാവ് എപ്പോഴും അവനോട് കൂടെ ഉണ്ടെന്നുള്ള ഉറപ്പും ആത്മവിശ്വാസവും യേശുവിന് ഉണ്ടായിരുന്നു.** *"ഞാൻ ഏകനല്ല, ഞാനും എന്നെ അയച്ച പിതാവും"* (യോഹന്നൻ 8:16). *"എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ട്. അവൻ എന്നെ ഏകനായി വിട്ടിട്ടില്ല എന്നു*

*പറഞ്ഞു,..."* (യോഹന്നാൻ 8:29). *"...നിങ്ങൾ ഓരോരുത്തൻ താന്താന്റെ സ്വന്തത്തിലേക്കു ചിതറിപ്പോകയും എന്നെ ഏകനായി വിടുകയും ചെയ്യുന്ന നാഴിക വരുന്നു; വന്നുമിരിക്കുന്നു; പിതാവ് എന്നോടുകൂടെ ഉള്ളതുകൊണ്ടു ഞാൻ ഏകനല്ലതാനും"* (യോഹന്നാൻ 16:32).

**പിതാവിനെ പ്രസാദിപ്പിച്ച ഒരു ജീവിതം ആയിരുന്നു യേശു ജീവിച്ചത്** *"...ഞാൻ എല്ലായ്പോഴും അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട്"* (യോഹന്നാൻ 8:29). അവൻ പിതാവിന് കീഴടങ്ങി നടന്നു. *"...പിതാവ് എന്നെക്കാൾ വലിയവനല്ലോ"* (യോഹന്നാൻ 14:28). *"...എങ്കിലും ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും പിതാവ് എന്നോടു കല്പിച്ചതുപോലെ ഞാൻ ചെയ്യുന്നു"* (യോഹന്നാൻ 14:31). *"...ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ"* (യോഹന്നാൻ 15:10).

**യേശു സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്താൻ ജീവിച്ചു.** അവൻ പ്രാർത്ഥിച്ചു, *"പിതാവേ, നിന്റെ നാമത്തെ മഹത്ത്വപ്പെടുത്തേണമേ"* (യോഹന്നാൻ 12:28). *"ഞാൻ ഭൂമിയിൽ നിന്നെ മഹത്ത്വപ്പെടുത്തി"* (യോഹന്നാൻ 17:4).

## അങ്ങയുടെ പേര് വെളിപ്പെടുത്തുകയും പ്രഖ്യാപിക്കുകയും ചെയ്തു

യോഹന്നാൻ 17-ൽ പിതാവിനോടുള്ള അവന്റെ പ്രാർത്ഥനയിൽ, യേശു പിതാവിന്റെ നാമം ഉപയോഗിക്കുന്നതിനെ പറ്റി പരാമർശിച്ചിട്ടുണ്ട്. ഈ പ്രസ്താവനകളിൽ നിന്ന് നമ്മൾ ചില ഉൾക്കാഴ്ചകൾ നേടുന്നു.

**യോഹന്നാൻ 17:6,26**
**6"നീ ലോകത്തിൽനിന്ന് എനിക്കു തന്നിട്ടുള്ള മനുഷ്യർക്കു ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു. അവർ നിനക്കുള്ളവർ ആയിരുന്നു; നീ അവരെ എനിക്കു തന്നു; അവർ നിന്റെ വചനം പ്രമാണിച്ചുമിരിക്കുന്നു.**
**26നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും."**

**യോഹന്നാൻ 17:6,26 (പാഷൻ ട്രാൻസലേഷൻ, റ്റി പി റ്റി)**
**6"നീ ലോകത്തിൽനിന്ന് എനിക്കു തന്നിട്ടുള്ള മനുഷ്യർക്കു ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു. അവർ നിനക്കുള്ളവർ ആയിരുന്നു; നീ അവരെ എനിക്കു തന്നു; അവർ നിന്റെ വചനം പ്രമാണിച്ചുമിരിക്കുന്നു.**
**26നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും."**

യേശുവിന്റെ പ്രസ്താവന പുതിയ കിംഗ് ജെയിംസ് പതിപ്പിൽ *"ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു"* എന്നാകുമ്പോൾ, പാഷൻ

ട്രാൻസലേഷനിൽ (റ്റി പി റ്റി) *"ഞാൻ നിന്നെ ആരാണെന്ന് വെളിപ്പെടുത്തി ഇരിക്കുന്നു,"* ഇതിൽ അർത്ഥം കുറച്ചു കൂടി പുറത്തു കൊണ്ട് വരുന്നു. ഇവിടെ വ്യക്തമാക്കുന്നത് യേശുവിന്റെ ഉദ്ദേശം പിതാവ് യഥാർത്ഥത്തിൽ ആരെണെന്ന് പ്രകടമാക്കാനും വെളിപ്പെടുത്തുവാനും വേണ്ടി ആയിരുന്നു അവൻ പിതാവിന്റെ നാമത്തിൽ വന്നതും, സംസാരിച്ചതും, പ്രവർത്തിച്ചതും. എന്നിരുന്നാലും, നമ്മുടെ ഉദ്ദേശം യേശുവിന്റെ നാമത്തിൽ പോകുന്നത് യേശു യഥാർത്ഥത്തിൽ ആരാണെന്ന് പ്രകടമാക്കാനും വെളിപ്പെടുത്താനും വേണ്ടി ആകുന്നു.

---

യേശു വന്നതും,
സംസാരിച്ചതും, പിതാവിന്റെ
നാമത്തിൽ പ്രവർത്തിച്ചതും പിതാവ് യഥാർത്ഥത്തിൽ
ആരാണെന്ന് വെളിപ്പെടുത്താനും
വ്യക്തമാക്കാനുമായിരുന്നു.
അതുപോലെ, യേശുവിന്റെ നാമത്തിൽ
നാം പോകുന്നതിന്റെ ലക്ഷ്യം
ആളുകൾക്ക് യേശു യഥാർത്ഥത്തിൽ ആരാണെന്ന്
വെളിപ്പെടുത്തുകയും വ്യക്തമാക്കുകയുമാണ്

---

## നിന്റെ നാമം മുഖാന്തരം സംരക്ഷിക്കപ്പെട്ടു

**യോഹന്നാൻ 17:11,12**

**[11]ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല; ഇവരോ ലോകത്തിൽ ഇരിക്കുന്നു; ഞാൻ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധപിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ.**
**[12]അവരോടുകൂടെ ഇരുന്നപ്പോൾ ഞാൻ അവരെ നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ കാത്തുകൊണ്ടിരുന്നു; ഞാൻ അവരെ സൂക്ഷിച്ചു; തിരുവെഴുത്തിനു നിവൃത്തി വരേണ്ടതിന് ആ നാശയോഗ്യനല്ലാതെ അവരിൽ ആരും നശിച്ചുപോയിട്ടില്ല.**

11,12 വാക്യങ്ങളിൽ യേശു ഉപയോഗിച്ചിരിക്കുന്ന "സൂക്ഷിച്ചു" (ഗ്രീക്ക് *ടെറെയോ*) എന്ന വാക്ക് *"കാക്കുവാനും, സൂക്ഷിക്കുവാനും, നിരീക്ഷിക്കുവാനും എന്നാകുന്നു."* യേശു ശാരീരികമായി ശിഷ്യന്മാരോടൊപ്പം ആയിരുന്നപ്പോൾ, പിതാവിന്റെ നാമത്തിൽ, അതായത് പിതാവിന്റെ അധികാരത്താൽ, യേശു തനിക്ക് നൽകപ്പെട്ട മനുഷ്യർക്ക് ആത്മീയ സംരക്ഷണം നൽകി.ഇപ്പോൾ, അവൻ പുറപ്പെടുവാനുള്ള സമയം അടുത്തപ്പോൾ, അവൻ സ്വർഗ്ഗസ്ഥനായ പിതാവിന്റെ നാമത്തിൽ അവനു ലഭിച്ച അതെ ആത്മീയ സംരക്ഷണം ശിഷ്യന്മാർക്കും ലഭിക്കുവാൻ വേണ്ടി അപേക്ഷിച്ചു. നമ്മൾ ശ്രദ്ധിക്കുന്ന ആളുകളുടെയും നമ്മെ ഏൽപ്പിച്ചിരിക്കുന്നവരുടെയും മേൽ യേശുവിന്റെ

നാമത്തിൽ ആത്മീയ സംരക്ഷണം വ്യാപിപ്പിക്കാൻ കഴിയുമെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു.

**പിതാവുമായി സമ്പൂർണ ഐക്യത്തിൽ ജീവിച്ച ഒരു ജീവിതം**

**യോഹന്നാൻ 20:21**

**യേശു പിന്നെയും അവരോട്: "നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നു പറഞ്ഞു."**

പിതാവിന്റെ നാമത്തിൽ യേശു പ്രവർത്തിച്ചത് നിരീക്ഷിക്കുമ്പോൾ, ശിഷ്യന്മാർ ആകുന്ന നമുക്കും യേശുവിന്റെ നാമം ഉപയോഗിക്കുന്നതിനെ പറ്റിയുള്ള ധാരാളം ഉൾകാഴ്ചകൾ നേടുവാൻ ഇടയാകും. "യേശുവിന്റെ നാമത്തിൽ" എന്ന് നാം പറയുമ്പോൾ നമ്മൾ ഉപയോഗിക്കുന്ന ഒരു പദം എന്നതിൽ കൂടുതൽ പ്രാധാന്യം ഉണ്ടതിന്. "യേശുവിന്റെ നാമത്തിൽ" നാം പ്രസ്താവിക്കുമ്പോൾ നമ്മുക്ക് യേശു "പിതാവിന്റെ നാമത്തിൽ" പ്രസ്താവിക്കുന്നത് എങ്ങനെയാകുന്നുവോ അത് പോലെ ആകണം. അത് എല്ലാറ്റിനെയും സ്പർശിക്കുന്നു. ഭൂമിയിലെ എല്ലാ ജീവനും ഒഴുകിയത് അവൻ പിതാവിന്റെ നാമത്തിൽ ഇവിടെ വന്നു എന്നുള്ള വസ്തുതയിൽ ആയിരുന്നു. അത് പിതാവുമായി സമ്പൂർണ ഐക്യത്തിൽ ജീവിച്ച ഒരു ജീവിതം ആയിരുന്നു.

നമുക്ക് *"ഞാൻ പിതാവിന്റെ നാമത്തിൽ വന്നു"* എന്നുള്ള യേശുവിന്റെ പ്രസ്താവന പിതാവുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ നിന്ന് വേർപിരിക്കാൻ കഴിയില്ല. അവൻ പിതാവിന്റെ നാമത്തിൽ വന്നു എന്നതിന്റെ അർത്ഥം അവൻ പിതാവിനോടൊപ്പം ഒരു പ്രത്യേക രീതിയിൽ-പിതാവുമായുള്ള സമ്പൂർണ്ണ ഐക്യത്തിന്റെ നടത്തം—നടന്നുവെന്നതുമാണ്. എന്നിരുന്നാലും, കർത്താവായ യേശുവുമായുള്ള നമ്മുടെ വ്യക്തിപരമായ നടപ്പും അവന്റെ നാമം ഉപയോഗിക്കുന്നതും തമ്മിൽ വേർപിരിക്കുവാൻ പാടില്ല. നാം യേശുവിലും അവൻ നമ്മളിലും ആകുന്നു.യേശുവിന്റെ നാമം ഉപയോഗിക്കുന്നതിന്റെ പ്രാധാന്യം നാം യേശുവുമായി ഉള്ള ഈ ഐക്യവും നാം അത് ഉപയോഗിച്ച് ഓരോ ദിവസവും എങ്ങനെ ജീവിക്കുന്നു എന്നതുപോലെ ഇരിക്കും.

പിതാവമായുള്ള ഐക്യത്തിൽ യേശു ഈ ഭൂമിയിൽ ജീവിച്ച ജീവിതം നാമും യേശുവിനോടു കൂടെ ഐക്യത്തിൽ എങ്ങനെ ജീവിതം ജീവിക്കണം എന്നതിനുള്ള ഒരു മാതൃക ആകുന്നു. *"ജീവനുള്ള പിതാവ് എന്നെ അയച്ചിട്ടു ഞാൻ പിതാവിമൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എന്മൂലം ജീവിക്കും"* (യോഹന്നാൻ 6:57). *"ഞാൻ എന്റെ പിതാവിലും നിങ്ങൾ*

*എന്നിലും ഞാൻ നിങ്ങളിലും എന്നു നിങ്ങൾ അന്നു അറിയും"* (യോഹന്നാൻ 14:20). *"അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു"* (1 യോഹന്നാൻ 2:6).

ഒരു വിശ്വാസി യേശുവിന്റെ നാമം ഉപയോഗിക്കുമ്പോൾ, അത് നമുക്ക് കർത്താവായ യേശു ചുമതലപ്പെടുത്തിയ അധികാരത്തിന്റെ പ്രകടനം ആണെങ്കിലും അതിനും അപ്പുറത്തേക്ക് വ്യാപിച്ചു കിടക്കുന്നു. അത് നാം ആരാകുന്നു, എങ്ങനെ നാം ജീവിക്കുന്നു, നാം എന്ത് പറയുന്നു എന്ത് ചെയ്യുന്നു എന്നതിനെ കുറിച്ച് ആകുന്നു. യേശുവിൽ ഉള്ള പൂർണ്ണമായ ഐക്യത്തിൽ ജീവിക്കുന്ന ഒരു ജീവിതമാണത്. എല്ലാ വഴിയിലും, എല്ലാ കാര്യങ്ങളിലും, എല്ലാ സമയങ്ങളിലും യേശുവിനെ പൂർണമായി പ്രതിനിധീകരിക്കുന്നതിനെ കുറിച്ചാകുന്നു.

---

യേശു പിതാവിന്റെ നാമത്തിൽ വന്നു.<br>
അവൻ നമ്മെ അവന്റെ നാമത്തിൽ അയച്ചു.<br>
യേശു പിതാവിന്റെ ഐക്യത്തിൽ നടന്നതുപോലെ,<br>
നാമും യേശുവിന്റെ ഐക്യത്തിൽ നടക്കേണ്ടുന്നതാകുന്നു<br>
എന്തുകൊണ്ടെന്നാൽ അവന്റെ നാമം ഉപയോഗിക്കുന്നതിലൂടെ<br>
നാം യേശുവിനെ മുഴുവനായി പ്രതിനിധാനം ചെയ്യുന്നു.

---

## പ്രതിഫലനം

1) *"ഞാൻ പിതാവിന്റെ നാമത്തിൽ വന്നു"* എന്നതിനെ കുറിച്ച് യേശു പറഞ്ഞത് അവലോകനം ചെയ്യുക. ഇത് എന്ത് അർത്ഥമാക്കുന്നു എന്ന് നോക്കുക...
   - അവന്റെ അധികാരത്തിന്റെ ഉറവിടം—പിതാവ് എന്നെ അധികാരപ്പെടുത്തി,
   - അവന്റെ പ്രവർത്തിയുടെ ലക്ഷ്യം—പിതാവിനെ വെളിപ്പെടുത്താനും മഹത്വപ്പെടുത്താനും,
   - അവന്റെ ദൈനം ദിന ജീവിതത്തിന്റെ പൊരുത്തപ്പെടൽ—പിതാവുമായുള്ള പൂർണ്ണ ഐക്യത്തിൽ ജീവിക്കാൻ,
   - ശുശ്രൂഷയോടുള്ള സമീപനം—പിതാവ് സംസാരിച്ചത് പോലെ സംസാരിക്കുവാനും അദ്ദേഹം ചെയ്യുന്നത് പോലെ ചെയ്യുവാനും.

നാം "യേശുവിന്റെ" നാമത്തിൽ പുറപ്പെട്ടു പോകുമ്പോൾ ഇതെങ്ങനെ അനുകരിക്കും?

5

# യേശുവിന്റെ നാമം ഉപയോഗിക്കാൻ ഉള്ള അവകാശം

നാം മുൻപ് സൂചിപ്പിച്ചതുപോലെ, കർത്താവായ യേശു തന്റെ 12 അപ്പോസ്തോലന്മാരെയും, പിന്നീട് മറ്റ് 70 ശിഷ്യന്മാരെയും അവനെ പ്രതിനിതീകരിച്ച് അയക്കുമ്പോൾ, അവൻ പ്രസംഗിക്കുന്നത് പോലെ പ്രസംഗിക്കാനും അവൻ ചെയ്യുന്നത് പോലെ രോഗശാന്തി, വിടുതൽ, അത്ഭുതങ്ങൾ എന്നിവ അവന്റെ നാമത്തിൽ ചെയ്യുവാനും വേണ്ടി ആയിരുന്നു. അതുകൊണ്ട്, ഈ ജനം പുറപ്പെട്ട് പോയി "നസ്റയാനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ" വീര്യപ്രവർത്തികൾ ചെയ്തു.

## ആദ്യകാല ശിഷ്യന്മാർ

യേശു അവൻ ചെയ്ത പ്രവർത്തികൾ ചെയ്യുവാൻ വേണ്ടി 12 അപ്പോസ്തോലന്മാർക്ക് വിശേഷാധികാരം നൽകി അയക്കുന്നതിനെ കുറിച്ചുള്ള രേഖ സുവിശേഷത്തിൽ ഉണ്ട്.

**മത്തായി 10:1,7,8 (മർക്കോസ് 6:7,12,13 കൂടെ നോക്കുക)**

**1അനന്തരം അവൻ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെയും അടുക്കൽ വിളിച്ചു, അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും പൊറുപ്പിപ്പാനും അവർക്ക് അധികാരം കൊടുത്തു.**

**7നിങ്ങൾ പോകുമ്പോൾ: "സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ."**

**8രോഗികളെ സൗഖ്യമാക്കുവിൻ; മരിച്ചവരെ ഉയിർപ്പിപ്പിൻ; കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ; ഭൂതങ്ങളെ പുറത്താക്കുവിൻ; സൗജന്യമായി നിങ്ങൾക്കു ലഭിച്ചു സൗജന്യമായി കൊടുപ്പിൻ.**

**ലൂക്കോസ് 9:1,2,6,10**

**1അവൻ പന്തിരുവരെ അടുക്കൽ വിളിച്ചു, സകല ഭൂതങ്ങളുടെമേലും വ്യാധികളെ സൗഖ്യമാക്കുവാനും അവർക്കു ശക്തിയും അധികാരവും കൊടുത്തു.**

**2ദൈവരാജ്യം പ്രസംഗിപ്പാനും രോഗികൾക്കു സൗഖ്യം വരുത്തുവാനും അവരെ അയച്ചു പറഞ്ഞതു്.**

**6അവർ പുറപ്പെട്ട് എങ്ങും സുവിശേഷിച്ചും രോഗികളെ സൗഖ്യമാക്കിയുംകൊണ്ട് ഊരുതോറും സഞ്ചരിച്ചു.**

**10അപ്പൊസ്തലന്മാർ മടങ്ങിവന്നിട്ട് തങ്ങൾ ചെയ്തതൊക്കെയും അവനോട് അറിയിച്ചു.**

യേശു വ്യക്തമായി അവന്റെ നാമം എങ്ങനെ ഉപയോഗിക്കണം എന്ന് തന്റെ 12 അപ്പോസ്തോലന്മാരെ പഠിപ്പിക്കുന്ന രേഖകൾ നമ്മുടെ പക്കൽ ഇല്ലെങ്കിലും, നമുക്കറിയാം അവർ അവന്റെ നാമം ഉപയോഗിച്ചുകൊണ്ടാണ് പുറപ്പെട്ട് പോയത്. ലൂക്കോസ് 9 ൽ, ശിഷ്യന്മാരെ പറഞ്ഞയച്ചതിനു ശേഷം, ഈ രേഖകൾ കാണാൻ കഴിയും.

**ലൂക്കോസ് 9:49,50**

**49"നാഥാ, ഒരുത്തൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു; ഞങ്ങളോടുകൂടെ നിന്നെ അനുഗമിക്കായ്കയാൽ അവനെ വിരോധിച്ചു എന്നു യോഹന്നാൻ പറഞ്ഞതിന്."**

**50യേശു അവനോട്: "വിരോധിക്കരുത്; നിങ്ങൾക്കു പ്രതികൂലമല്ലാത്തവൻ നിങ്ങൾക്ക് അനുകൂലമല്ലോ എന്നു പറഞ്ഞു."**

വളരെ വ്യക്തമായി, 12 അപ്പോസ്തലന്മാരുടെ ഭാഗമല്ലാതിരുന്ന മറ്റേതോ വ്യക്തി ഈ കാര്യത്തിൽ മുറുകെ പിടിച്ചു. ആ വ്യക്തി ഒരു പക്ഷെ യേശുവിനെ കുറിച്ച് കാണുകയും കേൾക്കുകയും, യേശു മിശിഹായും, ദൈവപുത്രനും എന്ന് വിശ്വസിച്ചു യേശുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കയും ചെയ്തു കാണും (മർക്കോസ് 9:38,39). അതിനാൽ, നാം മനസിലാക്കേണ്ടത് നസ്റയാനായ യേശു ക്രിസ്തുവിന്റെ നാമം 12 അപ്പോസ്തോലന്മാരും, മറ്റു പലരും ശക്തമായി ഉപയോഗിച്ചിരുന്നു എന്നാണ്.

യേശു 70 അനുയായികളെ നിയമിച്ചിട്ട് 12 അപ്പോസ്തോലന്മാർക്ക് കൊടുത്ത അതെ അധികാരം അവർക്ക് കൊടുക്കുകയും ചെയ്തു.

**ലൂക്കോസ് 10:1,9,17–19**

**1അനന്തരം കർത്താവ് വേറേ എഴുപതു പേരെ നിയമിച്ചു, താൻ ചെല്ലുവാനുള്ള ഓരോ പട്ടണത്തിലേക്കും സ്ഥലത്തിലേക്കും അവരെ തനിക്കു മുമ്പായി ഈരണ്ടായി അയച്ചു, അവരോട് പറഞ്ഞത്.**

**9അതിലെ രോഗികളെ സൗഖ്യമാക്കി, ദൈവരാജ്യം നിങ്ങൾക്കു സമീപിച്ചുവന്നിരിക്കുന്നു എന്ന് അവരോടു പറവിൻ.**

**17ആ എഴുപതു പേർ സന്തോഷത്തോടെ മടങ്ങിവന്നു: കർത്താവേ, നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്കു കീഴടങ്ങുന്നു എന്നു പറഞ്ഞു;**

**18അവൻ അവരോട്: സാത്താൻ മിന്നൽപോലെ ആകാശത്തുനിന്നു വീഴുന്നതു ഞാൻ കണ്ടു.**

**19പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയും ഇല്ല.**

ഈ അപ്പോസ്തോലന്മാരും ശിഷ്യന്മാരും യേശുവിന്റെ നാമത്തിലായിരുന്നു പ്രസംഗിക്കുകയും രോഗശാന്തിയുടെയും വിടുതലിന്റെയും വീര്യപ്രവർത്തികൾ ചെയ്തതെന്നും വളരെ വ്യക്തമായ

കാര്യമാണ്. യേശുവിന്റെ നാമം ഉപയോഗിക്കുമ്പോൾ ഉള്ള വിടുതൽ കണ്ട് അവർ ആശ്ചര്യം ഉള്ളവരായിരുന്നു. *"കർത്താവേ, നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്കു കീഴടങ്ങുന്നു എന്നു പറഞ്ഞു* (വാക്യം .17)." തന്റെ നാമം ഉപയോഗിക്കുന്നതിലൂടെ അവർക്കുള്ള അധികാരത്തിന്റെ വ്യാപ്തി യേശു അവരോട് വിശദീകരിക്കുന്നു. അവർ പ്രവേശിക്കുന്ന അധികാരം *"ശത്രുവിന്റെ എല്ലാ ശക്തിക്കും മുകളിലായിരുന്നു." "ഒന്നും നിങ്ങളെ ഉപദ്രവിക്കയില്ല"* എന്ന് യേശു പറഞ്ഞതിനാൽ ശത്രു തങ്ങൾക്കെതിരെ വിജയകരമായി പ്രതികരിക്കുമെന്ന് അവർ ഭയപ്പെടേണ്ടതില്ല.

---

യേശുവിന്റെ നാമം നമുക്ക്
ഭൂതങ്ങളുടെ മേലും സാത്താന്റെ
സകല ശക്തിയുടെ
മേലും അധികാരം തരുന്നു.

---

**യേശു തന്റെ നാമം ഉപയോഗിക്കാൻ ഉള്ള അവകാശം എല്ലാ വിശ്വാസികൾക്കും നൽകിയിട്ടുണ്ട്**

യോഹന്നാന്റെ സുവിശേഷത്തിൽ, യേശു തന്റെ നാമം പ്രവർത്തിക്കുന്നതിനെക്കുറിച്ചും പ്രാർത്ഥനയുടെയും സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനെ പറ്റി ശിഷ്യന്മാരെ പഠിപ്പിക്കുന്നത് നമുക്ക് കാണാൻ കഴിയും. നമുക്ക് ഈ തിരുവെഴുത്തുകൾ പരമാർശിച്ചിട്ടു, അവ പിന്നീട് വിശദമായിട്ട് പഠിക്കാം.

**യോഹന്നാൻ 14:12–14**

**12 ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും.**
**13 നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്ത്വപ്പെടേണ്ടതിനു ഞാൻ ചെയ്തുതരും.**
**14 നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നത് ഒക്കെയും ഞാൻ ചെയ്തുതരും.**

**യോഹന്നാൻ 16:23,24**

**23 അന്നു നിങ്ങൾ എന്നോട് ഒന്നും ചോദിക്കയില്ല. ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും.**
**24 ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല; അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും.**

ദയവായി ഈ പറയുന്നവ പഠിക്കുക.

യോഹന്നാൻ 14:12-14 ന്റെ പശ്ചാത്തലത്തിൽ യേശു ഉയിർത്തെഴുന്നേറ്റത്തിന് ശേഷം അവൻ പരിശുദ്ധാത്മാവിനെ അയച്ച എല്ലാ വിശ്വാസികളെയും ശക്തിപ്പെടുത്തി അതിനാൽ അവർക്ക് അവൻ ചെയ്തതിനേക്കാളും മികച്ച പ്രവർത്തികൾ ചെയ്യാൻ സാധിച്ചതായിട്ട് കാണുന്നു. യോഹന്നാൻ 16:23,24 ന്റെ പശ്ചാത്തലത്തിൽ *"അന്ന്"* യേശുവിന്റെ പുനരുത്ഥാനത്തിന് ശേഷമുള്ള സമയത്തെ സൂചിപ്പിക്കുന്നു, എന്നുവെച്ചാൽ നമ്മൾ ആയിരിക്കുന്ന കാലത്തെ സൂചിപ്പിക്കുന്നു.

അത് കൊണ്ട്, യേശുവിന്റെ നാമം ഉപയോഗിക്കാൻ ഉള്ള അവകാശവും യേശു ചെയ്ത പ്രവർത്തികളും അവൻ ചെയ്തതിലും വലിയ പ്രവർത്തികൾ ചെയ്യാനുമുള്ള അവകാശവും ഓരോ വിശ്വസിക്കും നൽകപ്പെട്ടിരിക്കുന്നു. എല്ലാ വിശ്വാസികൾക്കും യേശുവിന്റെ നാമം ഉപയോഗിച്ച പിതാവിനോട് നേരിട്ട് അപേക്ഷിക്കാനും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം കിട്ടാനും ഉള്ള അവകാശം നൽകപ്പെട്ടിരിക്കുന്നു.

കർത്താവായ യേശു അവന്റെ നാമം ഉപയോഗിക്കുന്നതിനെ പറ്റിയുള്ള മറ്റ് നിരവധി വശങ്ങൾ അവന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നുണ്ട്. നാം അതിനെ പറ്റി അടുത്ത അധ്യായങ്ങളിൽ വിശകലനം ചെയ്യാം.

പുനരുത്ഥാനത്തിനു ശേഷം, മഹത്തായ നിയോഗത്തിൽ, ഒരിക്കൽ കൂടെ എല്ലാ വിശ്വാസികൾക്കും യേശുവിന്റെ നാമം ഉപയോഗിക്കുവാൻ ഉള്ള അവകാശം നൽകിയതായി കാണാൻ കഴിയും.

**മർക്കോസ് 16:17,18**

**[17]വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും;**

**[18]സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെമേൽ കൈ വച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു.**

മഹത്തായ നിയോഗത്തിൽ അന്തർലീനമായ വസ്തുത എന്തെന്ന് വെച്ചാൽ, വിശ്വസിക്കുന്ന എല്ലാവർക്കും, എല്ലാ വിശ്വാസികൾക്കും, യേശു പരാമർശിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും അവന്റെ നാമത്തിൽ ഉപയോഗിക്കുവാൻ കഴിയും എന്നുള്ളതാണ്. എല്ലാ വിശ്വാസികൾക്കും ഭൂതങ്ങളെ നേരിടാനും, അധികാരം ഉപയോഗിക്കുവാനും, പുറത്താക്കുവാനും കഴിയും. അപകടകരമായ കാര്യങ്ങൾ (ഉദാഹരണത്തിന് സർപ്പങ്ങളെ എടുക്കേണ്ടി വരിക, വിഷം കുടിക്കേണ്ടി വന്നാൽ) ചെയ്യാൻ ഉള്ള സാഹചര്യങ്ങൾ വന്നാലും, യേശുവിന്റെ നാമത്തിൽ സുരക്ഷിതമായി

പുറത്തു വരാൻ കഴിയും. യേശുവിന്റെ നാമത്തിൽ അവർ രോഗികൾക്ക് രോഗശാന്തി ശുശ്രൂഷ ചെയ്യും.

**എല്ലാ വിശ്വാസികൾക്കും നൽകപ്പെട്ട അധികാരപത്രം**

ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ, യേശു അവന്റെ നാമം ഉപയോഗിച്ച് തന്റെ പ്രഖ്യാപിത ഉദ്ദേശ്യം നിറവേറ്റുവാൻ നമുക്ക് "അധികാര പത്രം" നൽകിയിരിക്കുന്നു എന്ന് പറയാൻ കഴിയും.

കൂടുതൽ നിയമപരമായ വിശദാംശങ്ങളിലേക്ക് പോകാതെ അധികാരപത്രം എന്തിനെ ആശ്രയിച്ചിരിക്കും എന്ന് നമുക്ക് നോക്കാം

1) ആരാണ് ആ നാമത്തിനു പിന്നിൽ—അവരെ സംബന്ധിക്കുന്ന കാര്യങ്ങളിൽ നിങ്ങൾ അവരെ പ്രതിനിധീകരിക്കുകയാണ്

2) ഉപയോഗത്തിന്റെ വ്യാപ്തി—അത്തരം കാര്യങ്ങൾ ചെയ്യാൻ നിങ്ങൾക്ക് ഇത് ഉപയോഗിക്കാം, കൂടാതെ അധികാരപത്രം പ്രാബല്യത്തിൽ ഉള്ള കാലയളവോ സമയമോ

യേശു നമുക്ക് അവന്റെ നാമം ഉപയോഗിക്കാൻ ഉള്ള പദവിയും അവകാശവും തന്നിരിക്കുന്നു. ആ നാമത്തിനു പിന്നിൽ അവനുണ്ട്. അവന്റെ നാമം ഉപയോഗിക്കുവാൻ ഉള്ള പദവി നമുക്ക് തന്നിരിക്കുന്ന വ്യക്തിയുടെ മഹത്വം ഒരു നോക്ക് കാണുവാൻ ഉള്ള അവസരം നമുക്ക് കിട്ടി. ഒരുപക്ഷെ നമ്മുടെ ഹൃദയങ്ങൾക്കും മനസുകൾക്കും ഒരിക്കലും പൂർണമായി മനസ്സിലാക്കാൻ കഴിയുമെന്നുവരികയില്ല, യേശുവിൽ അവന്റെ നാമം ഉപയോഗിക്കുവാൻ നമുക്ക് നൽകപ്പെട്ട മഹത്തായ പദവി വിവരിക്കുവാൻ നമ്മുടെ വാക്കുകൾ അപര്യാപ്തമായിരിക്കും.

നാം ഇവിടെ ആയിരിക്കുന്നത് യേശുവിനെ പ്രതിനിധീകരിക്കാൻ, അവനെ വെളിപ്പെടുത്തുവാൻ, ദൈവരാജ്യം മുന്നോട്ട് കൊണ്ട് പോകുവാൻ, അവന്റെ സഭ പണിയുവാൻ, ജനങ്ങളെ സേവിക്കുവാൻ, സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്താൻ, അവന്റെ നാമത്തിൽ അവന്റെ പ്രവർത്തികൾ ചെയ്യുവാൻ വേണ്ടി ആകുന്നു. അവനെ പൂർണമായി പ്രതിനിധീകരിക്കാൻ നമ്മെ അവൻ അധികാരപ്പെടുത്തിയിരിക്കുന്നു.

തിരുവെഴുത്തുകളിൽ നിന്നും സഭയിൽ നിന്നും നമുക്കറിയാവുന്നിടത്തോളം, വിശുദ്ധർ ഈ ഇന്നത്തെ യുഗത്തിലും ("സഭാ യുഗം" എന്ന് വിളിക്കപ്പെടുന്നു) സഹസ്രാബ്ദത്തിലും (യേശുവിന്റെ 1000 വർഷത്തെ ഭരണം) യേശുവിനെ പ്രതിനിധീകരിക്കും. അതിനാൽ,

നമ്മുടെ അധികാരപത്രം കാലഹരണപ്പെട്ടില്ല!

യേശു തന്റെ വിശ്വാസികളിൽ ഏറ്റവും ചെറിയ കുട്ടി മുതൽ മുതിർന്നവർ വരെ ഉള്ളവർക്ക് അവനെ മുഴുവനായി പ്രതിനിധീകരിച്ച് അവന്റെ നാമം ഉപയോഗിക്കുവാൻ ഉള്ള അധികാരപത്രവും, പദവിയും, അധികാരവും നൽകിയിട്ടുണ്ട്. നാം ഓരോത്തർക്കും അവന്റെ നാമം പ്രതിനിധീകരിക്കുന്ന ശക്തിയിലും അധികാരത്തിലും നടക്കാക്കുവാൻ കഴിയും. എന്തൊരു പദവിയാണ് നമുക്കുള്ളത്! നമ്മുടെ ഹൃദയം ഇത് ഗ്രഹിക്കട്ടെ! യേശുവിന്റെ ബലമുള്ള നാമത്തിൽ നമ്മിൽ ഉള്ള ശക്തിയോടും അധികാരത്തോടും കൂടെ നമുക്ക് ഉണർന്നു നടക്കാം!

---

യേശു തന്റെ വിശ്വാസികളിൽ ഏറ്റവും ചെറിയ കുട്ടി
മുതൽ മുതിർന്നവർ വരെ ഉള്ളവർക്ക് അവനെ മുഴുവനായി
പ്രതിനിധീകരിച്ച് അവന്റെ നാമം ഉപയോഗിക്കുവാൻ
ഉള്ള അധികാരപത്രവും, പദവിയും, അധികാരവും
നൽകിയിട്ടുണ്ട്.

---

## പ്രതിഫലനം

1) മഹത്തായ പ്രവൃത്തികളും പ്രാർത്ഥനയും ചെയ്യാൻ യേശുവിന്റെ നാമം ഉപയോഗിക്കാനുള്ള പദവി ഓരോ വിശ്വാസിക്കും നൽകിയിട്ടുണ്ടെന്ന് വ്യക്തമായി സൂചിപ്പിക്കുന്ന ഈ അധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്ന തിരുവെഴുത്തുകൾ അവലോകനം ചെയ്യുക.

2) വിശ്വാസിയുടെ അധികാരപത്രം ഇപ്പോഴും പ്രാബല്യത്തിൽ ഉണ്ടെങ്കിൽ, ആദ്യകാല സഭയുടെ (അല്ലെങ്കിൽ അവസാനത്തെ അപ്പോസ്തോലൻ മരിച്ചു കഴിഞ്ഞിട്ട്) അവസാനത്തിൽ അത്ഭുതത്തിന്റെ ദിനങ്ങൾ കഴിഞ്ഞുപോയെന്ന് പറയാൻ കഴിയുമോ? തിരുവെഴുത്തുകൾ എഴുതിയതിനു ശേഷം അധികാരപത്രത്തിന്റെ സാധ്യത നഷ്ടപ്പെട്ടുമെന്ന് എവിടെയെങ്കിലും യേശു സൂചിപ്പിച്ചിട്ട് ഉണ്ടോ?

# 6
# യേശുവിന്റെ നാമത്തിൽ പരിശുദ്ധത്മാവാകുന്ന ദൈവം ഇവിടെ ഉണ്ട്

**യോഹന്നാൻ 14:16-18,26**
**16എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും.**
**17ലോകം അവനെ കാണുകയോ അറികയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴികയില്ല; നിങ്ങളോ അവൻ നിങ്ങളോടുകൂടെ വസിക്കയും നിങ്ങളിൽ ഇരിക്കുകയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു.**
**18ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും.**
**26എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമപ്പെടുത്തുകയും ചെയ്യും.**

**യോഹന്നാൻ 14:26 (ആംപ്ലിഫൈഡ് ഇംഗ്ലീഷ് വേർഷനിൽ പറഞ്ഞിരിക്കുന്ന പ്രകാരം—AMPC)**
**എന്നാൽ ആശ്വാസകൻ (ഉപദേശകൻ, സഹായി, മദ്ധ്യസ്ഥൻ, അഭിഭാഷകൻ, ശക്തിപ്പെടുത്തുന്നവൻ, കൈകൊള്ളുന്നവൻ), പരിശുദ്ധത്മാവ്, എന്റെ നാമത്തിൽ പിതാവ് ആരെ അയക്കും [എന്റെ സ്ഥാനത്ത്, എന്നെ പ്രതിനിധീകരിക്കാനും എനിക്ക് വേണ്ടി പ്രവർത്തിക്കാനും], അവൻ നിങ്ങളെ എല്ലാം പഠിപ്പിക്കും. ഞാൻ പറഞ്ഞതെല്ലാം അവൻ നിങ്ങളെ ഓർമിപ്പിക്കുകയും ചെയ്യും (ഓർമയിലേക്ക് കൊണ്ടുവരികയും).**

പരിശുദ്ധാത്മാവിനെ കുറിച്ച് പരാമർശിക്കുമ്പോൾ, യേശു പറഞ്ഞത് പരിശുദ്ധാത്മാവ് *"മറ്റൊരു കാര്യസ്ഥൻ"* (യോഹന്നാൻ 14:16) അല്ലെങ്കിൽ *'അല്ലോസ് പാരാക്ളീറ്റോസ്'* ആകുന്നു എന്നാണ്. *'അല്ലോസ്'* എന്ന വാക്ക് അർത്ഥമാക്കുന്നത് 'സമാനമായ മറ്റൊന്ന്' (**ഉദാഹരണം:** രണ്ട് ആപ്പിളുകൾ) *'ഹെറ്റെറോസ്'* വിപരീതമായി പറഞ്ഞാൽ "മറ്റൊരു തരത്തിലുള്ള" (**ഉദാഹരണം:** ഒരു ആപ്പിളും ഒരു ഓറഞ്ചും). പരിശുദ്ധാത്മാവ് ദൈവവും ദൈവത്വത്തിൽ ഒരുവനും ആകുന്നു (1 യോഹന്നാൻ 5:7). പരിശുദ്ധാത്മാവ് സ്വർഗ്ഗസ്ഥനായ പിതാവിനെയും പുത്രനെയും പ്രതിനിധീകരിക്കുന്നു. *"ഞാൻ നിങ്ങളുടെ അടുക്കലേക്ക് വരും"* യേശു പരിശുദ്ധാത്മാവിനെ അയക്കുമ്പോൾ പരിശുദ്ധാത്മാവ് യേശുവിനെ പോലെ ആകുന്നു, പൂർണ്ണമായി യേശുവിനെ പ്രതിനിധീകരിക്കുന്നു എന്ന് പറഞ്ഞു. പരിശുദ്ധാത്മാവ് യേശുവിനെ പൂർണ്ണമായി പ്രതിനിധീകരിക്കുന്നതുകൊണ്ട് പരിശുദ്ധാത്മാവിനെ,

*"ക്രിസ്തുവിന്റെ ആത്മാവ്"* (റോമർ 8:9; 1 പത്രൊസ് 1:11) എന്നും *"അദ്ദേഹത്തിന്റെ പുത്രന്റെ ആത്മാവ്"* (ഗലാത്യർ 4:6) എന്നും വിളിക്കുന്നു.

പരിശുദ്ധാത്മാവിനെ യേശുവിന്റെ നാമത്തിൽ അയക്കപ്പെട്ടിരിക്കുന്നു. ആംപ്ലിഫൈഡ് ബൈബിൾ ക്ലാസിക്ക് പതിപ്പിൽ *"എന്റെ നാമത്തിൽ"* എന്താണെന്ന് വിശദീകരിക്കുന്നു. *"എന്റെ സ്ഥാനത്തു നിന്ന്, എന്നെ പ്രതിനിധീകരിക്കാനും, എനിക്ക് വേണ്ടി പ്രവർത്തിക്കാനും"* എന്നാകുന്നു അത് പ്രസ്താവിക്കുന്നത്. പരിശുദ്ധാത്മാവ് യേശുവിന്റെ സ്ഥാനത്തു നിന്ന് അവനെ പൂർണമായി പ്രതിനിധീകരിച്ചും അവനു വേണ്ടി പ്രവർത്തിച്ചും കൊണ്ട് ഇവിടെ ഉണ്ട്. ഇതിനർത്ഥം യേശു ആരാണെന്ന് അറിയിക്കുവാൻ വേണ്ടി അവനെ കുറിച്ച് പരിശുദ്ധാത്മാവ് വെളിപ്പെടുത്തുകയും പ്രകടമാക്കുകയും ചെയ്യും, എന്നിട്ട് യേശു ഇവിടെ ഉണ്ടായിരുന്നെങ്കിൽ ചെയ്യേണ്ടുന്ന കാര്യങ്ങളും പറയേണ്ടുന്ന കാര്യങ്ങളും അവനെപ്പോലെ ചെയ്യുകയും പറയുകയും ചെയ്യും.

---

പരിശുദ്ധാത്മാവ് യേശുവിന്റെ സ്ഥാനത്തു
നിന്ന് അവനെ പൂർണമായി പ്രതിനിധീകരിച്ചും
അവനു വേണ്ടി പ്രവർത്തിച്ചും കൊണ്ട് ഇവിടെ ഉണ്ട്.

---

**യോഹന്നാൻ 15:26,27**
**[26]ഞാൻ പിതാവിന്റെ അടുക്കൽനിന്നു നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽനിന്നു പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും.**
**[27]നിങ്ങളും ആദിമുതൽ എന്നോടുകൂടെ ഇരിക്കകൊണ്ടു സാക്ഷ്യം പറവിൻ.**

പരിശുദ്ധാത്മാവ് യേശുവിനെ സാക്ഷ്യപ്പെടുത്തുന്നു, സാക്ഷ്യം വഹിക്കുന്നു, സംസാരിക്കുന്നു, വെളിപ്പെടുത്തുന്നു. നമുക്കും യേശുവിനെ സാക്ഷ്യപെടുത്തുവാനും, സാക്ഷ്യം വഹിക്കാനും, സംസാരിക്കുവാനും, വെളിപ്പെടുത്തുവാനും ഉള്ള കർത്തവ്യം തന്നിരിക്കുന്നു.

**യോഹന്നാൻ 16:14**
**അവൻ എനിക്കുള്ളതിൽനിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചു തരുന്നതുകൊണ്ട് എന്നെ മഹത്ത്വപ്പെടുത്തും.**

പരിശുദ്ധാത്മാവ് യേശുവിന്റെ നാമത്തിൽ ഇവിടെ ഉള്ളത് കൊണ്ട് യേശുവിനെ മഹത്വപ്പെടുത്തുന്ന രീതിയിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ലോകത്തിൽ യേശുവിനെ മഹത്വപ്പെടുത്തുവാൻ ഉള്ള കർത്തവ്യം കൂടി നമുക്കുണ്ട്.

നാം മനസ്സിൽ വെക്കേണ്ട ഒരു പ്രധാനപ്പെട്ട സത്യം

എന്തെന്നുവെച്ചാൽ പരിശുദ്ധാത്മാവ് വിശ്വാസിയിലൂടെ ആണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് യേശുവിന്റെ നാമത്തിൽ വന്നത് കൊണ്ട് പരിശുദ്ധാത്മാവ് വിശ്വാസിയുടെ സഹകരണത്തോടെ അവന്റെ പ്രവർത്തി പൂർത്തീകരിക്കുവാൻ ശ്രമിക്കുന്നു.

പരിശുദ്ധാത്മാവ് യേശുവിന്റെ നാമത്തിൽ വന്നത് കൊണ്ട്, നാമും യേശുവിന്റെ നാമത്തിൽ അയക്കപെട്ടതാകുന്നു. അതുകൊണ്ട്, നാം "യേശുവിന്റെ നാമത്തിൽ" എന്ന് പറയുമ്പോൾ നാം ഒറ്റക്ക് അല്ല നിൽക്കുന്നത്. യേശുവിന്റെ നാമത്തിൽ നാം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ ആത്മാവ് നമ്മോട് കൂടെ ഉണ്ട്. യേശുവിന്റെ നാമത്തിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും അവൻ നമ്മോട് കൂടെ ഉണ്ട്. യേശുവിന്റെ നാമത്തിൽ മുൻപോട്ട് പോകുന്ന വിശ്വാസിക്ക് ദൈവത്തിന്റെ ആത്മാവ് തന്നോട് കൂടെ ഉണ്ടെന്ന് ഉറപ്പിക്കാം. നമ്മിലൂടെ യേശുവിനെ ഉയർത്തുവാനും അവനെ വെളിപ്പെടുത്താനും ഉള്ള രീതിയിലാണ് ദൈവത്തിന്റെ ആത്മാവ് നമ്മിൽ പ്രവർത്തിക്കുന്നത്. യഥാർത്ഥത്തിൽ, അവൻ ഇത് ചെയ്യാൻ നമ്മെക്കാൾ കൂടുതൽ ഉത്സുകനാണെന്ന് നമുക്ക് ഉറപ്പിക്കാം! നാം ഇവിടെ യേശുവിന്റെ നാമത്തിൽ പരിശുദ്ധാത്മാവിനോട് കൂടെ ആയിരിക്കുന്നു!

അപ്പോസ്തോലന്മാർ പറഞ്ഞതുപോലെ, *"ഈ വസ്തുതയ്ക്കു ഞങ്ങളും ദൈവം തന്നെ അനുസരിക്കുന്നവർക്കു നല്കിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു എന്ന് ഉത്തരം പറഞ്ഞു"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 5:32).

## പ്രതിഫലനം

1) യേശുവിന്റെ നാമത്തിൽ പരിശുദ്ധാത്മാവ് ഇവിടെയുണ്ട്. വിശ്വാസിയെ യേശുവിന്റെ നാമത്തിലും അയച്ചിട്ടുണ്ട്. ഇതെല്ലാം വിശ്വാസിയെ സംബന്ധിച്ചിടത്തോളം എന്താണ് അർത്ഥമാക്കുന്നതെന്ന് ചിന്തിക്കുക. ഇതിന്റെ വെളിച്ചത്തിൽ, പരിശുദ്ധാത്മാവുമായുള്ള നമ്മുടെ ഇടപഴകലും ആശയവിനിമയവും സഹകരണവും നാം എങ്ങനെ മാറ്റണം?

# 7
# നാം യേശുവിന്റെ നാമം ഉപയോഗിക്കുമ്പോൾ എന്ത് സംഭവിക്കുന്നു

യേശുവിന്റെ നാമത്തിൽ നാം എന്തെങ്കിലും പറയുന്നു അല്ലെങ്കിൽ ചെയ്യുന്നു എന്ന് നാം പ്രഖ്യാപിക്കുമ്പോൾ, നാം എന്താണ് ചെയ്യുന്നത്? ഉദാഹരണത്തിന്, യേശുവിന്റെ നാമത്തിൽ നാം ഒരു രോഗിയുടെ മേൽ കൈവെക്കുകയോ, ഒരു രോഗിയെ മറ്റേതെങ്കിലും തരത്തിൽ ശുശ്രൂഷിക്കുകയോ ചെയ്യുമ്പോൾ, നാം എന്താണ് ചെയ്യുന്നത്? യേശുവിന്റെ നാമത്തിൽ ഭൂതങ്ങളോട് സംസാരിച്ചു അവയെ അവന്റെ നാമത്തിൽ പുറത്താകുമ്പോൾ, ആത്മീയ മണ്ഡലത്തിൽ ഇത് കൃത്യമായി എന്താണ് സൂചിപ്പിക്കുന്നത്? നാം യേശുവിന്റെ നാമത്തിൽ കൊടുങ്കാറ്റിനോട് (ഇത് ഏതെങ്കിലും സാഹചര്യമോ സന്ദർഭമോ ആകാം) അല്ലെങ്കിൽ ഒരു മലയോട് (ഇത് ഏതെങ്കിലും പ്രതിബന്ധമോ വെല്ലുവിളിയോ ആകാം) സംസാരിക്കുമ്പോൾ, നാം എന്താണ് പ്രതീക്ഷിക്കേണ്ടത്? നാം സ്വർഗ്ഗസ്ഥനായ പിതാവിനോട് യേശുവിന്റെ നാമത്തിൽ എന്തെങ്കിലും ചെയ്തു തരാൻ ആവശ്യപ്പെട്ട് പ്രാർത്ഥിക്കുമ്പോൾ, എങ്ങനെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് അദ്ദേഹത്തിന്റെ മുൻപിൽ വെച്ചിരിക്കുന്ന ഈ അപേക്ഷ കാണുന്നത്? ആത്മീയ മേഖലയിൽ, വിശ്വാസികൾ എന്ന നിലയിൽ നാം യേശുവിന്റെ നാമം ഉപയോഗിക്കുമ്പോൾ എന്ത് ചലനാത്മകതയാണ് ഫലത്തിൽ സംഭവിക്കുന്നത്?

വിശ്വാസികളായ നമ്മൾ യേശുവിന്റെ നാമം ഉപയോഗിക്കുമ്പോൾ, യേശു നമുക്ക് നൽകിയിരിക്കുന്ന അധികാരപത്രമാണ് ഉപയോഗിക്കുന്നത്. കർത്താവായ യേശു ചെയ്യുവാനുള്ളതാണ് നമ്മൾ അവന്റെ അധികാരം ഉപയോഗിച്ച് ചെയ്യുന്നത്. ട്രാഫിക് പോലീസിനെ കുറിച്ചു ചിന്തിക്കുക. തെരുവിൽ വാഹനങ്ങൾ കൊണ്ട് നിറഞ്ഞിരിക്കാം. എന്നാൽ പോലീസ് യൂണിഫോമിൽ ഉള്ള ആൾ തന്റെ കയ്യിൽ ഉള്ള "സ്റ്റോപ്പ്" കാണിക്കുമ്പോൾ, വാഹനങ്ങൾ നിർത്തുന്നു. ശാരീരികമായി, അദ്ദേഹത്തിന് ആ വാഹനങ്ങൾ നിർത്തുന്നത് അസാധ്യമായിരിക്കാം. എന്നാൽ അദ്ദേഹത്തിന് പ്രാദേശിക സർക്കാർ അധികാരം

നൽകിയതിനാലും യൂണിഫോമിൽ അദ്ദേഹം തന്റെ അധികാരം പ്രയോഗിക്കുന്നതിനാലും (ചെയ്യാൻ അധികാരപ്പെടുത്തിയ കാര്യങ്ങൾ ചെയ്യുന്നത്) ഡ്രൈവർമാർ അദ്ദേഹത്തിന്റെ അധികാരം തിരിച്ചറിയുകയും അവരുടെ വാഹനങ്ങൾ നിർത്തുകയും ചെയ്യുന്നു. താരതമ്യത്തിലൂടെ, ആത്മീയമായി പറഞ്ഞാൽ, യേശുവിന്റെ നാമം ഉപയോഗിക്കുമ്പോൾ, നമ്മൾ നമ്മുടെ യൂണിഫോമിലേക്ക് ചുവടുവെക്കുന്നു, നമ്മുടെ സ്വർഗ്ഗീയ അംഗീകാരം, ആത്മീയ രാജ്യം മനസ്സിലാക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന ഒരു കൽപ്പന പുറപ്പെടുവിക്കുന്നു.

"യേശുവിന്റെ നാമത്തിൽ" എന്ന് പറയുമ്പോൾ, യേശുവിനെ പ്രതിനിധീകരിച്ച്, അവന് വേണ്ടി, അവന്റെ എല്ലാ അധികാരത്തോടും ശക്തിയോടും കൂടി യേശു സന്നിഹിതനായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു എന്നതിനെ പ്രതിനിധീകരിച്ചാണ് നമ്മൾ ചെയ്യുന്നതെന്ന് നാം ധൈര്യത്തോടെ സൂചിപ്പിക്കുന്നു.

---

"യേശുവിന്റെ നാമത്തിൽ" എന്ന് പറയുമ്പോൾ,
യേശുവിനെ പ്രതിനിധീകരിച്ച്, അവന് വേണ്ടി,
അവന്റെ എല്ലാ അധികാരത്തോടും ശക്തിയോടും കൂടി
യേശു സന്നിഹിതനായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു
എന്നതിനെ പ്രതിനിധീകരിച്ചാണ് നമ്മൾ ചെയ്യുന്നതെന്ന് നാം
ധൈര്യത്തോടെ സൂചിപ്പിക്കുന്നു.

---

അവന്റെ നാമം അവനെ ഈ വിഷയത്തിൽ കൊണ്ടുവരുന്നു. യേശു ഇപ്പോൾ അവിടെ ഉണ്ട്. അവൻ, യേശു, എന്നാകുന്നു അവന്റെ നാമം. അവന്റെ നാമത്തിൽ, അവൻ സന്നിഹിതനാണ് (മത്തായി 18:20). ഇപ്പോൾ അവൻ രോഗിയുടെ മേൽ കൈ വയ്ക്കുന്നത് പോലെയാണ് നമ്മൾ കൈ വയ്ക്കുന്നത്. ഇപ്പോൾ നാം യേശുവിന്റെ നാമത്തിൽ സംസാരിക്കുന്നത് അവന്റെ നാമത്തിൽ കല്പിക്കുന്നത് പോലെ ആകുന്നു. യേശു നമ്മളിലൂടെ പ്രവർത്തിക്കുന്നു. അവൻ ഇപ്പോൾ ആരാണോ ആ അവസ്ഥയെ അവൻ വഹിക്കുന്നു.

ഈ സാഹചര്യത്തിൽ സ്വർഗ്ഗത്തിന്റെ എല്ലാ അധികാരവും വരാൻ അവന്റെ നാമം കാരണമാകുന്നു. അവന്റെ നാമത്തിനു പിന്നിലുള്ള അതേ രാജഭരണം, അവന്റെ നാമത്തിനു പിന്നിലുള്ള അതേ രാജ്യശക്തി, ആധിപത്യം, അധികാരം എന്നിവ ഇപ്പോൾ സാഹചര്യത്തെ ബാധിക്കുന്നു. ഇപ്പോൾ ഒന്നും അസാധ്യമല്ല. എല്ലാ

അധികാരവും അവന്റെ നാമത്തിലാണ്. രോഗത്തിനെതിരെ നാം യേശുവിന്റെ നാമം ഉപയോഗിക്കുമ്പോൾ, രോഗത്തിന് അധികാരമില്ല. പൈശാചികശക്തികൾക്കെതിരെ നാം യേശുവിന്റെ നാമം ഉപയോഗിക്കുമ്പോൾ, ഭൂതങ്ങൾക്ക് അധികാരമില്ല. ആ നാമത്തിനെതിരെ അവർ ശക്തിയില്ലാത്തവരാണ്. യേശുവിന്റെ നാമത്തിൽ, രാജ്യഭരണം ഈ സാഹചര്യത്തിലേക്ക് കൊണ്ടുവരുന്നു.

അവന്റെ നാമത്തിൽ, അവന്റെ ശക്തി അവിടെ ഉണ്ട് (1 കൊരിന്ത്യർ 5:4). നാം യേശുവിന്റെ നാമം ഉപയോഗിക്കുമ്പോൾ, പരിശുദ്ധാത്മാവ്, ക്രിസ്തുവിന്റെ ആത്മാവാകുന്നവൻ, അവന്റെ നാമത്തിൽ അയക്കപ്പെട്ടവൻ, അവിടെതന്നെയുണ്ട്. അത്യുന്നതനായ ദൈവത്തിന്റെ ശക്തി പുറപ്പെടുന്നു. യേശുവിന്റെ നാമത്തിൽ നാം പുറപ്പെടുവിച്ച ആ കൽപ്പനയുടെ വാക്കുകൾക്കൊപ്പം ആത്മാവിന്റെ ശക്തി പ്രകാശനം ചെയ്യപ്പെടുന്നു.

നാം യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ, നമ്മൾ അവന്റെ സ്ഥാനത്തു, അവനു വേണ്ടി സ്വർഗ്ഗസ്ഥനായ പിതാവിനോട് അപേക്ഷിച്ചു കൊണ്ട് നിൽക്കുന്നു. യേശു തന്നെ ആ അപേക്ഷ നടത്തുന്നതുപോലെയാണ്. ഇത് മറ്റൊരു തരത്തിലും ആകാൻ കഴിയില്ല. നമ്മുടെ പ്രാർത്ഥന ഇപ്പോൾ നമ്മുടെ നാമത്തോടൊപ്പം അവന്റെ നാമവും വഹിക്കുന്നു. അവന്റെ നാമം അതിലില്ലെങ്കിൽ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതും പ്രതീക്ഷിക്കുന്നതും അർത്ഥശൂന്യമായിരിക്കും. നമ്മുടെ പ്രാർത്ഥനയിൽ "യേശുവിന്റെ നാമത്തിൽ" എന്ന് പരാമർശിക്കുമ്പോൾ, യേശുവിനെ പ്രതിനിധീകരിക്കുന്ന ഈ പ്രാർത്ഥന, അവന് വേണ്ടി, തൻറെ എല്ലാ അധികാരത്തോടും ശക്തിയോടും കൂടെ സന്നിഹിതനായിരുന്നെങ്കിൽ യേശു എന്തു ചോദിക്കുമെന്ന് ചോദിക്കാനാണ് നമ്മൾ ഈ പ്രാർത്ഥന നടത്തുന്നതെന്ന് നമ്മൾ പ്രകടിപ്പിക്കുന്നു!

**അവനെ കൃത്യമായി പ്രതിനിധീകരിക്കുന്നു**

അവന്റെ നാമത്തിൽ, അവൻ പറയുന്നതും ചെയ്യുന്നതുമായ കാര്യങ്ങൾ പറയാനും ചെയ്യാനും നമ്മൾ അവനെ പ്രതിനിധീകരിക്കുന്നു. അതിനാൽ യേശു പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ നാം അവനെ കൃത്യമായി പ്രതിനിധീകരിക്കേണ്ടത് പ്രാധാന്യമുള്ളതാണ്.

അതിനാൽ, ഏത് സാഹചര്യത്തിലും യേശു എന്തു പറയുമെന്നോ ചെയ്യുമെന്നോ അറിയേണ്ടത് പ്രധാനമാണ്. സുവിശേഷങ്ങളിൽ നാം

കാണുന്നതുപോലെ യേശുവുമായി ചേർന്ന് ചിന്തിക്കാൻ നാം നമ്മുടെ മനസ്സിനെ, അതായത് നമ്മുടെ ചിന്തയെ പുതുക്കണം. ഉദാഹരണത്തിന്, സുവിശേഷങ്ങളിൽ കാണുന്നതുപോലെ യേശു എങ്ങനെ ചിന്തിച്ചു, സംസാരിച്ചു, നടന്നു എന്നതിനെ ചിത്രീകരിക്കുന്ന ചില കാര്യങ്ങൾ ഇതാ.

കൊടുങ്കാറ്റിൽ അവരുടെ പടക് ഏതാണ്ട് മുങ്ങുന്ന സാഹചര്യത്തിൽ യേശു സമാധാനത്തിലായിരുന്നു. അവൻ ഉണർന്നപ്പോൾ, കാറ്റിനെയും തിരമാലകളെയും ശാന്തമാക്കാൻ അവൻ കൊടുങ്കാറ്റിനെ നേരിട്ടു.

യേശു യായിറോസിന്റെ വീട്ടിലേക്കുള്ള യാത്രയിൽ മരിച്ച യായിറോസിന്റെ മകളുടെ കാര്യത്തിൽ കാര്യങ്ങൾ കൂടുതൽ വഷളായപ്പോൾ, *"ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക"* എന്ന് യേശു ലളിതമായി പറയുകയും മകൾ ജീവൻ പ്രാപിക്കുകയും ചെയ്തു.

5000-ത്തിലധികം പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുമായി തന്റെ മുമ്പിൽ ഒരു ആവശ്യം നേരിട്ടപ്പോൾ, അവർക്ക് ഭക്ഷണം നൽകാൻ യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു. അത് സ്വാഭാവികമായ അസാധ്യതയായിരുന്നു, എന്നിട്ടും അദ്ദേഹം പ്രാർത്ഥിക്കാനും വർദ്ധിപ്പിക്കാനും ഒരു കൊച്ചുകുട്ടിയുടെ ഉച്ചഭക്ഷണത്തിൽ നിന്ന് അഞ്ച് അപ്പവും രണ്ട് മീനും വിതരണം ചെയ്യാനും തുടങ്ങി.

യേശുവിന്റെ ശിഷ്യന്മാർ ആ ബാലനിൽ നിന്ന് ഭൂതത്തെ പുറത്താക്കാൻ കഴിയാതെ വന്നതിനെ തുടർന്ന് ആത്മീയ പരാജയം അനുഭവിച്ച മനുഷ്യനെ കണ്ടപ്പോൾ, യേശു അവനോട് പറഞ്ഞത്, *"നിന്നാൽ കഴിയും എങ്കിൽ എന്നോ വിശ്വസിക്കുന്നവനു സകലവും കഴിയും എന്നു പറഞ്ഞു"* (മർക്കോസ് 9:23).

ലാസർ മരിക്കുകയും നാല് ദിവസം കല്ലറയിൽ കഴിയുകയും ചെയ്തപ്പോൾ പ്രതീക്ഷയില്ലാത്ത ഒരു സാഹചര്യത്തെ അഭിമുഖീകരിച്ചപ്പോൾ യേശു പറഞ്ഞു, *"...വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്ത്വം കാണും"* (യോഹന്നാൻ 11:40).

ഇതാണ് ക്രിസ്തുവിന്റെ മനസ്സ്. ഇതാണ് യേശുവിൻറെ വീക്ഷണം. ഇങ്ങനെയാണ് യേശു പ്രവർത്തിക്കുകയും സാഹചര്യങ്ങളോട് പ്രതികരിക്കുകയും ചെയ്തത്. ഇതാണ് അവൻ പിതാവിൽനിന്ന് കാണുകയും കേൾക്കുകയും ചെയ്തത്.

## പരിശുദ്ധാത്മാവിനെ കേൾക്കുക

**യോഹന്നാൻ 16:13-15**

**[13]സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും.**

**[14]അവൻ എനിക്കുള്ളതിൽനിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചു തരുന്നതുകൊണ്ട് എന്നെ മഹത്ത്വപ്പെടുത്തും.**

**[15]പിതാവിനുള്ളതൊക്കെയും എനിക്കുള്ളത്; അതുകൊണ്ടത്രേ അവൻ എനിക്കുള്ളതിൽനിന്ന് എടുത്തു നിങ്ങൾക്ക് അറിയിച്ചുതരും എന്ന് ഞാൻ പറഞ്ഞത്.**

യേശുവിന്റെ നാമത്തിൽ പരിശുദ്ധാത്മാവ് ഇവിടെയുണ്ട്. അവൻ നമ്മുടെ ഉള്ളിലാണ്. എല്ലാ സത്യത്തിലേക്കും നമ്മെ നയിക്കുന്നവനും അവനാണ്. യേശു പറയുന്നത് അവൻ സ്വീകരിക്കുകയും അത് നമ്മോട് സംസാരിക്കുകയും ചെയ്യുന്നു. അതിനാൽ, യേശുവിനെ ശരിയായി പ്രതിനിധീകരിക്കണമെങ്കിൽ, ദൈവാത്മാവിനെ കേൾക്കാൻ നാം പഠിക്കണം. അവൻ ക്രിസ്തുവിൻറെ മനസ്സ് നമുക്ക് വെളിപ്പെടുത്തുന്നു (1 കൊരിന്ത്യർ 2:9-16) അതിനാൽ എന്താണ് പറയേണ്ടതെന്നും എന്താണ് ചെയ്യേണ്ടതെന്നും നമുക്കറിയാം, അങ്ങനെ നമുക്ക് യേശുവിനെ കൃത്യമായി പ്രതിനിധീകരിക്കാൻ കഴിയും.

### പ്രതിഫലനം

1) "യേശുവിന്റെ നാമത്തിൽ" പ്രാർത്ഥിക്കുമ്പോഴോ സംസാരിക്കുമ്പോഴോ പ്രവർത്തിക്കുമ്പോഴോ സംഭവിക്കുന്ന വിവിധ ആത്മീയ ചലനാത്മകതയെക്കുറിച്ച് ചിന്തിക്കുക. ഈ വെളിപാട് നിങ്ങൾ പ്രാർത്ഥിക്കുന്ന രീതിയെയും വ്യക്തിപരമായ ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്ന രീതിയെയും ആവശ്യമുള്ള ആളുകളോട് ശുശ്രൂഷിക്കുന്ന രീതിയെയും എങ്ങനെ മാറ്റും?

2) ക്രിസ്തുവിനെ കൃത്യമായി പ്രതിനിധീകരിക്കാൻ, നാം പ്രാർത്ഥിക്കുമ്പോഴോ സംസാരിക്കുമ്പോഴോ പ്രവർത്തിക്കുമ്പോഴോ അവന്റെ നാമത്തിൽ ക്രിസ്തുവിൻറെ മനസ്സ് അറിയേണ്ടതുണ്ട്, എങ്ങനെന്നുവെച്ചാൽ
   - സുവിശേഷങ്ങളിൽ അവനെ സൂക്ഷ്മമായി നിരീക്ഷിക്കുകയും
   - പരിശുദ്ധാത്മാവിനെ ശ്രദ്ധിക്കുകയും.

   ഈ രണ്ട് മേഖലകളിലും സ്വയം വിലയിരുത്തുക.

- സുവിശേഷങ്ങളിൽ നമുക്കായി രേഖപ്പെടുത്തിയിട്ടുള്ള വിവിധ സാഹചര്യങ്ങളോട് യേശു എങ്ങനെ ചിന്തിക്കുകയും പ്രതികരിക്കുകയും ചെയ്തു എന്നതിനെക്കുറിച്ച് നിങ്ങൾക്ക് നല്ല ധാരണയുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
- ദൈനംദിന ജീവിത സാഹചര്യങ്ങളിൽ പരിശുദ്ധാത്മാവിൽ നിന്ന് ചോദിക്കുന്നതിലും കേൾക്കുന്നതിലും ശ്രവിക്കുന്നതിലും നിങ്ങൾക്ക് സൌകര്യമുണ്ടോ (പ്രാവീണ്യം)?

(കൂടുതൽ പഠനത്തിനായി, എ പി സി പുസ്തകങ്ങൾ, **"ദൈവത്തിൻറെ മാർഗ്ഗനിർദ്ദേശം സ്വീകരിക്കൽ", "പരിശുദ്ധാത്മാവിൻറെ സമ്മാനങ്ങൾ", "ഭാഷകളിൽ സംസാരിക്കുന്ന അത്ഭുതകരമായ ആനുകൂല്യങ്ങൾ"** എന്നിവ സൌജന്യ ഡൌൺലോഡുകളായി apcwo.org/books ൽ ലഭ്യമാണ്.)

# 8

# യേശുവിന്റെ നാമത്തിൽ വിശ്വസിക്കുക

യേശുവിന്റെ നാമം ഉപയോഗിക്കുന്നത് ഭാഗ്യത്തിൻറെ ആകർഷണമല്ല, "തുറക്കു സീസേ" പോലെ ഒരു മന്ത്രികവിദ്യ അല്ല, അല്ലെങ്കിൽ ഒരു മന്ത്രം അല്ല, ഒരു ആചാരം അല്ല, അല്ലെങ്കിൽ നല്ല കാര്യങ്ങൾ ചെയ്യാൻ ഉപയോഗിക്കുന്ന ആത്മീയ ആചാരം അല്ല. വെറുതെ ആ നാമം അർത്ഥശൂന്യമായ രീതിയിൽ വ്യർത്ഥമായ ആവർത്തനമായി പറയുന്നത് കർത്താവ് വാഗ്ദാനം ചെയ്ത കാര്യങ്ങൾ കാണാൻ നമ്മെ പ്രാപ്തരാക്കുകയില്ല. ആ നാമം ഫലപ്രദമായ രീതിയിൽ സംസാരിക്കാൻ, നമ്മൾ യേശുക്രിസ്തുവെന്ന വ്യക്തിയിൽ വിശ്വസിക്കുകയും അവന്റെ നാമത്തിൻറെ അധികാരത്തിൽ വിശ്വസിക്കുകയും ചെയ്യണം.

**അവനിൽ വിശ്വസിക്കുക, അവന്റെ നാമത്തിൽ വിശ്വസിക്കുക**

യേശുവിന്റെ നാമത്തിൽ വിശ്വസിക്കാനും യേശുക്രിസ്തു എന്ന വ്യക്തിയിൽ വിശ്വസിക്കാനും നമ്മെ ആഹ്വാനം ചെയ്യുന്ന നിരവധി സ്ഥലങ്ങൾ തിരുവെഴുത്തിലുണ്ട്.

ചിലത് പരിഗണിക്കുക.

**യോഹന്നാൻ 1:12**
**അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.**

**യോഹന്നാൻ 3:18 (യോഹന്നാൻ 20:31; 1 യോഹന്നാൻ 5:13 കൂടെ നോക്കുക)**
**"അവനിൽ വിശ്വസിക്കുന്നവനു ന്യായവിധിയില്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു.**

**യോഹന്നാൻ 6:28,29**
**[28]അവർ അവനോടു ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിന് "ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു."**
**[29]യേശു അവരോട്: "ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ എന്ന് ഉത്തരം പറഞ്ഞു."**

മുൻപുള്ള അധ്യായങ്ങളിൽ നാം കണ്ടെത്തിയതുപോലെ, അവന്റെ നാമത്തിൽ വിശ്വസിക്കുന്നത് ആ വ്യക്തിയിൽ വിശ്വസിക്കുക എന്നതാണ്.

യേശുവിന്റെ നാമത്തിൽ നമുക്ക് വിശ്വാസം ഉണ്ടായിരിക്കണമെങ്കിൽ, ആ നാമം പ്രതിനിധീകരിക്കുന്ന വ്യക്തിയായ യേശുവിനെ നാം അറിയുകയും അതിൽ വിശ്വാസം പുലർത്തുകയും വേണം.

**ആ നാമത്തിൽ ഉള്ള വിശ്വാസത്തോടെ ആ നാമം ഉപയോഗിക്കുക**

വിശ്വാസം യേശുവിന്റെ നാമം ഉപയോഗിക്കുന്നതിനോടൊപ്പം ചേർന്നുവരണം. യേശുവിൻറെ നാമം ഉപയോഗിക്കുമ്പോൾ വിശ്വാസത്തിൻറെ പ്രാധാന്യം നമ്മെ പഠിപ്പിക്കുന്ന ഈ തിരുവെഴുത്തുകൾ പരിഗണിക്കുക.

**മത്തായി 17:19–21**

**[19]പിന്നെ ശിഷ്യന്മാർ സ്വകാര്യമായി യേശുവിന്റെ അടുക്കൽ വന്നു: ഞങ്ങൾക്ക് അതിനെ പുറത്താക്കിക്കൂടാഞ്ഞത് എന്ത് എന്നു ചോദിച്ചു.**
**[20]അവൻ അവരോട്: നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രേ;**
**[21]നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്: ഇവിടെനിന്ന് അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും; നിങ്ങൾക്ക് ഒന്നും അസാധ്യമാകയുമില്ല. [എങ്കിലും പ്രാർഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല] എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.**

രോഗികളെ സുഖപ്പെടുത്തുകയും ഭൂതങ്ങളെ പുറത്താക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് അപ്പൊസ്തലന്മാർ യേശുവിന്റെ നാമത്തിൽ പ്രവർത്തിക്കുകയായിരുന്നുവെന്ന് 5-ാം അധ്യായത്തിൽ നാം നേരത്തെ സ്ഥാപിച്ചിട്ടുണ്ട്. അവർ നല്ല ഫലങ്ങൾ കണ്ടു. എന്നിരുന്നാലും, ഇവിടെ മത്തായി 17-ൽ, ഒരു ബാലനിൽ നിന്ന് ഒരു ഭൂതത്തെ പുറത്താക്കുന്നതിൽ ശിഷ്യന്മാർ പരാജയപ്പെട്ട ഒരു സാഹചര്യമുണ്ട്. മുമ്പ് പലതവണ ചെയ്തതുപോലെ അവർ തീർച്ചയായും യേശുവിന്റെ നാമം ഉപയോഗിച്ചു, എന്നിട്ടും കുട്ടി സ്വതന്ത്രനായില്ല. യേശു പിന്നീട് കുട്ടിയെ മോചിപ്പിച്ചു. എന്തുകൊണ്ടാണ് ഭൂതത്തെ പുറത്താക്കാൻ കഴിയാത്തതെന്ന് ശിഷ്യന്മാർ ചോദിച്ചപ്പോൾ, യേശു ഒരു പ്രധാന പ്രശ്നം ചൂണ്ടിക്കാണിച്ചു—**അവിശ്വാസം.** ഒരു പരിഹാരമെന്ന നിലയിൽ, കടുക് വിത്തിനു തുല്യമായ വിശ്വാസത്തിൻറെ ശക്തി അദ്ദേഹം ചൂണ്ടിക്കാണിച്ചു. യേശുവിന്റെ നാമത്തിൽ നിയുക്ത അധികാരം പ്രയോഗിക്കുന്നതിനൊപ്പം വിശ്വാസവും ഉണ്ടായിരിക്കണം. നമ്മുടെ ഹൃദയങ്ങളിൽ വിശ്വാസം ഉത്ഭവിക്കുന്നതിനും ഇത്തരത്തിലുള്ള ഭൂതങ്ങളെ കൈകാര്യം ചെയ്യുന്നതിനുമായി അവിശ്വാസത്തെ വഴിയിൽ നിന്ന് നീക്കാൻ പ്രാർത്ഥനയും ഉപവാസവും സഹായിക്കുന്നു.

യേശുവിന്റെ നാമത്തിൽ ചുമതലപ്പെടുത്തിയ
അധികാരത്തിന്റെ പ്രയോഗത്തോടൊപ്പം വിശ്വാസം
സംയോജിപ്പിക്കപ്പെടണം.

പത്രോസും യോഹന്നാനും 40 വർഷമായി അംഗവൈകല്യമുള്ള ആ മനുഷ്യനെ ആലയത്തിന്റെ കവാടത്തിൽ പൂർണ്ണമായ സമ്പൂർണ്ണതയിലേക്ക് ഉയർത്തിയപ്പോൾ, ആളുകൾ എല്ലാവരും അത്ഭുതപ്പെട്ടു. ആലയത്തിൽവെച്ച് അവർക്കുള്ള സന്ദേശത്തിൽ പത്രോസ് പറഞ്ഞത് ഇതാണ്.

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 3:16**
**അവന്റെ നാമത്തിലെ വിശ്വാസത്താൽ അവന്റെ നാമംതന്നെ നിങ്ങൾ കാൺകയും അറികയും ചെയ്യുന്ന ഇവൻ ബലം പ്രാപിപ്പാൻ കാരണമായിത്തീർന്നു; അവൻ മുഖാന്തരമുള്ള വിശ്വാസം ഇവന്നു നിങ്ങൾ എല്ലാവരും കാൺകെ ഈ ആരോഗ്യം വരുവാൻ ഹേതുവായിത്തീർന്നു.**

യേശുവിന്റെ നാമവും യേശുവിന്റെ നാമത്തിലുള്ള വിശ്വാസവുമാണ് അംഗവൈകല്യമുള്ള മനുഷ്യനെ സുഖപ്പെടുത്താൻ കാരണമായതെന്ന് പത്രോസ് ചൂണ്ടിക്കാട്ടി. യേശുവിന്റെ നാമം ആ വ്യക്തിയിൽ, യേശു ആരാണെന്നും ഈ സാഹചര്യത്തിൽ അവന് ചെയ്യാൻ കഴിയുന്നതിനേക്കാൾ കൂടുതൽ എന്താണെന്നും വിശ്വാസത്തോടെ സംസാരിക്കണമെന്ന് ഇത് നമ്മോട് ഊന്നിപ്പറയുന്നു.

യാക്കോബിന്റെ ലേഖനത്തിൽ ഇത് ഒരിക്കൽക്കൂടി ആവർത്തിക്കുന്നത് നാം കാണുന്നു.

**യാക്കോബ് 5:14,15**
**14 നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർഥിക്കട്ടെ.**
**15 എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർഥന ദീനക്കാരനെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും.**

**[30]സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുന്നതിനാലും നിന്റെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്താൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുന്നതിനാലും നിന്റെ വചനം പൂർണധൈര്യത്തോടുംകൂടെ പ്രസ്താവിപ്പാൻ നിന്റെ ദാസന്മാർക്കു കൃപ നല്കേണമേ.**
**[31]ഇങ്ങനെ പ്രാർഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു.**
**[33]അപ്പൊസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം പറഞ്ഞുവന്നു; എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരുന്നു.**

യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും അതിശയങ്ങളും ഉണ്ട്. യേശുവിന്റെ നാമത്തിൽ അമാനുഷികവും അസാധാരണവും അപ്രതീക്ഷിതവും അസാധ്യവുമായ കാര്യങ്ങൾ സംഭവിക്കാം. പ്രകൃതി നിയമങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാം. സ്വാഭാവിക മണ്ഡലത്തിലെ വസ്തുക്കൾ—ജീവനുള്ളതും നിർജീവവുമായവ—യേശുവിന്റെ നാമത്തിൻറെ അധികാരത്തിന് വിധേയമാണ്. എല്ലാ വിശ്വാസികൾക്കും യേശുവിന്റെ നാമത്തിൽ

അത്ഭുതങ്ങൾ, അടയാളങ്ങൾ, അതിശയങ്ങൾ എന്നിവയിലേക്ക് പ്രവേശനം ഉണ്ട്.

സാഹചര്യങ്ങൾ, അവസ്ഥകൾ, ഭൗതീക കാര്യങ്ങൾ മുതലായവ യേശുവിന്റെ നാമത്തിൽ നാം പുറപ്പെടുവിക്കുന്ന കൽപ്പനയോട് സ്വാഭാവിക മേഖലയിൽ പ്രതികരിക്കും. തീർച്ചയായും, നമ്മുടെ താൽപ്പര്യങ്ങൾക്കനുസൃതമായി ഇവ നിയന്ത്രിക്കാനും നിർദ്ദേശിക്കാനും നമ്മൾ ക്രമരഹിതമായോ ഏകപക്ഷീയമായോ സംസാരിക്കുന്നില്ല. അത്തരം കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയില്ല. എന്നാൽ നമ്മുടെ സ്വന്തം ജീവിതത്തിലോ മറ്റാരുടെയെങ്കിലും ജീവിതത്തിലോ പിതാവിന്റെ ഇഷ്ടം നടപ്പിലാക്കേണ്ട ആവശ്യമുള്ളപ്പോൾ, നമുക്ക് നമ്മുടെ ഹൃദയങ്ങളിൽ വിശ്വാസത്തോടെ എഴുന്നേറ്റ്, യേശുവിന്റെ നാമത്തിൽ ഒരു കൽപ്പനയോ പ്രാർത്ഥനയോ നടത്താനും അത്ഭുതം സംഭവിക്കാനും കഴിയും. യേശു അത്ഭുതം പ്രവർത്തിക്കുന്നവനാണ്. അവനാണ് അത്ഭുതങ്ങളും അടയാളങ്ങളും അതിശയങ്ങളും പ്രവർത്തിക്കുന്നവൻ. അവിടുത്തെ നാമം ഉപയോഗിച്ചുകൊണ്ട് താൻ ഇവിടെ ഉണ്ടായിരുന്നെങ്കിൽ ചെയ്യുമായിരുന്ന കാര്യങ്ങൾ ചെയ്യാൻ അവൻ നമുക്ക് അധികാരം നൽകിയിട്ടുണ്ട്. ആദ്യകാല സഭ ഇതിനായി പ്രാർത്ഥിച്ചു. യേശുവിന്റെ നാമത്തിൽ നടക്കുന്ന അടയാളങ്ങളും അത്ഭുതങ്ങളും കാണാൻ അവർ ആവശ്യപ്പെട്ടു. അവർ ചെയ്യുകയും ചെയ്തു. ഇനി നമ്മുടെ ഊഴമാണ്!

(24-ാം അധ്യായത്തിന് ശേഷം **പ്രതിഫലനം** നൽകിയിരിക്കുന്നു.)

# 23

# യേശുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുക

**ലൂക്കോസ് 10:17-19**

**[17]ആ എഴുപതു പേർ സന്തോഷത്തോടെ മടങ്ങിവന്നു: "കർത്താവേ, നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്കു കീഴടങ്ങുന്നു എന്നു പറഞ്ഞു;"**
**[18]അവൻ അവരോട്: "സാത്താൻ മിന്നൽപോലെ ആകാശത്തുനിന്നു വീഴുന്നതു ഞാൻ കണ്ടു.**
**[19]പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയും ഇല്ല.**

**മർക്കോസ് 16:17,18**

**[17]വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും;**
**[18]സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെമേൽ കൈ വച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു."**

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 16:16-18**

**[16]ഞങ്ങൾ പ്രാർഥനാസ്ഥലത്തേക്കു ചെല്ലുമ്പോൾ വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞു യജമാനന്മാർക്കു വളരെ ലാഭം വരുത്തുന്ന ഒരു ബാല്യക്കാരത്തി ഞങ്ങളെ എതിരേറ്റു.**
**[17]അവൾ പൗലൊസിന്റെയും ഞങ്ങളുടെയും പിന്നാലെ വന്നു: ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ, രക്ഷാമാർഗം നിങ്ങളോട് അറിയിക്കുന്നവർ എന്നു വിളിച്ചുപറഞ്ഞു.**
**[18]ഇങ്ങനെ അവൾ പലനാൾ ചെയ്തുവന്നു. പൗലൊസ് മുഷിഞ്ഞ് തിരിഞ്ഞുനോക്കി അവളിലുള്ള ഭൂതത്തോട്: അവളെ വിട്ടുപോകുവാൻ ഞാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ നിന്നോടു കല്പിക്കുന്നു എന്നു പറഞ്ഞു. ആ നാഴികയിൽതന്നെ അത് അവളെ വിട്ടുപോയി.**

യേശുവിന്റെ നാമത്തിൽ, ഓരോ വിശ്വാസിക്കും ഭൂതങ്ങളുടെ ("സർപ്പങ്ങളും തേളുകളും") മേലും സാത്താൻറെ എല്ലാ ശക്തികളുടെയും ("അമാനുഷിക ശക്തി" എന്നർത്ഥം വരുന്ന ഗ്രീക്ക് *ഡുനമിസ്*) മേലും അധികാരം ("നിയുക്ത അധികാരം" എന്നർത്ഥം വരുന്ന ഗ്രീക്ക് *എക്സോസിയ*) ഉണ്ട്. ശത്രുവിന്റെ എല്ലാ കഴിവുകളുടെയും മേൽ നമുക്ക് അധികാരമുണ്ട്. തൻറെ നാമത്തിലുള്ള അധികാരം ഉപയോഗിച്ച് പിശാചുക്കളെ പുറത്താക്കാൻ യേശു നമ്മെ നിയോഗിച്ചിട്ടുണ്ട്. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 16-ൽ, ഇത് എങ്ങനെ

ചെയ്യാമെന്നതിൻറെ ഒരു ഉദാഹരണം നാം കാണുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ ദുഷ്ടാത്മാവ് (കൾ) പുറത്തുവരാനോ പോകാനോ അവർ ചെയ്യുന്നത് നിർത്താനോ നാം കൽപ്പിക്കുന്നു. അവർ അനുസരിക്കുകയും ചെയ്യും.

ജീവിതത്തിന്റെ ഏതെങ്കിലും മേഖലയിൽ നമ്മെ ബുദ്ധിമുട്ടിക്കാനോ ഉപദ്രവിക്കാനോ അടിച്ചമർത്താനോ പീഡിപ്പിക്കാനോ ശ്രമിക്കുന്ന ഭൂതങ്ങൾ നമ്മുടെ ജീവിതത്തിൽ ഇടപെടുന്ന സമയങ്ങളുണ്ടാകാം. യേശുക്രിസ്തുവിന്റെ നാമത്തിൽ നിർത്തി പോകാൻ അവരോട് കൽപ്പിച്ചുകൊണ്ട് നാം അവരുടെ പ്രവർത്തനത്തെ കർക്കശമായും ധൈര്യത്തോടെയും ശാസിക്കണം. നാം ദൈവത്തിന് കീഴടങ്ങുകയും പിശാചിനെ ചെറുക്കുകയും ചെയ്യുമ്പോൾ, അവൻ നമ്മിൽ നിന്ന് ഭയന്ന് ഓടിപ്പോകുമെന്ന് തിരുവെഴുത്തുകൾ പറയുന്നു (യാക്കോബ് 4:7). ഏതെങ്കിലും വിധത്തിൽ ദുഷ്ടാത്മാക്കളാൽ ബുദ്ധിമുട്ടുന്ന മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുമ്പോൾ നമ്മളും അങ്ങനെ തന്നെ ചെയ്യുന്നു.

യേശുവിന്റെ നാമത്തിൽ പിശാചുക്കളെ നേരിടുമ്പോൾ ആത്മീയ മണ്ഡലത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് സങ്കൽപ്പിക്കാൻ ശ്രമിക്കുക. ആത്മീയ മണ്ഡലത്തിൽ, നിങ്ങൾ ദൈവത്തിൻറെ അനന്തരാവകാശിയായും ക്രിസ്തുവിൽ കൂട്ടവകാശിയായും ഇരിക്കുന്നു. പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്ന ക്രിസ്തുവിനോടുകൂടെ നിങ്ങൾക്കു നിങ്ങളുടെ പാദങ്ങൾക്കടിയിൽ സാത്താനും എല്ലാ ഭൂതങ്ങളും ഉണ്ട്. നിങ്ങൾ യേശുവിന്റെ രക്തത്താൽ മൂടപ്പെട്ടവരും പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവരുമാണ്. നിങ്ങളുടെ കയ്യിൽ ആത്മാവിന്റെ വാൾ ഉണ്ട്, ദൈവത്തിന്റെ ആയുധവർഗ്ഗം നിങ്ങളെ സംരക്ഷിക്കുന്നു. നിങ്ങളെ സഹായിക്കാൻ നിയോഗിക്കപ്പെട്ട ദൂതന്മാർ നിങ്ങൾക്കുണ്ട്. ഇപ്പോൾ നിങ്ങൾ യേശുവിന്റെ നാമത്തിൽ മുന്നോട്ട് പോകുന്നു. നിങ്ങൾ യേശുവിനെ പ്രതിനിധീകരിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നു, അവന്റെ സ്ഥാനത്ത് പ്രവർത്തിക്കുന്നു, അവൻ അവിടെ ഉണ്ടായിരുന്നെങ്കിൽ അവൻ എന്തു ചെയ്യുമായിരുന്നു അത് പ്രവർത്തിക്കുന്നു. നിങ്ങൾ യേശുവിന്റെ നാമത്തിൽ പ്രഖ്യാപിക്കുമ്പോൾ, യേശു അവിടെയുണ്ട്. പരിശുദ്ധാത്മാവ് അവിടെയുണ്ട്. പിന്നെ നിങ്ങൾ ഭൂതങ്ങളോട് പോകാൻ കൽപ്പിക്കുന്നു. ഭൂതങ്ങൾക്ക് ഒരു അവസരം ഉണ്ടോ? അവർ ധാർഷ്ട്യമുള്ളവരും ചെറുത്തുനിൽക്കാൻ ശ്രമിക്കുന്നവരുമായിരിക്കാം, പക്ഷേ അവർക്ക് അവസരം ലഭിക്കില്ലെന്ന് നിങ്ങൾക്ക് നന്നായി അറിയാം. തീർച്ചയായും

ഇല്ല! യേശുവിന്റെ നാമത്തിൽ, നിങ്ങൾ തടസ്സമില്ലാത്തവരാണ്. അവർ ഓടിപ്പോകണം.

വിശ്വാസിയെ സംബന്ധിച്ചിടത്തോളം, യേശുവിന്റെ നാമത്തിൽ നമ്മുടെ ആത്മീയ അധികാരത്തിൽ നാം അറിയുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഭൂതങ്ങൾ നമ്മെ ഭയപ്പെടുത്തുന്നു. വിശ്വാസികളെന്ന നിലയിൽ, അവരെ പുറത്താക്കിയതിനുള്ള പ്രതികാരമായി ഭൂതങ്ങളാൽ ആക്രമിക്കപ്പെടുമെന്നും കീഴടങ്ങപ്പെടുമെന്നും നമുക്ക് ഭയപ്പെടേണ്ടതില്ല. ഭൂതങ്ങളെ കൈകാര്യം ചെയ്യുന്നതിൽ യേശു വ്യക്തമായി പ്രസ്താവിച്ചു *"ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയും ഇല്ല"* (ലൂക്കോസ് 10:19). അതുതന്നെയാണ് ഈ വിഷയത്തിലെ അന്തിമതീരുമാനം. ഒരു പിശാചിനും നമ്മെ ഉപദ്രവിക്കാൻ കഴിയുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നില്ല. *"ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു; ദൈവത്തിൽനിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല"* (1 യോഹന്നാൻ 5:18).

*"പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻതന്നെ ദൈവപുത്രൻ പ്രത്യക്ഷനായി"* (1 യോഹന്നാൻ 3:8). അതുപോലെ ചെയ്യാൻ യേശു തന്റെ നാമത്തിൽ നമ്മെ അയച്ചിരിക്കുന്നു. ഭൂതങ്ങളുടെമേൽ ധൈര്യപൂർവം അധികാരം ചെലുത്തുകയും യേശുവിന്റെ നാമത്തിൽ അവരുടെ പ്രവൃത്തികൾ നശിപ്പിക്കുകയും ചെയ്യുക.

(24-ാം അധ്യായത്തിന് ശേഷം **പ്രതിഫലനം** നൽകിയിരിക്കുന്നു.)

# 24

# യേശുവിന്റെ നാമത്തിൽ മഹത്തായ പ്രവൃത്തികൾ ചെയ്യുക

**യോഹന്നാൻ 14:11–14**

**11ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിപ്പിൻ; അല്ലെങ്കിൽ പ്രവൃത്തി നിമിത്തം എന്നെ വിശ്വസിപ്പിൻ.**
**12ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും.**
**13നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്ത്വപ്പെടേണ്ടതിനു ഞാൻ ചെയ്തുതരും.**
**14നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നത് ഒക്കെയും ഞാൻ ചെയ്തുതരും.**

പിതാവിന്റെ നാമത്തിൽ താൻ ചെയ്ത അത്ഭുത പ്രവർത്തികൾക്ക് കർത്താവായ യേശു വലിയ പ്രാധാന്യം നൽകി. താൻ യഥാർത്ഥത്തിൽ പിതാവിനാൽ അയക്കപ്പെട്ടവനാണെന്നതിൻറെ തെളിവായി തന്റെ രോഗശാന്തി, രക്ഷ, അടയാളങ്ങൾ, അത്ഭുതങ്ങൾ എന്നിവയുടെ അത്ഭുതപ്രവൃത്തികളെ അദ്ദേഹം ചൂണ്ടിക്കാണിച്ചു. പെന്തക്കോസ്ത് ദിനത്തിൽ ഉദ്ഘാടന പ്രസംഗത്തിൽ പത്രൊസ് പ്രസംഗിച്ചതുപോലെ, *"യിസ്രായേൽപുരുഷന്മാരേ, ഈ വചനം കേട്ടുകൊൾവിൻ. നിങ്ങൾതന്നെ അറിയുംപോലെ ദൈവം അവനെക്കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അദ്ഭുതങ്ങളും അടയാളങ്ങളുംകൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചുതന്ന പുരുഷനായി നസറായനായ യേശുവിനെ—"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:22).

കർത്താവായ യേശു താൻ ചെയ്ത തരത്തിലുള്ള അത്ഭുതങ്ങളും അതിലും വലിയ അത്ഭുതങ്ങളും തന്റെ വിശ്വാസികൾ ചെയ്യുമെന്ന് പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തിന് തൊട്ടുപിന്നാലെ, വിശ്വാസികൾ തന്റെ നാമത്തിൽ ചോദിക്കുന്നതിനെക്കുറിച്ച് അവൻ സംസാരിച്ചു. അവന്റെ നാമം ഉപയോഗിക്കാനുള്ള നമ്മുടെ പദവി വിനിയോഗിക്കുന്നതിലൂടെ, അവൻ ചെയ്ത അത്ഭുതങ്ങളും അതിലും വലിയ അത്ഭുതങ്ങളും നാം ചെയ്യും.

ഇതിലും വലിയ അത്ഭുതങ്ങൾ സൂചിപ്പിക്കുന്നത് ബൈബിളിൽ നമുക്കായി രേഖപ്പെടുത്തിയിട്ടുള്ള അത്ഭുതങ്ങളിൽ മാത്രം നാം ഒതുങ്ങുന്നില്ല എന്നാണ്. ഉദാഹരണത്തിന്, ആളുകളുടെ ശരീരത്തിൽ മെറ്റൽ ഇംപ്ലാന്റുകൾ അപ്രത്യക്ഷമാകുകയോ ആളുകളുടെ ശരീരത്തിൽ നിന്ന് പുറത്തെടുത്ത അവയവങ്ങൾ അവരുടെ ശരീരത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുകയോ ആളുകളുടെ ശരീരത്തിലെ രാസ അസന്തുലിതാവസ്ഥ പുനഃസ്ഥാപിക്കപ്പെടുകയോ ചെയ്തതായി രേഖകളൊന്നുമില്ല. ബൈബിളിൽ സമാനതകളോ തുല്യതകളോ ഇല്ലാത്ത അത്ഭുതങ്ങൾ ഇന്ന് സംഭവിക്കുന്നത് കാണാൻ നാം തയ്യാറായിരിക്കണം എന്നതാണ് കാര്യം. യേശു പറഞ്ഞു, *"വലിയ പ്രവൃത്തികൾ"* (യോഹന്നാൻ 14:12), ഇത് യേശുവിന്റെ നാമത്തിൽ ദൈവം നമ്മിലൂടെ ചെയ്യുന്ന എല്ലാത്തരം അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും വീര്യപ്രവർത്തികളുടെയും ലോകം തുറക്കുന്നു.

നമുക്ക് ധൈര്യമായിരിക്കാം! യേശുവിന്റെ നാമത്തിൽ കൂടുതൽ വലിയ പ്രവൃത്തികൾ ചെയ്യാൻ നമുക്ക് പ്രതീക്ഷിക്കാം! നമുക്ക് കഴിയുമെന്ന് യേശു പറഞ്ഞു!

---

യേശുവിന്റെ നാമത്തിന് അതിന്റെ
ഒരു ശക്തിയും നഷ്ടപ്പെട്ടിട്ടില്ല. യേശുവിന്റെ നാമത്തിൽ
സൗഖ്യങ്ങളും അത്ഭുതങ്ങളും
വീണ്ടെടുപ്പുകളും ഉണ്ട്.
യേശുവിന്റെ നാമത്തിൽ മഹത്തായ
അത്ഭുതങ്ങൾ സംഭവിക്കാം.

---

## പ്രതിഫലനം

ഇത് 20-24 അദ്ധ്യായങ്ങൾക്കുള്ളതാണ്.

1) യേശുവിന്റെ നാമത്തിൽ ഇന്ന് പ്രസംഗിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും പ്രവൃത്തികളുടെ പുസ്തകത്തിലെ അതേ ഫലങ്ങൾ ഉണ്ടായിരിക്കണം, കാരണം യേശുവിന്റെ നാമത്തിന് അതിന്റെ ശക്തിയൊന്നും നഷ്ടപ്പെട്ടിട്ടില്ല. യേശുവിന്റെ നാമത്തിൽ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ കൂടുതൽ അത്ഭുതങ്ങൾ, രോഗശാന്തി, രക്ഷ, അടയാളങ്ങൾ, വീര്യപ്രവർത്തികൾ എന്നിവ കാണാൻ നാം എന്ത് മാറ്റങ്ങൾ വരുത്തണം?

2) ഒരു വിശ്വാസിയെന്ന നിലയിൽ, നിങ്ങൾക്ക് ചുറ്റുമുള്ള ആളുകൾക്ക് അമാനുഷിക രോഗശാന്തി, മോചനം, അത്ഭുതങ്ങൾ എന്നിവ നൽകുന്നതിന് യേശുവിന്റെ നാമത്തിൽ നിങ്ങളുടെ പദവിയും അധികാരവും വിനിയോഗിക്കാൻ കഴിയുന്ന ചില വഴികൾ ഏതൊക്കെയാണ്?

## 25

# യേശുവിന്റെ നാമത്തിന്റെ അനധികൃതമായ ഉപയോഗം

**മത്തായി 7:21-23**

**[21]എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗസ്ഥനായ**
**എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗരാജ്യത്തിൽ കടക്കുന്നത്.**
**[22]കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ**
**ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും**
**ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും.**
**[23]അന്നു ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമം**
**പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തുപറയും.**

**മത്തായി 24:5**

**'ഞാൻ ക്രിസ്തു' എന്നു പറഞ്ഞ് അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും തെറ്റിക്കും.**

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 19:11-20**

**[11]ദൈവം പൗലൊസ് മുഖാന്തരം അസാധാരണമായ വീര്യപ്രവൃത്തികളെ ചെയ്യിക്കയാൽ**
**[12]അവന്റെ മെയ്മേൽ നിന്നു റൂമാലും ഉത്തരീയവും രോഗികളുടെമേൽ കൊണ്ടുവന്നിടുകയും**
**വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മാക്കൾ പുറപ്പെടുകയും ചെയ്തു.**
**[13]എന്നാൽ ദേശാന്തരികളായി നടക്കുന്ന മന്ത്രവാദികളായ ചില യെഹൂദന്മാർ: പൗലൊസ്**
**പ്രസംഗിക്കുന്ന യേശുവിന്റെ നാമത്തിൽ ഞാൻ നിങ്ങളോട് ആണയിടുന്നു എന്നു പറഞ്ഞു**
**യേശുവിന്റെ നാമം ചൊല്ലുവാൻ തുനിഞ്ഞു.**
**[14]ഇങ്ങനെ ചെയ്തവർ മഹാപുരോഹിതനായ സ്കേവാ എന്ന ഒരു യെഹൂദന്റെ ഏഴു പുത്രന്മാർ**
**ആയിരുന്നു.**
**[15]ദുരാത്മാവ് അവരോട്: യേശുവിനെ ഞാൻ അറിയുന്നു; പൗലൊസിനെയും പരിചയമുണ്ട്;**
**എന്നാൽ നിങ്ങൾ ആർ എന്നു ചോദിച്ചു.**
**[16]പിന്നെ ദുരാത്മാവുള്ള മനുഷ്യൻ അവരുടെമേൽ ചാടി അവരെ കീഴടക്കി ജയിക്കയാൽ**
**അവർ നഗ്നരും മുറിവേറ്റവരുമായി ആ വീട്ടിൽനിന്ന് ഓടിപ്പോയി.**
**[17]ഇത് എഫെസൊസിൽ പാർക്കുന്ന സകല യെഹൂദന്മാരും യവനന്മാരും അറിഞ്ഞു;**
**അവർക്കൊക്കെയും ഭയം തട്ടി, കർത്താവായ യേശുവിന്റെ നാമം മഹിമപ്പെട്ടു.**
**[18]വിശ്വസിച്ചവരിൽ അനേകരും വന്നു തങ്ങളുടെ പ്രവൃത്തികളെ ഏറ്റുപറഞ്ഞ് അറിയിച്ചു.**
**[19]ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങളെ കൊണ്ടുവന്ന് എല്ലാവരും**
**കാൺകെ ചുട്ടുകളഞ്ഞു; അവയുടെ വില കണക്കുകൂട്ടിയാറെ അമ്പതിനായിരം വെള്ളിക്കാശ്**
**എന്നു കണ്ടു.**
**[20]ഇങ്ങനെ കർത്താവിന്റെ വചനം ശക്തിയോടെ പരന്നു പ്രബലപ്പെട്ടു.**

തന്റെ പേര് അനധികൃതമായി ഉപയോഗിക്കുന്നതിനെക്കുറിച്ച് കർത്താവായ യേശു മുന്നറിയിപ്പ് നൽകി. ഒന്നാമതായി, ആത്മീയ ശക്തിയുള്ള, എന്നാൽ തെറ്റായ ഉറവിടത്തിൽ നിന്നുള്ള ആളുകളുണ്ട്. വഞ്ചനാപരമായ അടയാളങ്ങളും അത്ഭുതങ്ങളും സൃഷ്ടിക്കാൻ ഭൂതങ്ങൾ അത്തരം ആളുകളെ പ്രാപ്തരാക്കുന്നു (1 തിമൊഥെയൊസ് 4:1; 2 തെസ്സലൊനീക്യർ 2:9; 2 കൊരിന്ത്യർ 11:13-15). ആളുകളെ വഞ്ചിക്കാൻ യേശുവിന്റെ നാമത്തിൽ അവർ ഇത് ചെയ്തേക്കാം (ഒരു വ്യാജരേഖ യഥാർത്ഥ രൂപത്തിന് സമാനമാണെന്ന് ഓർക്കുക). യേശുക്രിസ്തുവിനെ യഥാർത്ഥത്തിൽ മഹത്വപ്പെടുത്തിയിട്ടുണ്ടോ, യേശുക്രിസ്തുവിൽ വ്യക്തിപരമായ വിശ്വാസത്തിലേക്ക് ആളുകളെ കൊണ്ടുവന്നിട്ടുണ്ടോ, ഈ ആളുകൾക്ക് കർത്താവായ യേശുക്രിസ്തുവുമായി യഥാർത്ഥത്തിൽ വ്യക്തിപരമായ ബന്ധമുണ്ടോ, അവർ ദൈവിക ജീവിതശൈലി പിന്തുടരുന്നുണ്ടോ (അനീതി ആചരിക്കുന്നതിന് വിപരീതമായി) എന്നതാണ് യഥാർത്ഥ പരീക്ഷണം. *"അവരുടെ ഫലങ്ങളാൽ നാം അവരെ അറിയും"* (മത്തായി 7:16). രണ്ടാമതായി, സ്കേവായുടെ ഏഴ് പുത്രന്മാരെപ്പോലെ, യേശുവുമായി ബന്ധം പുലർത്താതെ ചില ആനുകൂല്യങ്ങൾ നേടാൻ യേശുവിന്റെ പേര് ഉപയോഗിക്കാൻ ആഗ്രഹിക്കുന്നവർ ഉണ്ട്, അവർക്ക് അങ്ങനെ ചെയ്യാൻ കഴിയില്ല.

വ്യാജന്മാർ ഉണ്ടാകുമെന്ന വസ്തുത നമ്മെ ഭയപ്പെടുത്തരുത്. എന്തെങ്കിലും വലിയ മൂല്യമുള്ളതാണെങ്കിൽ മാത്രമേ നമ്മൾ അത് വ്യാജമായി നിർമ്മിക്കുകയുള്ളൂ. വ്യാജന്മാരെ തിരിച്ചറിയാൻ, നമ്മൾ പൂർണ്ണമായും മുഴുകിയിരിക്കുകയും യഥാർത്ഥവുമായി നന്നായി സംസാരിക്കുകയും വേണം. വ്യാജത്തെ ഭയന്ന് നമ്മൾ യഥാർത്ഥമായത് ഉപേക്ഷിക്കുന്നില്ല. മറിച്ച് നാം സത്യത്തിൽ ഉറച്ചുനിൽക്കുന്നു. യേശുവിൻറെ നാമത്തിൻറെ അധികാരത്തിലും ശക്തിയിലും നാം നടക്കാൻ തുടങ്ങുന്നു. യേശുവുമായുള്ള അടുപ്പത്തിൻറെ സ്ഥാനത്ത് നാം വളരുന്നു, അങ്ങനെ നമുക്ക് അവനിൽ ചേരാനും അവനെ കൃത്യമായി പ്രതിനിധീകരിക്കാനും കഴിയും. നാം നമ്മുടെ ഉദ്ദേശ്യങ്ങൾ സംരക്ഷിക്കുകയും യേശുവിന്റെ പേര് ഉപയോഗിച്ച് വെളിപ്പെടുത്താനും മഹത്വപ്പെടുത്താനും ശ്രമിക്കുകയും ചെയ്യുന്നു.

(29-ാം അധ്യായത്തിന് ശേഷം **പ്രതിഫലനം** നൽകിയിരിക്കുന്നു.)

## 26

# യേശുവിന്റെ നാമത്തിനുവേണ്ടി ഉപദ്രവമേറ്റു

**മത്തായി 10:22**
**എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും; അവസാനത്തോളം സഹിച്ചുനില്ക്കുന്നവനോ രക്ഷിക്കപ്പെടും.**

**ലൂക്കോസ് 21:12,17**
**[12]ഇത് എല്ലാറ്റിനും മുമ്പേ എന്റെ നാമം നിമിത്തം അവർ നിങ്ങളുടെമേൽ കൈവച്ചു രാജാക്കന്മാരുടെയും നാടുവാഴികളുടെയും മുമ്പിൽ കൊണ്ടുപോയി ഉപദ്രവിക്കയും പള്ളികളിലും തടവുകളിലും ഏല്പിക്കയും ചെയ്യും.**
**[17]എന്റെ നാമംനിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും.**

കർത്താവായ യേശു തന്റെ നാമം നിമിത്തം നാം വെറുക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുമെന്ന് മുന്നറിയിപ്പ് നൽകി. നമ്മെ പീഡിപ്പിക്കുന്നവർ തങ്ങൾ മാന്യവും നന്മയുള്ളതുമായ എന്തെങ്കിലും ചെയ്യുന്നുവെന്ന് കരുതും.

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 5:40-42**
**[40]അപ്പൊസ്തലന്മാരെ വരുത്തി അടിപ്പിച്ചു, ഇനി യേശുവിന്റെ നാമത്തിൽ സംസാരിക്കരുത് എന്നു കല്പിച്ച് അവരെ വിട്ടയച്ചു.**
**[41]തിരുനാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചുകൊണ്ടു ന്യായാധിപസംഘത്തിന്റെ മുമ്പിൽനിന്നു പുറപ്പെട്ടുപോയി.**
**[42]പിന്നെ അവർ ദിനംപ്രതി ദൈവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കയും യേശുവിനെ ക്രിസ്തു എന്നു സുവിശേഷിക്കയും ചെയ്തുകൊണ്ടിരുന്നു.**

യേശുവിന്റെ സ്വർഗ്ഗാരോഹണം കഴിഞ്ഞ് അധികം താമസിയാതെ അപ്പൊസ്തലന്മാർ മതനേതാക്കളിൽ നിന്ന് ഭീഷണികളും എതിർപ്പുകളും പീഡനങ്ങളും നേരിടാൻ തുടങ്ങി. എന്നിരുന്നാലും, അവന്റെ നാമത്തിന് വേണ്ടി നാണക്കേട് സഹിക്കുന്നത് ഒരു ബഹുമതിയാണെന്ന് അപ്പൊസ്തലന്മാർ കരുതി. അത്രമാത്രം അവർ കർത്താവായ യേശുവിനെയും അവൻറെ നാമത്തെയും സ്നേഹിച്ചു. ആദ്യകാല സഭ കടുത്ത പീഡനങ്ങൾ നേരിട്ടെങ്കിലും അവർ തങ്ങളുടെ വിശ്വാസത്തിലും യേശുക്രിസ്തുവിനെ സേവിക്കുന്നതും ഭയമില്ലാതെ തുടർന്നു.

ഉദാഹരണത്തിന്, താൻ യെരുശലേമിൽ പോകുമ്പോൾ എന്തു സംഭവിക്കും എന്നതിനെക്കുറിച്ച് വളരെയധികം ഉത്കണ്ഠയുള്ള കൈസര്യയിലെ വിശ്വാസികളോട് സംസാരിച്ചപ്പോൾ പൌലോസ് കർത്താവായ യേശുവിനോടും യേശുവിന്റെ നാമത്തോടും പുലർത്തിയ പ്രതിബദ്ധത പരിഗണിക്കുക. *"അതിനു പൗലൊസ്: നിങ്ങൾ കരഞ്ഞ് എന്റെ ഹൃദയം ഇങ്ങനെ തകർക്കുന്നത് എന്ത്? കർത്താവായ യേശുവിന്റെ നാമത്തിനുവേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല യെരുശലേമിൽ മരിപ്പാനും ഞാൻ ഒരുങ്ങിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 21:13).

നാം കർത്താവായ യേശുവിനെ സ്നേഹിക്കുകയും നമ്മുടെ കർത്താവിന്റെ നാമത്തെച്ചൊല്ലി പീഡനവും പരിഹാസവും സഹിക്കുമ്പോൾ ലജ്ജയില്ലാതെ ഭയമില്ലാതെ അവിടുത്തെ നാമത്തെ സ്നേഹിക്കുകയും ചെയ്യട്ടെ. പീഡിപ്പിക്കപ്പെട്ട വിശ്വാസികളെ അറിയിക്കാൻ അപ്പൊസ്തലനായ പത്രൊസ് ത്തെഴുതി *"ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ; മഹത്ത്വത്തിന്റെ ആത്മാവായ ദൈവാത്മാവു നിങ്ങളുടെമേൽ ആവസിക്കുന്നുവല്ലോ"* (1 പത്രൊസ് 4:14). നാം അവിടുത്തെ നാമത്തിൽ ഉറച്ചുനിൽക്കുകയും പീഡിപ്പിക്കപ്പെടുമ്പോൾ അവനിലും അവിടുത്തെ നാമത്തിലുമുള്ള നമ്മുടെ വിശ്വാസം നിഷേധിക്കാതിരിക്കുകയും ചെയ്യുമ്പോൾ കർത്താവായ യേശു ശ്രദ്ധിക്കുന്നു (വെളിപ്പാട് 2:13; വെളിപ്പാട് 3:8).

(29-ാം അധ്യായത്തിന് ശേഷം **പ്രതിഫലനം** നൽകിയിരിക്കുന്നു.)

# 27
# യേശുവിന്റെ നാമം നിമിത്തമുള്ള ത്യാഗം

**മത്തായി 19:29**
**എന്റെ നാമംനിമിത്തം വീടുകളെയോ സഹോദരന്മാരെയോ സഹോദരികളെയോ അപ്പനെയോ അമ്മയെയോ മക്കളെയോ നിലങ്ങളെയോ വിട്ടുകളഞ്ഞവന് എല്ലാം നൂറു മടങ്ങു ലഭിക്കും; അവൻ നിത്യജീവനെയും അവകാശമാക്കും.**

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 9:16**
**എന്റെ നാമത്തിനുവേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും എന്നു പറഞ്ഞു.**

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 15:25**
**പുരുഷന്മാരെ തിരഞ്ഞെടുത്തു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിനുവേണ്ടി പ്രാണത്യാഗം ചെയ്തവരായ.**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിനായി നാം മനഃപൂർവം ത്യാഗം ചെയ്യാൻ തിരഞ്ഞെടുക്കേണ്ട സമയങ്ങളുണ്ട്. ചിലർ ഭൂമിയിലെ നേട്ടം ഉപേക്ഷിച്ചേക്കാം. ചിലർ ഭൌമിക ബന്ധങ്ങൾ ഉപേക്ഷിച്ചേക്കാം. ചിലർക്ക് കർത്താവ് നൽകിയ ചുമതല നിറവേറ്റാൻ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നേക്കാം. യേശുവിനെ സേവിക്കാൻ ചിലർ തങ്ങളുടെ ജീവൻ അപകടത്തിലാക്കിയേക്കാം. ദൈവരാജ്യത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള വലിയ ഉത്തരവാദിത്തം ചിലർ ഏറ്റെടുത്തേക്കാം. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിനായി നമ്മെ നയിക്കപ്പെടുകയോ, വിളിക്കപ്പെടുകയോ, പ്രേരിപ്പിക്കപ്പെടുകയോ ചെയ്യുന്ന വിവിധങ്ങളായ ത്യാഗങ്ങള് ഉണ്ട്.

ഇതിലെല്ലാം, യേശുവിനോടുള്ള നമ്മുടെ സ്നേഹവും അവന്റെ നാമത്തോടുള്ള സ്നേഹവും നാം സേവിക്കാൻ ദൈവം നമ്മെ വിളിച്ച ആളുകളോടുള്ള സ്നേഹവും നമുക്ക് പ്രചോദനം തരുന്നു. *"ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു; എല്ലാവർക്കുംവേണ്ടി ഒരുവൻ മരിച്ചിരിക്കെ, എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ച് ഉയിർത്തവനായിട്ടുതന്നെ*

*ജീവിക്കേണ്ടതിന് അവൻ എല്ലാവർക്കുംവേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു"* (2 കൊരിന്ത്യർ 5:14,15). നമ്മുടെ ഉദ്ദേശ്യങ്ങൾ ശുദ്ധമായിരിക്കണം. മനുഷ്യർക്ക് മുന്നിൽ ഭക്തിയുള്ളവരായി പ്രത്യക്ഷപ്പെടുന്നതിനോ വ്യാജമായ താഴ്മയിൽ നിന്നോ മനുഷ്യർക്ക് മുന്നിൽ നടിക്കുന്നതിനോ നമ്മൾ ത്യാഗം ചെയ്യുന്നില്ല. ദൈവം നമ്മുടെ ഹൃദയങ്ങൾ കാണുകയും നാം ജീവിക്കുന്ന ജീവിതം കാണുകയും ചെയ്യുന്നു.

അവന്റെ നാമത്തിനുവേണ്ടി നാം ത്യാഗം ചെയ്യുമ്പോൾ, ഈ ജീവിതത്തിൽ നമുക്ക് നൂറിരട്ടി ലഭിക്കുമെന്നും (മർക്കോസ് 10:29,30) വരാനിരിക്കുന്ന ലോകത്തിൽ നാം അനുഗ്രഹിക്കപ്പെടുമെന്നും കർത്താവ് പറഞ്ഞു. ദൈവം ആരുടെയും കടക്കാരനല്ല, ഈ ജീവിതത്തിൽ പണത്തിന് വാങ്ങാൻ കഴിയുന്നതിനേക്കാൾ കൂടുതൽ അവൻ നമുക്ക് നൽകും.

ഓരോരുത്തരും നമ്മുടെ കർത്താവിനാൽ വിളിക്കപ്പെട്ടിരിക്കുന്നതുപോലെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിനുവേണ്ടി ത്യാഗം ചെയ്യുന്നത് നമുക്ക് ശുദ്ധമായ സന്തോഷവും മഹത്തായ പദവിയും ആയി കണക്കാക്കാം.

(29-ാം അധ്യായത്തിന് ശേഷം **പ്രതിഫലനം** നൽകിയിരിക്കുന്നു.)

# 28

# നാം യേശുവിന്റെ നാമം വഹിക്കുന്നു

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 9:15**
**കർത്താവ് അവനോട്: നീ പോക; അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽമക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു.**

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 15:14**
**ദൈവം തന്റെ നാമത്തിനായി ജാതികളിൽനിന്ന് ഒരു ജനത്തെ എടുത്തുകൊൾവാൻ ആദ്യമായിട്ടു കടാക്ഷിച്ചത് ശിമോൻ വിവരിച്ചുവല്ലോ.**

വിശ്വാസികളെന്ന നിലയിൽ, നമുക്ക് അവന്റെ നാമം ഉപയോഗിക്കാനുള്ള പദവിയും അവകാശവും മാത്രമല്ല, അവിടുത്തെ നാമം വഹിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. പഴയനിയമ ഉടമ്പടിയിലെന്നപോലെ, ദൈവം നമ്മെ, പുതിയ നിയമ സഭയെ, *"തന്റെ നാമത്തിനായുള്ള ഒരു ജനത"* എന്ന് വിളിച്ചിട്ടുണ്ട്. നാം ഓരോരുത്തരും അവന്റെ നാമം വഹിക്കുന്നു, യാക്കോബ് പറയുന്നതുപോലെ, *"നിങ്ങളുടെമേൽ വിളിച്ചിരിക്കുന്ന നല്ല നാമത്തെ"* (യാക്കോബ് 2:7). യേശുവിന്റെ അത്ഭുതകരവും മനോഹരവും യോഗ്യവും മാന്യവും ഗംഭീരവുമായ നാമത്താൽ വിശ്വാസികളായ നാം അറിയപ്പെടുന്നു.

**2 തെസ്സലൊനീക്യർ 1:11**
**അതുകൊണ്ടു ഞങ്ങൾ നമ്മുടെ ദൈവത്തിന്റെയും കർത്താവായ യേശുക്രിസ്തുവിന്റെയും കൃപയാൽ നമ്മുടെ കർത്താവായ യേശുവിന്റെ നാമം നിങ്ങളിലും നിങ്ങൾ അവനിലും മഹത്ത്വപ്പെടേണ്ടതിന്.**

നാം ജീവിക്കുന്ന രീതി, നാം പെരുമാറുന്ന രീതി, നമ്മുടെ സംസാരം, നമ്മുടെ പെരുമാറ്റം, നമ്മുടെ സ്വഭാവം, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം മഹത്വപ്പെടത്തക്കവിധം ആയിരിക്കണം. ആളുകൾ നമ്മുടെ ജീവിതം നിരീക്ഷിക്കുകയും യേശുവിന്റെ നാമത്തെ സ്തുതിക്കുകയും വേണം. വിശ്വാസികൾ എന്ന നിലയിൽ നമുക്ക് പാപത്തിൽ ജീവിക്കാനോ ദൈവത്തിന് അനിഷ്ടകരമായ കാര്യങ്ങൾ

ചെയ്യാനോ കഴിയില്ല. തിരുവെഴുത്തിലെ പ്രബോധനം വ്യക്തവും ലളിതവുമാണ്, *"കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ"* (2 തിമൊഥെയൊസ് 2:19).

ഉദാഹരണത്തിന്, നമ്മുടെ ജോലിസ്ഥലങ്ങളിൽ, യേശുവിന്റെ നാമം ആദരിക്കപ്പെടത്തക്കവിധം നാം സ്വയം പെരുമാറണം. പൗലോസ് എഴുതി, *"നുകത്തിൻകീഴിൽ ദാസന്മാരായിരിക്കുന്നവരൊക്കെയും ദൈവനാമവും ഉപദേശവും ദുഷിക്കപ്പെടാതിരിപ്പാൻ തങ്ങളുടെ യജമാനന്മാരെ സകല മാനത്തിനും യോഗ്യന്മാർ എന്ന് എണ്ണേണ്ടതാകുന്നു"* (1 തിമൊഥെയൊസ് 6:1, റ്റി പി റ്റി).

നാം അവന്റെ നാമം വഹിക്കുന്നു എന്നു അറിഞ്ഞുകൊണ്ട് അവനോടുള്ള അഗാധമായ സ്നേഹത്തിൽ നിന്ന് അവന്റെ യോഗ്യവും സമാനതകളില്ലാത്തതുമായ നാമത്തിന് മഹത്വവും ബഹുമാനവും സ്തുതിയും നൽകുന്ന രീതിയിലാണ് നാം ജീവിക്കുന്നത്.

(29-ാം അധ്യായത്തിന് ശേഷം **പ്രതിഫലനം** നൽകിയിരിക്കുന്നു.)

# 29
# യേശുവിന്റെ നാമത്തിൽ ഉത്ബോധിപ്പിക്കുക

**1 കൊരിന്ത്യർ 1:10**
**സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നുതന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു.**

**2 തെസ്സലൊനീക്യർ 3:6**
**സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടു ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നുകൊള്ളേണം എന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോട് ആജ്ഞാപിക്കുന്നു.**

ആത്മീയ നേതൃത്വം നൽകിയ പൗലൊസ് തനിക്ക് ആത്മീകമായി ഉത്തരവാദിത്തമുള്ള വിശ്വാസികളെ കർത്താവായ യേശുവിന്റെ നാമത്തിൽ ശാസിക്കുകയും തിരുത്തുകയും ഉപദേശിക്കുകയും ചെയ്തതായി പുതിയനിയമസഭയിൽ നാം കാണുന്നു. തീർച്ചയായും അവൻ ഇത് സ്നേഹത്തിലാണ് ചെയ്തത്. അവരുടെ നന്മയ്ക്കും അവരുടെ ഉന്നമനത്തിനും വേണ്ടിയാണ് അവൻ ഇത് ചെയ്തത്. പ്രധാനമായി, അവൻ അത് ചെയ്തത് യേശുക്രിസ്തുവിന്റെ നാമത്തിലാണ്, അതായത് സഭയുടെ തലയായ യേശുക്രിസ്തുവിന് പകരമായാണ്. അതിനാൽ പൗലൊസ് വിശ്വാസികളോട് യജമാനന്റെ ഹൃദയം പകർന്നുകൊടുക്കുകയായിരുന്നു. പൗലൊസിന്റെ ആത്മീയ നേതൃത്വത്തിന് കീഴിലുള്ളവർക്ക് ഈ തിരുത്തലോ പ്രബോധനമോ ലഭിച്ചപ്പോൾ, അവർ അത് അർഹിക്കുന്ന ആദരവോടെ നിലനിർത്തണമെന്നും അതിനെ നിസ്സാരമായി കാണരുതെന്നും ഇത് അർത്ഥമാക്കുന്നു. ആത്മീയ നേതൃത്വത്തിലുള്ള നമുക്ക് യേശുവിന്റെ നാമത്തിൽ വിശ്വാസികളെ സ്നേഹപൂർവം ഉപദേശിക്കാനുള്ള ഈ വിശുദ്ധ ഉത്തരവാദിത്തമുണ്ട്.

[**കുറിപ്പ്:** നാം ഇവിടെ ജാഗ്രത പാലിക്കണം, ആത്മീയ അധികാരം പ്രയോഗിക്കുമെന്ന വ്യാജേന യേശുവിന്റെ പേര് ഉപയോഗിച്ച് നമ്മെ

നിയന്ത്രിക്കാനോ കൈകാര്യം ചെയ്യാനോ അധിക്ഷേപിക്കാനോ ഒരു ആത്മീയ നേതാവിനെയും അനുവദിക്കരുത്. ഇത്തരം ദുരുപയോഗം മൂലം നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട് (1 പത്രോസ് 5:2-4).]

---

യേശുവിന്റെ നാമത്തിന് അതിന്റെ
ഒരു ശക്തിയും നഷ്ടപ്പെട്ടിട്ടില്ല. യേശുവിന്റെ നാമത്തിൽ
സൗഖ്യങ്ങളും അത്ഭുതങ്ങളും
വീണ്ടെടുപ്പുകളും ഉണ്ട്.
യേശുവിന്റെ നാമത്തിൽ മഹത്തായ
അത്ഭുതങ്ങൾ സംഭവിക്കാം.

---

## പ്രതിഫലനം

ഇത് 25-29 അദ്ധ്യായങ്ങൾക്കുള്ളതാണ്.

1) കർത്താവായ യേശുവിന്റെ നാമം ഉപയോഗിക്കുകയും എന്നാൽ പൈശാചികമായി ശാക്തീകരിക്കപ്പെടുകയും ചെയ്യുന്ന വ്യാജന്മാരെ സാത്താൻ സൃഷ്ടിക്കുന്നത് എന്തുകൊണ്ടാണെന്ന് ചിന്തിക്കുക. വിശ്വാസികൾ എന്ന നിലയിൽ നമുക്ക് എങ്ങനെ യേശുവിന്റെ പേരിന്റെ അത്തരം വ്യാജ ഉപയോഗങ്ങൾ തിരിച്ചറിയാനും കണ്ടുപിടിക്കാനും കഴിയും?
2) കർത്താവായ യേശുവിന്റെ നാമത്തിന്റെ പേരിൽ നിങ്ങൾ പീഡനം അനുഭവിച്ചിട്ടുണ്ടോ? എങ്ങനെയാണ് നിങ്ങൾ അതിലൂടെ കടന്നുപോയത്? നിങ്ങളുടെ ജീവന് തന്നെ ഭീഷണിയാകുന്ന പീഡനങ്ങൾ നേരിടുമ്പോഴും നിങ്ങൾ ഒരിക്കലും വിശ്വാസം നിഷേധിക്കില്ലെന്നും അവന്റെ നാമം ഒരിക്കലും നിഷേധിക്കില്ലെന്നും നിങ്ങൾ ദൃഢനിശ്ചയത്തിലാണോ?
3) തന്റെ നാമത്തിനുവേണ്ടിയോ തന്റെ രാജത്വത്തിന്റെ പ്രവർത്തനത്തിനുവേണ്ടിയോ ഏതെങ്കിലും വിധത്തിൽ അവനെ സേവിക്കാനോ യാഗങ്ങൾ അർപ്പിക്കാൻ കർത്താവ് നിങ്ങളോട് ആഹ്വാനം ചെയ്തിട്ടുണ്ടോ? എങ്ങനെയാണ് നിങ്ങൾ അതിലൂടെ കടന്നുപോയത്? നിങ്ങൾ യേശുവിനെ അത്രമാത്രം സ്നേഹിക്കുന്നുണ്ടോ, അതിനാൽ തന്റെ നാമത്തിനുവേണ്ടി അവൻ നിങ്ങളെ വിളിക്കുന്ന ഏത് യാഗവും ചെയ്യാൻ നിങ്ങൾ തയ്യാറാണോ?
4) അവന്റെ പേരിൽ അറിയപ്പെടുന്ന ഒരു ജനതയാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. കർത്താവായ യേശുവിനെ ബഹുമാനിക്കുകയും

മഹത്വപ്പെടുത്തുകയും ചെയ്യുന്നുവെന്ന് നിങ്ങൾക്ക് അറിയാവുന്ന മേഖലകൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടോ? നിങ്ങൾ വഹിക്കാൻ വിളിക്കപ്പെട്ട യേശുവിന്റെ നാമത്തെ ബഹുമാനിക്കുകയോ മഹത്വപ്പെടുത്തുകയോ ചെയ്യാത്ത മേഖലകൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടോ? നന്മകൾക്ക് ദൈവത്തിന് നന്ദി പറയാൻ കുറച്ച് സമയം എടുക്കുക, നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലൂടെയും യേശുവിന്റെ പേര് മഹത്വപ്പെടുത്തുന്നതിന് തിന്മകൾ പരിവർത്തനം ചെയ്യാൻ അവനോട് ആവശ്യപ്പെടുക.

5) 3-ാം അധ്യായത്തിൽ വിവരിച്ചിരിക്കുന്ന പഴയ നിയമത്തിലെ ദൈനംദിന ജീവിതത്തിൽ കർത്താവിന്റെ നാമവും പുതിയനിയമത്തിൽ നിങ്ങൾ കണ്ടെത്തിയതെല്ലാം അവലോകനം ചെയ്യുക. (10-29 അധ്യായങ്ങൾ) കർത്താവിന്റെ നാമത്തിന്റെ ഉപയോഗത്തിൽ നിങ്ങൾ നിരീക്ഷിക്കുന്ന സമാനതകൾ എന്തൊക്കെയാണ്?

# 30

# യേശുവിന്റെ നാമം എന്നേക്കും നിലനിൽക്കുന്നു

ബൈബിളിന്റെ അവസാന പുസ്തകമായ വെളിപ്പാട് യേശുക്രിസ്തു നൽകിയ വെളിപ്പാടാണെന്ന് പറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നത്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഒരു അനുഗ്രഹത്തോടെ അത് അവസാനിക്കുന്നു. വെളിപ്പാട് പുസ്തകത്തിലൂടെ, കർത്താവായ യേശുവിനെ പരാമർശിക്കുന്ന നിരവധി പേരുകളും സ്ഥാനപ്പേരുകളും നാം നിരീക്ഷിക്കുന്നു.

- *വിശ്വസ്തസാക്ഷിയും, മരിച്ചവരിൽ ആദ്യജാതനും, അധിപതിയും* (വെളിപ്പാട് 1:5)
- *ആൽഫയും ഓമേഗയും, തുടക്കവും അവസാനവും* (വെളിപ്പാട് 1:8)
- *ആദ്യവും അവസാനവും* (വെളിപ്പാട് 1:11)
- *യെഹൂദാഗോത്രത്തിലെ സിംഹം, ദാവീദിന്റെ വേരുമായവൻ* (വെളിപ്പാട് 5:5)
- *കുഞ്ഞാട്* (വെളിപ്പാട് 5:12)
- *ദൈവവചനം* (വെളിപ്പാട് 19:13)
- *രാജാധിരാജാവ്, കർത്താധികർത്താവ്* (വെളിപ്പാട് 19:16)

കൂടാതെ മറ്റു പലതും...

യേശു തനിക്കായി ഒരു പുതിയ നാമം ഉണ്ടായിരിക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

**വെളിപാട് 3:12**
**ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെനിന്നു പോകയില്ല; എന്റെ ദൈവത്തിന്റെ നാമവും എന്റെ ദൈവത്തിന്റെ പക്കൽനിന്ന്, സ്വർഗത്തിൽനിന്നു തന്നെ, ഇറങ്ങുന്ന പുതിയ യെരുശലേം എന്ന എന്റെ ദൈവത്തിൻ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെമേൽ എഴുതും.**

*"എന്റെ പുതിയ പേര് എന്താണ്?"* ഇതൊരു രഹസ്യമാണ്. അവതാരത്തിന് മുമ്പ് അവനു ഇല്ലാത്തതും അവന്റെ ജനനസമയത്ത് അവനു നൽകപ്പെട്ടതും അവൻ നേടിയ നേട്ടങ്ങൾ കാരണം അവനു നൽകപ്പെട്ടതുമായ യേശുവിന്റെ പേരാണോ ഇത്? ഈ സമയത്ത് തിരുവെഴുത്ത് വെളിപ്പെടുത്താത്ത മറ്റൊരു തലക്കെട്ട് അവനു നൽകപ്പെട്ടുമോ? നമുക്കറിയില്ല. നമുക്ക് ഇത് പറയാൻ കഴിയും-12-ാം വാക്യത്തിൽ (ഗ്രീക്ക് *കൈനോസ്*) ഉപയോഗിച്ചിരിക്കുന്ന "പുതിയത്" എന്ന വാക്ക് സ്വഭാവം, പ്രകൃതം, ഗുണനിലവാരം, പുതുമ എന്നിവയിൽ പുതിയതാണ്, ഇത് "പുതിയത്" (ഗ്രീക്ക് *നിയോസ്*) എന്നതിൽ നിന്ന് വ്യത്യസ്തമാണ്.

അവസാന അധ്യായത്തിൽ "എന്നേക്കുമുള്ള നഗരം" എന്ന പുതിയ ജറുസലേമിലെ, ദൈവത്തിന്റെ എല്ലാ ജനങ്ങളുടെയും നെറ്റിയിൽ അവിടുത്തെ നാമമുണ്ട്. നാം എന്നേക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻറെ ഭാഗമാണെന്നതിന്റെ അടയാളമാണിത്.

**വെളിപ്പാട് 22:1-5**

**[1]വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു.**
**[2]നദിക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്; അതു പന്ത്രണ്ടു വിധം ഫലം കായ്ച്ചു മാസംതോറും അതതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്ക് ഉതകുന്നു.**
**[3]യാതൊരു ശാപവും ഇനി ഉണ്ടാകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും.**
**[4]അവർ അവന്റെ മുഖംകാണും; അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും.**
**[5]ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതുകൊണ്ടു വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്ക് ആവശ്യമില്ല. അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും.**

അവന്റെ നാമം എന്നേക്കും നമ്മിൽ ഉണ്ടായിരിക്കാനുള്ള പദവി നമുക്ക് ലഭിക്കും!

അതുകൊണ്ടു ദൈവവും അവനെ
ഏറ്റവും ഉയർത്തി സകല നാമത്തിനും
മേലായ നാമം നല്കി;
അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ
സ്വർലോകരുടെയും ഭൂലോകരുടെയും
അധോലോകരുടെയും മുഴങ്കാലൊക്കെയും
മടങ്ങുകയും എല്ലാ
നാവും "യേശുക്രിസ്തു കർത്താവ്"
എന്ന് പിതാവായ ദൈവത്തിന്റെ
മഹത്ത്വത്തിനായി ഏറ്റുപറകയും
ചെയ്യേണ്ടിവരും.
ഫിലിപ്പിയർ 2:9-11

ആമേൻ!

## പ്രതിഫലനം

1) നിങ്ങൾ ഈ പുസ്തകം വായിച്ച് പൂർത്തിയാക്കി. നന്നായി ചെയ്തു! ഈ പുസ്തകത്തിലൂടെ സഞ്ചരിക്കുമ്പോൾ യേശുവിന്റെ നാമത്തെക്കുറിച്ച് നിങ്ങൾ കണ്ടെത്തിയ എല്ലാ കാര്യങ്ങളും അവലോകനം ചെയ്യാനും പുനർവിചിന്തനം ചെയ്യാനും ദയവായി സമയം കണ്ടെത്തുക. നിങ്ങളുടെ ആത്മീയ ജീവിതത്തിൽ ഉൾച്ചേർത്ത പ്രധാന പാഠങ്ങൾ എന്തൊക്കെയാണ്? ദൈവത്തോടൊപ്പമുള്ള നിങ്ങളുടെ നടത്തയുടെ സ്ഥിരമായ ഭാഗമായി നിങ്ങൾ സ്വീകരിച്ച ചില സത്യങ്ങൾ ഏതൊക്കെയാണ്?

2) ഒരു വിഷയം പതിവായി അവലോകനം ചെയ്യുമ്പോൾ, നമ്മൾ കാര്യങ്ങൾ കണ്ടെത്തുകയും സത്യത്തിന്റെ പുതിയ വശങ്ങൾ കണ്ടെത്തുകയും കൂടുതൽ വെളിപ്പെടുത്തലുകൾ സ്വീകരിക്കുകയും ഇതിനകം പഠിച്ച കാര്യങ്ങളിൽ ശക്തിപ്പെടുകയും ചെയ്യുന്നു. **"യേശുവിന്റെ മഹത്തായ നാമം"** എന്ന ഈ സത്യം പലപ്പോഴും പുനരവലോകനം ചെയ്യുക. ഈ പുസ്തകം ഉടൻ വീണ്ടും വായിക്കാൻ പദ്ധതിയിടുന്നുവോ. ഇത് നിങ്ങളുടെ കലണ്ടറിൽ ഉൾപ്പെടുത്തുക.

3) അനുഭവിക്കുമ്പോഴാണ് സത്യം ഏറ്റവും നന്നായി പഠിക്കപ്പെടുന്നത്. യേശുവിന്റെ മഹത്തായ നാമത്തിന്റെ ശക്തിയെക്കുറിച്ചുള്ള നിങ്ങളുടെ അനുഭവത്തിൽ വളരുക.

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ്, ദൈവം മനുഷ്യനായി ഈ ഭൂമിയിൽ വന്നു. തന്റെ പേര് യേശു എന്നാണ്. അവൻ തികച്ചും പാപരഹിതമായ ഒരു ജീവിതം നയിച്ചു. ദൈവം ജഡത്തിൽ വന്നതാണ് യേശു എന്നതിനാൽ, താൻ പറഞ്ഞതും ചെയ്തതുമായ എല്ലാ കാര്യങ്ങളും ദൈവത്തെ നമുക്ക് വെളിപ്പെടുത്തി. താൻ പറഞ്ഞ വാക്കുകൾ ദൈവത്തിന്റെ വചനങ്ങളായിരുന്നു. താൻ ചെയ്ത കാര്യങ്ങളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ഭൂമിയിൽ അനേകം അത്ഭുതങ്ങൾ ചെയ്തു. അവൻ രോഗികളെയും കഷ്ടമനുഭവിക്കുന്നവരെയും സൗഖ്യമാക്കി. അവൻ കുരുടർക്ക് കാഴ്ച നൽകി, ബധിരരുടെ ചെവികൾ തുറന്നു, മുടന്തരെ നടത്തി, എല്ലാത്തരം രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തി. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അവൻ വിശന്നവരെ പോഷിപ്പിക്കുകയും, കൊടുങ്കാറ്റിനെ ശാന്തമാക്കുകയും, മറ്റു പല വീര്യപ്രവൃത്തികൾ നടത്തുകയും ചെയ്തു.

**ഈ പ്രവൃത്തികളെല്ലാം നമുക്ക് വെളിപ്പെടുത്തുന്നത് മനുഷ്യർ സുഖമായും, ശുഭമായും, ആരോഗ്യത്തോടെയും, സന്തോഷത്തോടെയും ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന നല്ലവനായ ഒരു ദൈവത്തെയാണ്. ദൈവം ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ആഗ്രഹിക്കുന്നു.**

അങ്ങനെയെങ്കിൽ എന്തിനുവേണ്ടിയാണ് ദൈവം ഒരു മനുഷ്യനാകുവാനും, ഈ ലോകത്തിലേക്കു വരുവാനും തീരുമാനിച്ചത്? എന്തിനു വേണ്ടിയാണ് യേശു വന്നത്?

നാമെല്ലാവരും പാപം ചെയ്ത് നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുൻപാകെ അസ്വീകാര്യമായ കാര്യങ്ങൾ ചെയ്തിരിക്കുന്നു. പാപത്തിനു അതിന്റെ അനന്തരഫലങ്ങളുണ്ട്. പാപം നമുക്കും ദൈവത്തിനുമിടയിൽ മറികടക്കാനാവാത്ത ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്നും വേർപ്പെടുത്തുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിൽ നിന്നും, അർത്ഥവത്തായ ബന്ധം പുലർത്തുന്നതിൽ നിന്നും അത് നമ്മെ തടയുന്നു. അതിനാൽ, നമ്മളിൽ പലരും ഈ ശൂന്യത മറ്റു പല കാര്യങ്ങൾകൊണ്ട് നികത്താൻ ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലം ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണമാണ്. നിത്യമായി ദൈവത്തിൽ നിന്ന് വേർപെട്ട് നരകത്തിൽ കഴിയുന്നതാണ് മരണം.

എന്നാൽ സുവാർത്ത എന്തെന്നാൽ പാപത്തിൽ നിന്ന് മോചിതരാകുവാനും ദൈവത്തിങ്കലേക്ക് യഥാസ്ഥാനപ്പെടുവാനും നമുക്ക് കഴിയും. ബൈബിൾ പറയുന്നു, ***"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ"*** **(റോമർ 6:23).** യേശു ക്രൂശിൽ മരിച്ചപ്പോൾ ലോകത്തിന്റെ മുഴുവൻ പാപത്തിനുമുള്ള മറുവില കൊടുത്തു. മൂന്നു ദിവസത്തിനു ശേഷം താൻ ഉയിർത്തെഴുന്നേറ്റു, തന്നെത്തന്നെ അനേകർക്ക്

ജീവനുള്ളവനായിവെളിപ്പെടുത്തി കൊടുത്തു, എന്നിട്ടവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപോയി.

ദൈവം സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും ദൈവമാണ്. ഒരു വ്യക്തിയും നരകത്തിൽ നഷ്ടമാകുവാൻ താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, മുഴുവൻ മനുഷ്യവർഗ്ഗത്തിനും പാപത്തിൽ നിന്നും, അതിന്റെ ശാശ്വത അനന്തരഫലങ്ങളിൽ നിന്നും സ്വതന്ത്രരാകുവാനുള്ള ഒരു മാർഗ്ഗം പ്രദാനം ചെയ്യുവാനാണ് അവൻ വന്നത്. അവൻ പാപികളെ രക്ഷിക്കുവാനാണ് വന്നത്—എന്നെയും, നിന്നെയും പോലുള്ള മനുഷ്യരെ പാപത്തിൽനിന്നും, നിത്യമരണത്തിൽ നിന്നും വിടുവിക്കുവാനാണ് വന്നത്.

സൗജന്യമായ ഈ പാപക്ഷമ ലഭ്യമാകുവാൻ, നാം ഒരു കാര്യം മാത്രമേ ചെയ്യേണ്ടതുള്ളൂ എന്ന് ബൈബിൾ നമ്മോടു പറയുന്നു—കർത്താവായ യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ചത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുകയും ചെയ്യുക എന്നതാണത്.

***".... അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും"*** **(അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 10:43).**

***"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും"*** **(റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും ലഭിക്കും.

കർത്താവായ യേശുക്രിസ്തുവിലും, ക്രൂശിൽ അവൻ നിങ്ങൾക്കായി നിവർത്തിച്ച കാര്യങ്ങളിലും വിശ്വസിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിനുള്ള ലളിതമായ ഒരു പ്രാർത്ഥനയാണ് ഇനി പറയുന്നത്. യേശു നിങ്ങൾക്കുവേണ്ടി ചെയ്തിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുവാനും, നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശനം മാത്രമാണ്. നിങ്ങളുടെ സ്വന്തം വാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

*പ്രിയ കർത്താവായ യേശുവേ, ക്രൂശിൽ അങ്ങ് എനിക്കായി ചെയ്തതെന്താണെന്നു ഇന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അങ്ങ് എനിക്ക് വേണ്ടി മരിച്ചു, അങ്ങയുടെ വിലയേറിയ രക്തം ചൊരിഞ്ഞു, ഞാൻ ക്ഷമിക്കപ്പെടേണ്ടതിനു വേണ്ടി എന്റെ പാപങ്ങൾക്ക് പിഴ നൽകി. ബൈബിൾ എന്നോട് പറയുന്നത് അങ്ങയിൽ വിശ്വസിക്കുന്ന ഏവരുടെയും പാപങ്ങൾ ക്ഷമിക്കപെടും എന്നാണ്.*

*ഇന്ന്, അങ്ങയിൽ വിശ്വസിക്കുവാനും, ക്രൂശിൽ എനിക്കു വേണ്ടി മരിക്കുകയും മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽക്കുകയും ചെയ്തതിലൂടെ എനിക്കു വേണ്ടി ചെയ്തത് സ്വീകരിക്കുവാനും ഞാൻ തീരുമാനിക്കുന്നു. മറ്റൊരു മനുഷ്യനും എന്നെ രക്ഷിക്കുവാൻ കഴിയില്ലെന്നും, എന്റെ സൽപ്രവൃത്തികളാൽ എന്നെ സ്വയം*

രക്ഷിക്കുവാൻ കഴിയില്ലെന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കുള്ള ക്ഷമ എനിക്കു നേടുവാൻ കഴിയുന്ന ഒന്നല്ല.

അങ്ങ് എനിക്ക് വേണ്ടി മരിച്ചു എന്നും, അങ്ങ് എന്റെ പാപങ്ങൾക്കുള്ള പിഴ കൊടുത്തു എന്നും അങ്ങ് മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നും ഇന്ന് ഞാൻ എന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും വായ് കൊണ്ട് ഏറ്റുപറകയും ചെയ്യുന്നു. അങ്ങയിലുള്ള വിശ്വാസത്താൽ ഞാൻ എന്റെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുന്നു.

നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, അങ്ങയെ കൂടുതൽ അറിയുവാനും അങ്ങയോട് വിശ്വസ്തനാകുവാനും എന്നെ സഹായിക്കണമേ.

ആമേൻ.

# ഓൾ പീപ്പിൾസ് ചർച്ചിനെ കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിലെ ഞങ്ങളുടെ ദർശനം ബാംഗ്ലൂർ നഗരത്തിൽ ഉപ്പും, വെളിച്ചവും ആയിരിക്കുക എന്നതും, നമ്മുടെ രാജ്യത്തോടും മറ്റു രാജ്യങ്ങളോടുമുള്ള ഒരു ശബ്ദമായിരിക്കുക എന്നതുമാണ്.

ഓൾ പീപ്പിൾസ് ചർച്ച് എന്നത് **യേശുവിനെ സ്നേഹിക്കുന്ന, ദൈവവചന കേന്ദ്രീകൃതമായ, പരിശുദ്ധാത്മനിറവുള്ള, ഒരു കുടുംബ** സഭയാണ്. ഇത് ഒരു സജ്ജീകരണ കേന്ദ്രമായും, സുവിശേഷദൗത്യ താവളമായും ആഗോള സേവനത്തിനായും നിലകൊള്ളുന്നു.

• ഒരു **കുടുംബ സഭ** എന്ന നിലയിൽ, ക്രിസ്തു കേന്ദ്രീകൃത കൂട്ടായ്മയുള്ള ഒരു സമൂഹമായി ഞങ്ങൾ ഒരുമിച്ച് വളരുകയും ദൈവസഭയെന്ന നിലയിൽ സ്നേഹത്തിൽ അന്യോന്യം കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു.

• ഒരു **സജ്ജീകരണ കേന്ദ്രം** എന്ന നിലയിൽ, വിജയകരമായി ജീവിക്കുവാനും ക്രിസ്തു സാദൃശ്യത്തിലേക്ക് വളരുവാനും തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശങ്ങൾ നിറവേറ്റുവാനും ഓരോ വിശ്വാസിയെയും നാം ശക്തീകരിക്കുകയും, സജ്ജരാക്കുകയും ചെയ്യുന്നു.

• ഒരു **സുവിശേഷദൗത്യ താവളം** എന്ന നിലയിൽ, ദൈവവചനത്തിലൂടെയും, പരിശുദ്ധാത്മശക്തിയുടെ അസാധാരണ പ്രദർശനങ്ങളിലൂടെയും, യേശു ക്രിസ്തുവിന്റെ പൂർണ്ണ സുവിശേഷത്താൽ നമ്മുടെ നഗരത്തെയും രാഷ്ട്രത്തെയും, മറ്റു രാജ്യങ്ങളെയും അനുഗ്രഹിക്കുന്നതിനുള്ള അർത്ഥവത്തായ ശുശ്രൂഷയിൽ ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നു.

• ആഗോള **സേവനത്തിന്റെ ഭാഗമായി**, ദൈവരാജ്യത്തിനായി തങ്ങളുടെ മേഖലകളെ സ്വാധീനിക്കാൻ കഴിയുന്ന ദൈവഭക്തരായ നേതാക്കന്മാരെയും, പരിശുദ്ധാത്മാവ് നിറഞ്ഞ സഭകളെയും പരിപോഷിപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാദേശികമായും ആഗോളതലത്തിലും സേവിക്കുന്നു.

എപിസി (APC) യിൽ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും പ്രദർശനത്തിലും പൂർണ്ണവും വിട്ടുവീഴ്ചയില്ലാത്തതുമായ ദൈവവചനം അവതരിപ്പിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സർഗ്ഗാത്മക അവതരണങ്ങൾ, ഉജ്ജ്വലമായ വിശ്വാസ സമർത്ഥനം, സമകാലീന ശുശ്രൂഷാരീതികൾ, നൂതന സാങ്കേതികവിദ്യ മുതലായവ, അടയാളങ്ങൾ, അത്ഭുതങ്ങൾ, വീര്യപ്രവർത്തികൾ, പരിശുദ്ധാത്മ വരങ്ങൾ എന്നിവ ഉപയോഗിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വചനം പ്രസ്താവിക്കുക എന്ന ദൈവനിയമിത സമീപനത്തിന് പകരമാവില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. (1 കൊരിന്ത്യർ 2:4,5; എബ്രായർ 2:3,4). ഞങ്ങളുടെ പ്രമേയം യേശുവാണ്, ഞങ്ങളുടെ ഉള്ളടക്കം ദൈവവചനമാണ്, ഞങ്ങളുടെ രീതി പരിശുദ്ധാത്മാവിന്റെ ശക്തിയാണ്, ഞങ്ങളുടെ അഭിനിവേശം ജനങ്ങളാണ്, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുതുല്യമായ പക്വതയാണ്.

ബാംഗ്ലൂർ ആസ്ഥാനമായ ഓൾ പീപ്പിൾസ് ചർച്ചിന്, ഇന്ത്യയിൽ നിരവധിയിടങ്ങളിൽ സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ച് ലൊക്കേഷനുകളുടെ നിലവിലെ പട്ടികയും, ബന്ധപ്പെടേണ്ട വിവരങ്ങളും ലഭിക്കുന്നതിന് ദയവായി **apcwo.org/locations** എന്ന ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **contact@apcwo.org** ലേക്ക് ഇമെയിൽ അയക്കുക.

# സൗജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival
A Real Place Called Heaven
A Time for Every Purpose
Ancient Landmarks
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change
Code of Honor
Divine Favor
Divine Order in the Citywide Church
Don't Compromise Your Calling
Don't Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God's Purpose for Your Life
Giving Birth to the Purposes of God
Gifts of the Holy Spirit
God Is a Good God
God's Word—The Miracle Seed
How to Help Your Pastor
Integrity
Interpreting Scripture
Kingdom Builders
Laying the Axe to the Root
Living Life Without Strife
Marriage and Family
Ministering Healing and Deliverance
Offenses—Don't Take Them
Open Heavens
Our Redemption
Receiving God's Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith
The Conquest of the Mind
The Father's Love
The House of God
The Kingdom of God
The Mighty Name of Jesus
The Night Seasons of Life
The Power of Commitment
The Presence of God
The Redemptive Heart of God
The Refiner's Fire
The Spirit of Wisdom, Revelation and Power
The Wonderful Benefits of Praying in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different
Who We Are in Christ
Women in the Workplace
Work—Its Original Design

പുതിയ പുസ്തകങ്ങൾ പതിവായി പ്രസിദ്ധീകരിക്കുന്നു. PDF, ഓഡിയോ, മറ്റു ഫോർമാറ്റുകളിൽ സൗജന്യ എപിസി ക്രിസ്തീയ പുസ്തകങ്ങൾ ഡൗൺലോഡ് ചെയ്യുവാൻ **apcwo.org/books** സന്ദർശിക്കുക. ഈ പുസ്തകങ്ങളിൽ പലതും ഇതര ഭാഷകളിൽ ലഭ്യമാണ്. സൗജന്യ ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ, പ്രഭാഷണ കുറിപ്പുകൾ, തുടങ്ങിയവക്കായി **apcwo.org/sermons** സന്ദർശിക്കുക.

# ക്രിസലിസ് കൗൺസെലിംഗ്

ജീവിതത്തിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും വ്യക്തികളെ സഹായിക്കുന്നതിനായി ക്രിസലിസ് കൗൺസെലിംഗ് വ്യക്തിഗത കൗൺസെലിംഗ് ലഭ്യമാക്കുന്നു. വിദഗ്ധ പരിശീലനം ലഭിച്ചവരും പരിചയസമ്പന്നരുമായ ക്രിസ്ത്യൻ കൗൺസെലർമാരുടെ ഒരു സംഘമാണ് ക്രിസലിസ് കൗൺസെലിംഗ്

ഞങ്ങളുടെ സേവനങ്ങൾ എല്ലാ പ്രായക്കാർക്കുമുള്ളതാണ്, മാത്രമല്ല ജീവിതത്തിലെ വിവിധങ്ങളായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു.

- **കൗമാരക്കാർ**
- **വ്യക്തിപരമായ പൊരുത്തപ്പെടലുകൾ**
- **ബന്ധങ്ങളിലെ വെല്ലുവിളികൾ**
- **പഠനസംബന്ധിയായ മോശം പ്രകടനം**
- **ജോലി സംബന്ധമായ പ്രശ്നങ്ങൾ**
- **കുടുംബം / ദമ്പതികൾ: വിവാഹത്തിന് മുൻപുള്ള, വിവാഹപരമായ**
- **മാതാപിതാക്കൾ / കുട്ടികൾ / സഹോദരങ്ങൾ / സഹപ്രവർത്തകർ**
- **പെരുമാറ്റ വൈകല്യങ്ങൾ**
- **വ്യക്തിത്വ വൈകല്യങ്ങൾ**
- **മാനസിക / വൈകാരിക പ്രശ്നങ്ങൾ**
- **സമ്മർദ്ദം / മാനസികാഘാതം**
- **മദ്യം / മയക്കുമരുന്ന് ദുരുപയോഗം**
- **ആത്മീയ പ്രശ്നങ്ങൾ**
- **ജീവിത പരിശീലനം**

കൗൺസെലിംഗ് സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്നതും മിതമായ നിരക്കിലുള്ളതുമാണ്.

ഞങ്ങളുടെ പരിശീലനം ലഭിച്ച കൌൺസെലർമാരിൽ ഒരാളുമായി കൂടിക്കാഴ്ച ഷെഡ്യൂൾ ചെയ്യുവാൻ വേണ്ട വിവരങ്ങൾ:

**വെബ്സൈറ്റ്: chrysalislife.org**
**ഫോൺ:** +91-80-25452617 അല്ലെങ്കിൽ ടോൾ ഫ്രീ (ഇന്ത്യയ്ക്ക് അകത്ത്) 1-800-300-00998
**ഇമെയിൽ: counselor@chrysalislife.org**

ക്രിസലിസ് കൗൺസെലിംഗ് ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ചിന്റെ ഒരു ശുശ്രൂഷയാണ്.

# ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളിയാകുക

ഓൾ പീപ്പിൾസ് ചർച്ച് ഒരു പ്രാദേശിക സഭ എന്ന അതിർ വരമ്പുകൾക്ക് അപ്പുറത്ത് ഇന്ത്യയിലുടനീളം, പ്രത്യേകിച്ച ഉത്തരേന്ത്യയിൽ, (1) നേതാക്കന്മാരെ ബലപ്പെടുത്തുക, (2) യുവാക്കളെ ശുശ്രൂഷയ്ക്ക് സജ്ജരാകുക, (3) ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിതെടുക്കുക എന്നീ കാര്യങ്ങളിൽ ശ്രദ്ധചെലുത്തി പ്രവർത്തങ്ങൾ നടത്തി വരുന്നു. യുവജനങ്ങൾക്കായി പ്രത്യേക പരിശീലന സെമിനാറുകളും, 'ക്രിസ്തീയ നേതൃത്വ സംഗമങ്ങളും' വർഷത്തിലുടനീളം നടത്തപ്പെടുന്നു. ഇതിനു പുറമെ, ദൈവവചനത്തിലും പരിശുദ്ധാത്മാവിലും വിശ്വാസികളെ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെ പ്രസിദ്ധീകരണങ്ങളുടെ ആയിരകണക്കിന് പകർപ്പുകൾ ഇംഗ്ലീഷിലും മറ്റു ഇന്ത്യൻ ഭാഷകളിലും സൗജന്യമായി വിതരണം ചെയ്യുന്നു.

ഒരിക്കലായോ പ്രതിമാസമോ ഒരു സംഭാവന അയച്ചുകൊണ്ട് സാമ്പത്തികമായി ഞങ്ങളുടെ സഹകാരിയാകുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാൻ നിങ്ങൾക്കു അയക്കാൻ കഴിയുന്ന ഏതു തുകയും വളരെയധികം വിലപ്പെട്ടതാണ്.

നിങ്ങളുടെ സംഭാവനകൾ "All Peoples Church"—ന്റെ പേരിലുള്ള ചെക്ക്/ ബാങ്ക് ഡ്രാഫ്റ്റ് ആയിട്ട് ഞങ്ങളുടെ ഓഫീസിലെ വിലാസത്തിലേക്ക് അയക്കാം. അല്ലാത്തപക്ഷം, ഞങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉപയോഗിച്ച് ബാങ്ക് ട്രാൻസ്ഫർ വഴി നിങ്ങളുടെ സംഭാവനകൾ നേരിട്ടും അയക്കാം.

**അക്കൗണ്ടിന്റെ പേര്:** All Peoples Church
**അക്കൗണ്ട് നമ്പർ:** 50200068829058
**IFSC കോഡ്:** HDFC0004367
**ബാങ്ക്:** HDFC Bank, 7M/308 80 Ft Rd, HRBR layout, Kalyan Nagar, Bengaluru, Karnataka 560043.

***ദയവായി ശ്രദ്ധിക്കുക:*** *ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യ കേന്ദ്രീകൃതമായ ബാങ്ക് അക്കൗണ്ടിൽ നിന്നും മാത്രമേ സംഭാവനകൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സംഭാവനകൾ നൽകുമ്പോൾ, നിങ്ങളുടെ സംഭാവന ഉപയോഗിക്കപ്പെടേണ്ട പ്രത്യേക എപിസി ശുശ്രൂഷ ഏതെന്നു, ആവശ്യമെങ്കിൽ, നിങ്ങൾക്കു സൂചിപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, ദയവായി* **apcwo.org/give** *സന്ദർശിക്കുക.*

കൂടാതെ, നിങ്ങൾക്കു കഴിയുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ഓർക്കണമേ.

**നിങ്ങൾക്ക് നന്ദി, ദൈവം അനുഗ്രഹിക്കട്ടെ!**

## DOWNLOAD THE FREE APP!

*Search for*

"All Peoples Church Bangalore"
in the App or Google play stores.

Available on the App Store

ANDROID APP ON Google play




*A daily 5-minute video devotional.*
*A daily Bible reading and prayer guide.*
*5-minute Sermon summary.*
*Toolkit with Scriptures on various topics to build faith and information to share the Gospel.*
*Resources with sermons, sermon notes, TV programs, books, music and more.*

*IF YOU LOVE IT, TELL OTHERS ABOUT IT!*

# निःशुल्क ऐप डाउनलोड करें:

ऐप स्टोर या प्ले स्टोर में खोजें
"ऑल पीपुल्स चर्च (APCWO)"/
All Peoples Church Hindi

Available on the App Store

ANDROID APP ON Google Play




*विश्वास को मजबूत करने और सुसमाचार साझा करने के लिए विभिन्न विषयों पर आधारित वचनों के टूलकिट।*
*उपदेशों, टीवी कार्यक्रमों, पुस्तकों, संगीत और बहुत कुछ से भरे संसाधन।*
*अगर आपको यह पसंद आए, तो*
***दूसरों को भी इसके बारे में बताएं!***

# ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ്

apcbiblecollege.org

ഇന്ത്യയിൽ, ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജും ശുശ്രൂഷ പരിശീലന കേന്ദ്രവും ഉപദേശ കൃത്യതയുള്ളതും ബൗദ്ധിക ഉത്തേജനം നൽകുന്നതുമായ വേദപഠനത്തിനൊപ്പം പരിശുദ്ധാത്മാവിന്റെ അമാനുഷിക ശക്തിയിൽ ശുശ്രൂഷിക്കുന്നതിനുമായി ആത്മനിറവോടും, അഭിഷേകത്തോടും കൂടെ പ്രായോഗികപരിചയം ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്യുന്നു. കർത്താവുമായുള്ള ഉറ്റ ബന്ധത്തിൽ നിന്നും ഉരുത്തിരിയുന്ന ദൈവീക സ്വഭാവം, ദൈവവചനത്തിൽ ആഴത്തിലുള്ള അടിസ്ഥാനം, അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, വിടുതലുകളുടെയും ശക്തമായ പ്രകടനങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുക്കുന്ന ശുശ്രൂഷയ്ക്കായി വ്യക്തികളെ ആകമാനമായി വളർത്തിയെടുക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജിൽ (എ.പി.സി.-ബി.സി), കൃത്യതയുള്ള അദ്ധ്യയനത്തിനൊപ്പം, ദൈവസ്നേഹത്തിന്റെ പ്രദർശനങ്ങൾക്കും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും, സാന്നിധ്യത്തിനും, ദൈവത്തിന്റെ അമാനുഷിക പ്രവൃത്തികൾക്കും ഊന്നൽ നൽകുന്നു. ദൈവീക വിളി ലഭിച്ച നിരവധി യുവാക്കളെയും, യുവതികളെയും അത് നിറവേറ്റുന്നതിനായി പരിശീലിപ്പിച്ച് അയച്ചുകൊണ്ടിരിക്കുന്നു.

ഞങ്ങൾ മൂന്ന് പ്രോഗ്രാമുകൾ നൽകുന്നു.

- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് (C.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും രണ്ട് വർഷത്തെ ഡിപ്ലോമ കോഴ്സ് (Dip.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും മൂന്ന് വർഷത്തെ ബാച്ച്ലേർസ് കോഴ്സ് (B.Th.)

ഓരോ പ്രവൃത്തിദിവസവും, **തിങ്കൾ മുതൽ വെള്ളി വരെ, ഇന്ത്യൻ സമയം രാവിലെ 9:00 മുതൽ ഉച്ചയ്ക്ക് 12:00 വരെ (UTC+5:30)** ക്ലാസുകൾ നടക്കുന്നു. ഞങ്ങൾ മൂന്ന് വ്യത്യസ്ത പഠന രീതികൾ നൽകുന്നു.

- **കാമ്പസിൽ:** ക്യാമ്പസിൽ നേരിട്ടുള്ള ക്ലാസുകൾ നടത്തുന്നു.
- **വിദൂര പഠനം:** ഓൺലൈനിൽ തത്സമയം പഠിപ്പിക്കുന്നു.
- **ഇ-ലേണിംഗ്:** ഓൺലൈൻ പോർട്ടലിലൂടെ സ്വയം പഠിക്കുവാനുള്ള അവസരമൊരുക്കുന്നു **apcbiblecollege.org/elearn.**

ഓൺലൈനായി അപേക്ഷിക്കുന്നതിനും, കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, ട്യൂഷൻ ചെലവുകൾ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും ദയവായി **apcbiblecollege.org** സന്ദർശിക്കുക.

യേശുവിന്റെ മഹത്തായ നാമത്തെ വിളിച്ചപേക്ഷിക്കാനും സംസാരിക്കാനും ഉപയോഗിക്കാനും ഉള്ള അത്ഭുതകരമായ പദവി ഓരോ വിശ്വാസിക്കും ലഭിച്ചിട്ടുണ്ട്. യേശുവിൻറെ ശിഷ്യന്മാരും ആദ്യകാല സഭയിലെ വിശ്വാസികളും യേശുവിന്റെ നാമത്തിന്റെ ഉപയോഗത്തിലൂടെ തങ്ങൾക്കുള്ള അധികാരം മനസ്സിലാക്കുകയും അവർ അതിൽ നടക്കുകയും ചെയ്തു.

യേശുവിന്റെ നാമത്തിന്റെ ശക്തി വീണ്ടും കണ്ടെത്താൻ വിശ്വാസികളെ സഹായിക്കാനും ദൈനംദിന ജീവിതത്തിൽ ആ നാമത്തിന്റെ ശക്തിയിൽ എങ്ങനെ നടക്കാമെന്ന് പഠിപ്പിക്കാനും ഈ പുസ്തകം ശ്രമിക്കുന്നു. യേശുവിന്റെ നാമത്തിന്റെ ശക്തിയിൽ നടക്കാൻ പഠിക്കുമ്പോൾ നമുക്ക് അധികാരത്തിലും ആധിപത്യത്തിലും പൂർണ്ണ സമാധാനത്തിലും ദൈവത്തിൻറെ എല്ലാ കരുതലുകളിലും നടക്കാം.

**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org